# കാടരികുപഞ്ചായത്തുകളെ ശാക്തീകരിക്കുക: കേരളത്തിൽ ചുരുങ്ങിക്കൊണ്ടിരിക്കുന്ന മനുഷ്യവന്യജീവി ഇടസ്ഥലത്തിന്റെ പ്രശ്നത്തെക്കുറിച്ചുള്ള നയപുനരാലോചന

തദ്ദേശ സ്വയംഭരണസ്ഥാപന ഗവേഷണ യൂണിറ്റ്
(Research Unit on Local Self Government)
സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്
തിരുവനന്തപുരം

# കാടരികുപഞ്ചായത്തുകളെ ശാക്തീകരിക്കുക: കേരളത്തിൽ ചുരുങ്ങിക്കൊണ്ടിരിക്കുന്ന മനുഷ്യവന്യജീവി ഇടസ്ഥലത്തിന്റെ പ്രശ്നത്തെക്കുറിച്ചുള്ള നയപുനരാലോചന

തദ്ദേശ സ്വയംഭരണ സ്ഥാപന ഗവേഷണയൂണിറ്റ്
(Research Unit on Local Self Government)
സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്
തിരുവനന്തപുരം

**ജനുവരി** 2022

**കാടരികുപഞ്ചായത്തുകളെ ശാക്തീകരിക്കുക: കേരളത്തിൽ ചുരുങ്ങിക്കൊണ്ടിരിക്കുന്ന മനുഷ്യ വന്യജീവി ഇടസ്ഥലത്തിന്റെ പ്രശ്നത്തെക്കുറിച്ചുള്ള നയപുനരാലോചന**

**കൃതജ്ഞത**

തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ തദ്ദേശ സ്വയംഭരണ സ്ഥാപന ഗവേഷണയൂണിറ്റ് (Research Unit on Local Self-Government) തയ്യാറാക്കിയ നാലാമത്തെ നയനിർദ്ദേശ രേഖയാണിത് (policy advocacy note). ഇതിനു മുൻപ് ഞങ്ങൾ പ്രസിദ്ധീകരിച്ച മറ്റ് മൂന്നെണ്ണത്തെയും പോലെ, ഈ അന്വേഷണത്തിലും മനുഷ്യവന്യജീവി സംഘർഷമെന്ന പ്രശ്നം സ്പർശിക്കുന്ന എല്ലാ കക്ഷികളുമായും വ്യവസ്ഥാനുസൃതമായ സംഭാഷണങ്ങളിലൂടെ നയം വികസിപ്പിക്കാനുള്ള ശ്രമമാണ്. കൂടാതെ, വികേന്ദ്രീകൃത ഭരണത്തിന്റെ ആദ്യ ഘട്ടങ്ങളിൽ അഭിപ്രായങ്ങൾ പങ്കുവെക്കാനോ സാന്നിദ്ധ്യം അറിയിക്കാനോ കഴിയാതെ പോയ പല പൗരജനവിഭാഗങ്ങളും സർക്കാരും തമ്മിൽ ആശയവിനിമയം സാധ്യമാക്കാനുമുള്ള ശ്രമം കൂടിയാണ് ഇതിലൂടെ നടത്തിയിരിക്കുന്നത്. ഈ പ്രബന്ധം ആസൂത്രണം ചെയ്തതും ഇതിനാവശ്യമായ ഗവേഷണം നടത്തിയതും ജെ.ദേവികയും ചിത്തിര വിജയകുമാറും ചേർന്നാണെങ്കിലും, ഈ നയസംവാദത്തിൽ പങ്കെടുത്ത എല്ലാവരും ഈ പ്രബന്ധത്തിന്റെ രചയിതാക്കൾ തന്നെ. മഹാമാരിയുടെ സാഹചര്യത്തിൽ ഈ നയരേഖ 2020ൽ തന്നെ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പക്ഷേ ഇതിൽ ഭാഗവാക്കായ ഓരോരുത്തരും കാണിച്ച താൽപര്യവും അവർ നൽകിയ സമയവും ഏറെ പ്രോത്സാഹനജനകമായിരുന്നു. കേരളത്തിലെ കാടരികു പഞ്ചായത്തുകളിൽ നിന്നുള്ള ഇരുപത്തിയൊന്ന് പഞ്ചായത്ത് അദ്ധ്യക്ഷർ, വനം വകുപ്പിലെ നിരവധി ഉദ്യോഗസ്ഥർ, ഗവേഷകർ, വന്യജീവി-പരിസ്ഥിതി പ്രവർത്തകർ, നഗരപ്രദേശങ്ങളിലെ മൃഗസംരക്ഷണ ഗ്രൂപ്പുകളുടെ പ്രവർത്തകർ, കാടരികുകളിലെ കർഷക സമൂഹങ്ങളുടെയും സംഘടനകളുടെയും പ്രതിനിധികൾ എന്നിവരുമായ നടത്തിയ ദീർഘ അഭിമുഖങ്ങളുടെ ഉൾക്കാഴ്ചകളാണ് ഈ നയരേഖയുടെ കാതൽ. ഡോ. ടി വി സജീവ്, അനിത എസ്, ഡോ. മീര ഉമ്മൻ, ഡോ. എസ് ഫൈസി, രാധാ ഗോപാലൻ, ജെയിംസ് സക്കറിയാസ്, ലത ഇന്ദിര, സി ആർ ബിജോയ്, തോമസ് കളപ്പുര, ജോസ് മാത്യു, ടോമി മാത്യു വി, ഉഷ എസ്, ബേബി കുര്യൻ, തുടങ്ങിയവരുടെ അറിവുകളും പരിചയവും ഞങ്ങൾക്ക് ഏറെ സഹായകമായി. എല്ലാവർക്കും നന്ദി.

ഈ ഗവേഷണ യൂണിറ്റ് തയ്യാറാക്കിയ മറ്റു നയനിർദ്ദേശരേഖകൾ ഇവിടെ കാണാം:
https://cds.edu/publications/rulsg-publications/advocacy-note-lobby-note/

## സംഗ്രഹം


മനുഷ്യരും വന്യജീവികളും തമ്മിലുള്ള ഇടസ്ഥലം അപകടകരമാംവിധം കുറഞ്ഞതു മൂലം വർദ്ധിച്ചു കൊണ്ടിരിക്കുന്ന, പ്രത്യേകിച്ച് കേരളത്തിന്റെ വനാതിർത്തികളിൽ രൂക്ഷമായി കൊണ്ടിരിക്കുന്ന, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നയനിർമാതാക്കളുടെ അടിയന്തരശ്രദ്ധ ആവശ്യപ്പെടുന്ന പ്രശ്നമാണ്. കേരളീയരുടെ ഉപജീവനമാർഗങ്ങളെയും ആരോഗ്യത്തെയും പ്രാദേശിക ഭക്ഷ്യസുരക്ഷയെയുമെല്ലാം ഇത് ഗുരുതരമായി ബാധിക്കുന്നുണ്ട്. മനുഷ്യ-വന്യജീവി ഇടസ്ഥലം (human-wildlife interface) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, *മനുഷ്യ-മനുഷ്യേതരജീവനെ ഒരേസമയം പരസ്പരം വേർതിരിക്കുന്നതും, എന്നാൽ അവയുടെ കൂടിക്കാഴ്ചയും ഇടപഴകലും നിർണയിക്കുന്നതുമായ ഇടം എന്നാണ്.* ഈ ഇടം ചുരുങ്ങിക്കൊണ്ടേയിരിക്കുന്നുവെന്നത് ഇന്നത്തെ യാഥാർത്ഥ്യം മാത്രമാണ്. മനുഷ്യ-മനുഷ്യേതര ഇടപെടൽ കൂടുതൽ നേരിട്ടുള്ളതും തീവ്രവുമാകുന്നു എന്ന സൂചനയാണ് ഇന്ന് പൊതുവെ. ഇരുഭാഗവും പരസ്പരം ഭീഷണിയായും കാണുന്നുമുണ്ട്. കാടരികുകളിലുള്ള ജനസമൂഹത്തിന്റെ താല്പര്യങ്ങൾ വന്യജീവികൾക്കെതിരെ ഉള്ളവയാണെന്നു ചിലർ പറയുന്നു, തിരിച്ച്, വന്യജീവികൾ മനുഷ്യർക്ക് കാര്യമായ ഭീഷണിയാണെന്നു മറ്റു ചിലർ അവകാശപ്പെടുന്നു. ഒരിക്കലും ചേരാത്തവിധം പരസ്പരം പോരടിക്കുന്ന ദ്വന്ദ്വചിന്താരീതികളെ ഒഴിവാക്കിക്കൊണ്ട് ഈ പ്രശ്നത്തെ സമീപിക്കാനാണ് ഈ നയസംവാദത്തിലൂടെ ഞങ്ങൾ ശ്രമിക്കുന്നത്. ഒപ്പം, കാടരികുകളിലുള്ള പഞ്ചായത്തുകളിൽ പ്രാദേശിക ജനാധിപത്യത്തെ ശാക്തീകരിക്കാനും, അതിലൂടെ പ്രശ്നപരിഹാരത്തിനായി പ്രശ്നബാധിതസമൂഹങ്ങളെ സർക്കാർ ഏജൻസികളുമായി സജീവമായും തുല്യമായും പ്രവർത്തിക്കാൻ പ്രാപ്തരാക്കാനുമുള്ള അന്വേഷണങ്ങളാണ് ഇതിലൂടെ നടത്തുന്നത്. മനുഷ്യ-വന്യജീവിസംഘട്ടനങ്ങൾ കാടരികുകളിലോ ഗ്രാമപ്രദേശങ്ങളിലോ മാത്രം ഒതുങ്ങുന്ന വിഷയമല്ല എന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട് പരിഗണനാചട്ടക്കൂട് വിപുലീകരിക്കാനും ഇതിലൂടെ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. ഈ പ്രശ്നത്തെ നേരിടാൻ നഗരപ്രദേശങ്ങൾ ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളെയും ചുമതലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതായുണ്ട്.

**ആമുഖം**

കഴിഞ്ഞ മുപ്പത് വർഷങ്ങളായി, കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും പാരിസ്ഥിതിക പ്രശ്നങ്ങൾ വർദ്ധിച്ച് വരുന്നതായാണ് കാണപ്പെടുന്നത്. സാമൂഹിക-സാമ്പത്തികനയങ്ങളുടെ ചട്ടക്കൂടുകളിൽ മാറ്റം വരുത്തി, എത്രയും പെട്ടെന്ന് പ്രശ്നത്തെ അഭിസംബോധന ചെയ്യുന്നതിന് പകരം, പ്രസ്തുതവിഷയത്തിന്മേലുള്ള താല്പര്യം അധികാരിവൃത്തങ്ങളിൽ കുറഞ്ഞുവരുന്ന പ്രവണതയാണ് കേരളത്തിലുള്ളത്. അനിയന്ത്രിതവും ദ്രുതഗതിയിലുള്ളതുമായ നഗരവത്കരണം, പ്രകൃതിവിഭവങ്ങളുടെ അമിതചൂഷണം (ആഗോള കാലാവസ്ഥാവ്യതിയാനത്തിനും പ്രാദേശികഘടകങ്ങൾക്കും പുറമേ) തുടങ്ങി പ്രകൃതിയുടെ മേൽ വർദ്ധിച്ചുവരുന്ന മനുഷ്യ ഇടപെടൽ കേരളത്തിന്റെ ഗ്രാമീണ ഉപജീവനമാർഗങ്ങൾ മുതൽ പൊതുജനാരോഗ്യം വരെയുള്ള സുപ്രധാനഘടകങ്ങളെയൊക്കെയും ബാധിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടുന്ന നിരവധി ശാസ്ത്ര-സാമൂഹികശാസ്ത്ര ഗവേഷണപഠനങ്ങൾ ഇന്നുണ്ട്.

കേരളമാതൃകാവികസനത്തെപ്പറ്റി 1990കളിൽ ഉണ്ടായ വിലയിരുത്തലുകൾ പലപ്പോഴും അവകാശപ്പെടുന്നത് ആ വികസന മാതൃക 'പ്രയോഗത്തിലുള്ളതിൽ വെച്ച്, സുസ്ഥിര വികസനമെന്ന ആശയത്തോട് ഏറ്റവും അടുത്ത് നിൽക്കുന്ന' ഒന്നാണെന്നാണ് (Parayil 1996:953). എന്നാൽ ഈ പ്രതീക്ഷവാദം കാലക്രമേണ ഇല്ലാതായി: പാരിസ്ഥിതിക-അസന്തുലിത ഹരിതവിപ്ലവസാങ്കേതികവിദ്യകളോട് കേരളത്തിന്റെ ഭൂപ്രകൃതിക്കുള്ള സ്വാഭാവികപ്രതിരോധം, കൃത്യമായി ലഭിക്കുന്ന മഴ എന്നിവ കാരണം പരിസ്ഥിതിനാശം കേരളത്തിൽ പ്രകടമാകുന്നത് കുറവായിരിക്കുമെന്നും എന്നാൽ ഇതിന്റെ അർത്ഥം പ്രകൃതിനാശം ഉണ്ടായിട്ടില്ല എന്നല്ല എന്ന ഉൾക്കാഴ്ച്ച് ക്രമേണ കൂടുതൽ സ്വീകാര്യത കിട്ടിത്തുടങ്ങി (Veron 2000). ഇക്കാര്യം ഊന്നിപ്പറഞ്ഞ Rene Veron, മുൻദശകങ്ങളിലുണ്ടായിരുന്ന വനനശീകരണത്തിന് പുറമെ നെൽവയൽനികത്തൽ, രാസവസ്തുക്കളെ ആശ്രയിക്കുന്ന കൃഷി, വായുമലിനീകരണം, ജലമലിനീകരണം, വർദ്ധിച്ചുവരുന്ന നഗരവത്കരണത്തിൽ നിന്നുള്ള അജൈവ മാലിന്യങ്ങളുടെ വർദ്ധനവ് തുടങ്ങി 1990കളിൽ ഉയർന്നുവന്ന പ്രശ്നങ്ങളെയും ചൂണ്ടിക്കാണിക്കുന്നു (ibid). എന്നാൽ ഈ കാലയളവിൽ കേരളം കടുത്ത പാരിസ്ഥിതികപ്രതിസന്ധികൾ അഭിമുഖീകരിക്കാത്തതിനാൽ

'സുസ്ഥിര വികസനത്തിന്റെ ആശയപരമായ മാനദണ്ഡങ്ങൾ ഇതുവരെ കേരളത്തിൽ ഒരു പൊതുസാംസ്കാരിക മൂല്യമായി മാറിയിട്ടില്ല' എന്ന് 2001ൽ Veron മറ്റൊരിടത്ത് രേഖപ്പെടുത്തിയിട്ടുണ്ട് (Veron 2001:19).

എന്നാൽ, ഈ അഭിപ്രായം മാറിത്തുടങ്ങിയിരുന്നു. ഉദാഹരണത്തിന്, കേരളത്തിലെ ജനങ്ങൾ പരിസ്ഥിതിസംരക്ഷണം ആവശ്യപ്പെടുന്നുണ്ടെന്നും, പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യാൻ ആഗോളവത്കരണത്തിന്റെ ദല്ലാളുകൾക്ക് വിട്ടുകൊടുക്കാൻ ഉൽസാഹം കാണിക്കുന്ന സർക്കാർ അവരെ അവഗണിക്കുകയാണെന്നും Ramakrishnan Korakandy (2000) ആ കാലത്തു തന്നെ വാദിച്ചിരുന്നു; പരിസ്ഥിതിവിജ്ഞാനശാസ്ത്രത്തിൽ ഒരു പുതിയ വീക്ഷണം അനിവാര്യമാണെന്ന് ഈ ലേഖനം അന്നേ ചൂണ്ടിക്കാണിച്ചിരുന്നു. 1990കളുടെ അവസാനത്തോടെ വികസനപഠനഗവേഷണത്തിൽ ഈ ആശങ്കകൾ കൂടുതൽ പ്രത്യക്ഷപ്പെടാനും, കൂടുതൽ ശക്തിപ്രാപിക്കാനും തുടങ്ങി (ഉദാഹരണത്തിന്, Narayanan 2003).

പത്ത് വർഷങ്ങൾക്ക് ശേഷം, സർക്കാർ ഈ പ്രശ്നത്തെ തിരിച്ചറിഞ്ഞു തുടങ്ങിയെന്നത് വ്യക്തമാണ്. 2009ലെ കേരള സംസ്ഥാന പരിസ്ഥിതി നയത്തിൽ വനനഷ്ടം, വനനശീകരണം, കണ്ടൽക്കാട് ആവാസവ്യവസ്ഥകളുടെ നഷ്ടം, തീരദേശ ആവാസവ്യവസ്ഥ നേരിടുന്ന ഭീഷണി, മണൽവാരലിലും കളിമണ്ണ്ഖനനത്തിലുമുണ്ടായ വർദ്ധനവ്, ശുദ്ധജലത്തിന്റെയും സമുദ്രജീവികളുടെയും മേലുള്ള അമിതമായ ചൂഷണം, നെൽവയൽനികത്തൽ, നദികളുടെ ശോഷണം, ജലദൗർലഭ്യത, കൃഷിഭൂമിയിലെ ഉൽപാദനക്ഷമതാനഷ്ടം, വായു, ജലം, മണ്ണ് എന്നിവയിൽ വർദ്ധിച്ചു വരുന്ന മലിനീകരണം, വ്യാവസായിക, ഇലക്ട്രോണിക് മാലിന്യങ്ങൾ, സംസ്കരിക്കാത്ത മാലിന്യഭീഷണി, ത്വരിതഗതിയിലുള്ള നഗരവത്കരണം എന്നിവ സംസ്ഥാനം നേരിടുന്ന പാരിസ്ഥിതികപ്രതിസന്ധിയുടെ പ്രധാനവശങ്ങളായി പട്ടികപ്പെടുത്തിയിട്ടുണ്ട്. അടുത്തകാലത്ത് തയാറാക്കിയ കേരള സംസ്ഥാന കാലാവസ്ഥാവ്യതിയാന കർമ്മപദ്ധതി (2014) പാരിസ്ഥിതിക പ്രതിസന്ധികളെ കൂടുതൽ വ്യക്തമായി അംഗീകരിക്കുന്ന ഒന്നാണ്. 1990കൾക്ക് ശേഷം, കേരളം നിരവധി കേന്ദ്രസർക്കാർ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഉദാഹരണത്തിന്, മുനിസിപ്പൽ ഖരമാലിന്യ (നിയന്ത്രണം കൈകാര്യം

ചെയ്യൽ) ചട്ടങ്ങൾ 2000; ജൈവ വൈവിധ്യ നിയമം 2002, ജൈവ വൈവിധ്യ ചട്ടങ്ങൾ 2004; കേരള നദീതീരസംരക്ഷണവും മണൽഖനനനിയന്ത്രണ നിയമവും 2001. നിരവധി പ്രത്യേക ആസൂത്രണ സമിതികളും നിയുക്ത സംഘങ്ങളും ഈ വിഷയത്തിൽ ഉണ്ടായിട്ടുണ്ട് -- പരിസ്ഥിതി സംരക്ഷണ പരിപാടി ആസൂത്രണ സമിതി (EPPPC); പരിസ്ഥിതി സംരക്ഷണ നിയുക്ത സംഘം; കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്; കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (രണ്ടും കേന്ദ്ര സർക്കാർ നിയമങ്ങളാൽ നിർബന്ധിതമാണ്) എന്നിവ പരിസ്ഥിതിയും അനുബന്ധ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിന് ഏർപ്പെടുത്തിയവയാണ്.

അതുവരെ പിന്തുടർന്നുവന്ന സമീപനങ്ങളിൽ നിന്നുമുള്ള ഒരു മാറ്റമായി ഇതിനെ കാണാം. പരിസ്ഥിതിയോടുള്ള സവിശേഷമായ ഒരു സമീപനമാണ് 1990കളിലെ പഞ്ചായത്തീരാജ് അടയാളപ്പെടുത്തിയത്. തദ്ദേശപരിസ്ഥിതിയെക്കുറിച്ച് പ്രത്യേകമായ ഒരു ധാരണ അതിൽ അന്തർലീനമായിരുന്നു. ഉപയോഗയോഗ്യവും കാര്യക്ഷമമായി സംരക്ഷിക്കാവുന്നതും പുനരുപയോഗിക്കാവുന്നതുമായ പ്രകൃതി വിഭവങ്ങളുടെ ഒരു കൂട്ടമെന്ന നിലയിൽ തദ്ദേശപരിസ്ഥിതിയെ മനസിലാക്കി തദ്ദേശസ്വഭാവമുള്ളതും സുസ്ഥിരവുമായ വികസനത്തിനാണ് അത് ഊന്നൽ നൽകിയത്. പ്രാദേശിക ഭരണകൂടങ്ങളിലേക്ക് കൈമാറ്റപ്പെട്ട പല ധർമ്മങ്ങളും പരിസ്ഥിതിസംബന്ധമായ പ്രസക്തിയേറിയവയായിരുന്നു: കൃഷി, ഭൂമിയുടെ മെച്ചപ്പെടുത്തലും, സംരക്ഷണവും ഏകീകരണവും, ചെറുകിട ജലസേചനം, തണ്ണീർത്തട വികസനം, ജലപരിപാലനം, സാമൂഹികവും കാർഷികവുമായ വനസംരക്ഷണം, കുടിവെള്ളം, പാരമ്പര്യേതര ഊർജ്ജം, ആരോഗ്യം, ഖരമാലിന്യസംസ്കരണം, ശുചിത്വം എന്നിവ. 1990കളിലെ ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടം മുതൽ കേരളത്തിലെ പ്രാദേശികഭരണകൂടങ്ങൾ, പ്രകൃതിവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിച്ചു. 1990കളിൽ തദ്ദേശസ്ഥാപനങ്ങൾ നടത്താനിരുന്ന ആസൂത്രണ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് വിഭവ ഭൂപടം നിർമ്മാണം ഉൾപ്പെട്ടിരുന്നു- 1990ൽ സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് എന്നിവ സംയുക്തമായി നടത്തിയ ഒരു പരിപാടിയായിരുന്നു ഇത്, പരീക്ഷണാടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത 25 പഞ്ചായത്തുകളിലാണ് ആദ്യമായി ചെയ്തത്. പിന്നീട്, കേരള സർക്കാർ ഇതിന് ഔദ്യോഗിക അംഗീകാരം

നൽകുകയും, 1991 മുതൽ അഞ്ച് വർഷത്തിനുള്ളിൽ ഇത് എല്ലാ ഗ്രാമപഞ്ചായത്തുകളും നടപ്പാക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. തുടക്കത്തിൽ ശാസ്ത്രസാഹിത്യപരിഷത് സന്നദ്ധപ്രവർത്തകർ നേതൃത്വം നൽകിയ പ്രവർത്തനങ്ങൾക്ക് 1992ന് ശേഷം പ്രാദേശിക സിവിൽസമൂഹ സംഘടനകളുടെ സഹായത്തോടെ പഞ്ചായത്തുകൾ നേതൃത്വം നൽകാനുള്ള നിർദ്ദേശമുണ്ടായി (Chattopadhyay et al 1999: 3-4).

എന്നാൽ ഈ പ്രവത്തനങ്ങളിൽ പാരിസ്ഥിതിക വിഷയങ്ങൾക്ക് ഊന്നൽ കുറവായിരുന്നു എന്നത് മാത്രമല്ല, പഞ്ചായത്തുകളെ 'പ്രാദേശിക പ്രകൃതിവിഭവങ്ങൾക്കുമേൽ കൂടുതലായി ആശ്രയിക്കുന്നതിലും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ' പ്രാപ്തരാക്കുക എന്നുള്ളതായിരുന്നു അവയുടെ കേന്ദ്രലക്ഷ്യം (ibid 80). പരിസ്ഥിതി സംരക്ഷണം സാധ്യമാക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ടും (1994) കേരള മുൻസിപ്പാലിറ്റി ആക്ടും (1994) പരിസ്ഥിതി മലിനീകരണവും ദ്രോഹങ്ങളും നിയന്ത്രണം/തടയൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾക്ക് ഗണ്യമായ അധികാരം നൽകി; പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ഇന്ത്യൻ സർക്കാർ നടപ്പിലാക്കിയ നിരവധി പ്രധാന നയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രധാന റോളുകൾ വിഭാവനം ചെയ്തു. 1990കളിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട വികസന പദ്ധതി ഉണ്ടാകുകയും ജിയോഹൈഡ്രോളജിക്കൽ യൂണിറ്റുകളെ അടിസ്ഥാനമാക്കി വികേന്ദ്രീകൃത ആസൂത്രണം അവതരിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ തദ്ദേശസർക്കാരുകൾ അവയ്ക്കു ലഭിച്ച അധികാരങ്ങൾ അപൂർവമായി മാത്രമേ ഉപയോഗിച്ചുള്ളൂ: ഉദാഹരണത്തിന്, ദേശീയ വനനയത്തിൽ (1988) കാടരികുകളിലുള്ള പഞ്ചായത്തുകൾക്കായി വിഭാവനം ചെയ്തിട്ടുള്ള പങ്കാളിത്ത സംരംഭങ്ങൾ മിക്കപ്പോഴും കൈകാര്യം ചെയ്യുന്നത് വനം വകുപ്പാണ്, പഞ്ചായത്തുകളല്ല. കൂടാതെ, നഗരസഭാസ്ഥാപനങ്ങളുടെ ഖരമാലിന്യസംസ്കരണ-രീതികളെക്കുറിച്ചുള്ള പ്രതിഷേധങ്ങൾ 1990കളിൽതന്നെ ഉയർന്നു വന്നിരുന്നു-ഉദാഹരണത്തിന്, തൃശ്ശൂർ നഗരസഭയുടെ മാലിന്യനിക്ഷേപത്തിനെതിരെ ലാലൂരിൽ നടന്ന പ്രതിഷേധം. പക്ഷേ അവിടെയും തദ്ദേശഭരണാധികാരികൾ തങ്ങളിൽ നിക്ഷിപ്തമായിരുന്ന അധികാരങ്ങളെ കാര്യമായി വിനിയോഗിച്ചില്ല. ചുരുക്കത്തിൽ, പ്രാദേശികതല വികസനത്തിനായി പ്രാദേശിക പ്രകൃതിവിഭവങ്ങൾ സമാഹരിക്കുന്നതിലും സുസ്ഥിരമായി

ഉപയോഗിക്കുന്നതിലുമായിരുന്നു തദ്ദേശഭരണത്തിലെ പരിസ്ഥിതിവാദത്തിന്റെ ഊന്നൽ. പഞ്ചായത്ത് വിഭവ ഭൂപട നിർമ്മാണം അതിനുള്ള ഉപകരണമായിരുന്നു. അത് അഭിസംബോധന ചെയ്ത പ്രശ്നങ്ങൾ ഇന്ന് കേരളത്തിൽ കാണപ്പെട്ടു തുടങ്ങിയിരിക്കുന്ന പാരിസ്ഥിതികപ്രതിസന്ധികളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു.

എന്നിരുന്നാലും, ഈ പ്രശ്നങ്ങൾ ദൈനംദിനപരിസ്ഥിതി നിയന്ത്രണത്തെപോലും ബാധിക്കാൻ തുടങ്ങിയപ്പോൾ, ഉദാഹരണത്തിന്, ഖരമാലിന്യപ്രശ്നം ഗുരുതരമായപ്പോൾ, അവയെ നേരിടാനായി തദ്ദേശസ്ഥാപനങ്ങളെ സജ്ജമാക്കാനുള്ള ശ്രമങ്ങളുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിതമായതിന് ശേഷം, സമ്പൂർണ ശുചിത്വ-ആരോഗ്യമിഷൻ (1999) നടത്തിയ സമ്പൂർണ ശുചിത്വ ക്യാംപെയിനിലൂടെയും, 2002ൽ സ്ഥാപിതമായ ക്ളീൻ കേരളാ മിഷനിലൂടെയും, പിന്നീട് (ഈ രണ്ട് മിഷനുകളെയും ഏകീകരിച്ച് ഉണ്ടാക്കിയ) ശുചിത്വമിഷനിലൂടെയും (2008) തദ്ദേശസർക്കാരുകളെ തങ്ങളുടെ പരിസ്ഥിതിസംബന്ധമായ ഉത്തരവാദിത്വങ്ങളുടെ നിർവഹണത്തിന് സജ്ജമാക്കുന്ന പ്രവർത്തനങ്ങൾ നടന്നു. ഈ പരിശ്രമം ചില വിജയങ്ങൾ കണ്ടു: ഉദാഹരണത്തിന്, 2016ൽ കേരളത്തിലെ ഗ്രാമങ്ങൾ വെളിയിടവിസർജനവിമുക്തമായി പ്രഖ്യാപിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടുകൾ (കോർപറേറ്റ് സാമൂഹിക ഉത്തരവാദ ഫണ്ടുകൾ) സമാഹരിച്ച് ശുചിത്വമിഷൻ നടത്തിയ ശ്രമങ്ങളിലൂടെയാണ് ഇത് സാധ്യമായത് (https://www.keralacm.gov.in/open-defecation-free/ 14 സെപ്തംബർ 2020ൽ ലഭിച്ച വിവരങ്ങൾ). എന്നിരുന്നാലും, കേരളത്തിലെ നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന ഖരമാലിന്യപ്രശ്നം പരിഹരിക്കുന്നതിൽ ഈ ദൗത്യങ്ങൾ, പ്രത്യേകിച്ചും നഗരപ്രാന്തപ്രദേശങ്ങളിൽ സ്ഥാപിച്ച ഖരമാലിന്യസംസ്കരണ പ്ലാൻറുകൾ, പരാജയപ്പെട്ടതിനെക്കുറിച്ച് ഗവേഷണപഠനങ്ങൾ പ്രതിപാദിക്കുന്നുണ്ട് (ഉദാഹരണത്തിന്, സുബൈർ 2018). മാലിന്യനിക്ഷേപത്തിനെതിരെ ജനകീയസമരങ്ങൾ ഉണ്ടാകുകയും അവ ശക്തിപ്പെടുകയും ചെയ്തത് 1990കളിലും അതിന് ശേഷവും ഉള്ള വർഷങ്ങളിലായിരുന്നുവെന്നതിൽ അതിശയിക്കാനില്ല. പലപ്പോഴും ഈ ജനകീയസമരങ്ങൾ നഗരസഭകൾക്കെതിരെയായിരുന്നു. 2010-12 കാലങ്ങളിൽ തിരുവനന്തപുരത്ത്

വിളപ്പിൽശാലയിലും, 1960കളിൽ ആരംഭിച്ച് എന്നാൽ 1990കളിലും ശേഷവും തൃശ്ശൂർ ലാലൂരിലും, 2012ൽ തലശ്ശേരിയിലെ പെട്ടിപ്പാലത്തും നടന്ന ജനകീയസമരങ്ങൾ അവയിൽ ചിലതാണ്.

പൊതുവെ, പുതിയ സഹസ്രാബ്ദത്തിൽ, കേരളത്തിലെ പരിസ്ഥിതിയെ ബാധിക്കുന്നതോ പരിസ്ഥിതിയുമായി ബന്ധപ്പെട്ടതോ ആയ നയങ്ങളൊക്കെ വളരെ നിരാശാജനകമായ ആന്തരിക വൈരുദ്ധ്യങ്ങളാൽ പ്രതിസന്ധിയിലാകാറുണ്ട്. പഞ്ചായത്തീരാജ് സംവിധാനങ്ങൾ വഴി തദ്ദേശസ്വയംഭരണം സാധ്യമാകുകയും, നാം തദ്ദേശ ജനാധിപത്യമെന്ന സങ്കല്പത്തിൽ അടിയുറച്ചു നിൽക്കുകയും ചെയ്തിട്ടുണ്ടെങ്കിൽക്കൂടി ഇപ്പോൾ ഊന്നൽനൽകുന്നതൊക്കെ സവിശേഷമായ പ്രശ്നങ്ങൾക്കുള്ള - സവിശേഷമായ മാർഗങ്ങളടങ്ങുന്ന- 'പ്രത്യേക ദൗത്യ'ങ്ങൾക്കാണ് - മിഷനുകളുടെ എണ്ണം വർദ്ധിക്കുന്നു. അതുപോലെ, 2009ലെ സംസ്ഥാന പരിസ്ഥിതി നയം പഞ്ചായത്ത് വിഭവ ഭൂപട നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് മാറി പാരിസ്ഥിതികപ്രതിസന്ധിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും കേവലം സുസ്ഥിരവികസന ചർച്ചകൾക്കപ്പുറം പോവുകയും ചെയ്യുന്നു. പക്ഷേ ഇവ ഉപഭോഗാധിഷ്ഠിതമായ മുഖ്യധാരാ നഗരവത്കരണ ജീവിതത്തിന്റെ ആവശ്യങ്ങളെയാണ് ഉന്നംവച്ചത് (ഉദാഹരണത്തിന് ഖരമാലിന്യ സംസ്കരണം). അതേസമയം ഗ്രാമപ്രദേശങ്ങളിൽ വിഭവങ്ങൾ ആപത്കരമായ തോതിൽ ചൂഷണം ചെയ്യപ്പെടുന്നത് അധികം ശ്രദ്ധിക്കപ്പെട്ടില്ല.

ഉദാഹരണത്തിന്, 2016ൽ സ്ഥാപിതമായ ഹരിത മിഷൻ -- ജലക്ഷാമം, മാലിന്യങ്ങളുടെ കുമിഞ്ഞുകൂടൽ എന്നിവയ്ക്ക് പരിഹാരമുണ്ടാക്കാനും, സുരക്ഷിതഭക്ഷണത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാനുമായി രൂപപ്പെടുത്തിയ മിഷനാണ്. ഈ പ്രവർത്തനം ഒരുവശത്തുകൂടി നടക്കവേ തന്നെയാണ് കടുത്ത പ്രകൃതിചൂഷണം കേരളത്തിൽ നടന്നത്. 2018 മുതൽ കാലവർഷത്തിൽ ഉണ്ടായിട്ടുള്ള വിനാശകരമായ ഉരുൾപൊട്ടലുകൾക്ക് ശേഷവും പാറഖനനവും മറ്റ് പ്രകൃതിവിഭവചൂഷണങ്ങളും തടസമില്ലാതെ തുടരുകയാണ് (Sajeev and Alex 2017). സാധാരണക്കാർക്കിടയിലും വിദഗ്ധർക്കിടയിലും വ്യാപകമായ ആശങ്കകൾ നിലനിൽക്കുമ്പോഴും ഖനനത്തിന് കേരള സർക്കാരിൽ നിന്നും അടുത്തിടെ കൂടുതൽ അനുമതി ലഭിക്കുകയുണ്ടായി. (The Hindu 2019). 2018, 2019, 2020 വർഷങ്ങളിലെ വിനാശകരമായ വെള്ളപ്പൊക്കത്തിന് ശേഷവും പരിസ്ഥിതി കവർച്ചയ്ക്കെതിരായ സുരക്ഷാ മുൻകരുതലുകൾ

കൂടുതൽ ശക്തിപ്പെടുത്താതെ അവയിൽ അയവ് വരുത്താനാണ് പ്രവണത (Pillai 2018; onmanorama 2020; The Hindu 2019a; Shaji 2020). പാരിസ്ഥിതിക സുരക്ഷയോട് കാണിക്കുന്ന അലംഭാവം സംസ്ഥാനസർക്കാർ നയങ്ങളുടെ സ്വഭാവവിശേഷമായി തോന്നുമെങ്കിലും, തദ്ദേശ സർക്കാരുകളുടെ തലത്തിലും കാര്യങ്ങൾ മോശമാണ്. പരിസ്ഥിതിയെ ചുറ്റിപ്പറ്റിയുള്ള നയരൂപീകരണം, ദൈനംദിനപരിസ്ഥിതി മാനേജ്മെന്റ്, ദുരന്ത നിവാരണം, ജൈവവൈവിധ്യ മാപ്പിംഗ് എന്നിവ തന്നെ നിലവിൽ പരിമിതമായ ജനപങ്കാളിത്തത്തോടെയും മേലധികാര ശ്രേണികൾ പൂർണമായി നിയന്ത്രിക്കുന്ന വെറും സാങ്കേതിക അഭ്യാസങ്ങളായി മാറുന്നു. എന്നാൽ, ചില വിജയഗാഥകളും ഇതിനിടയിൽ ഉണ്ടായിട്ടുണ്ട്. വ്യാപകവും സുസജ്ജവുമായ ജനപങ്കാളിത്തത്തോടെ നടത്തിയ മാലിന്യ നിർമ്മാർജ്ജനത്തിന്റെ ആലപ്പുഴ മാതൃക അവയിൽ ഒരു ഉദാഹരണമാണ്. പക്ഷേ ഇത്തരം മാതൃകകൾ പൊതുസംവാദങ്ങളിൽ അസാധാരണമായി അവഗണിക്കപ്പെടുന്നു (സുബൈർ, 2018).

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ നിക്ഷിപ്ത താൽപര്യങ്ങൾക്ക് അനുകൂലമായും ദീർഘകാല പാരിസ്ഥിതിക സുരക്ഷയ്ക്കെതിരായും സർക്കാർ നടത്തുന്ന നിയമലംഘനങ്ങളും നിലപാടുകളിലെ വ്യതിചലനങ്ങളും നിരവധിയാണ്[1]. നവലിബറൽ മുതലാളിത്ത വളർച്ചയുമായി വേർതിരിച്ചറിയാൻ പറ്റാത്ത തലത്തിലുള്ള സർക്കാരിന്റെ വികസനധാരണകളും ആഗോളമൂലധന നിക്ഷേപങ്ങളോടുള്ള അഭിനിവേശവുമാണ് ('സ്മാർട്ട് സിറ്റികൾ' കൊച്ചിയിലെ ഏറ്റവും പുതിയ 'ഗിഫ്റ്റ് സിറ്റി' വരെയുള്ള വിവിധതരം സിറ്റികൾ) ഈ പ്രവണതയുടെ പ്രധാന പ്രേരകങ്ങളെന്നതിൽ സംശയിക്കാനില്ല. (https://www.thehindu.com/news/national/kerala/gidt-city-proposal-approved/article32457498.ece,accessed 14 September 2020). എങ്ങനെയായാലും, ഖനനം പോലുള്ള തീവ്രവിഭവചൂഷണപ്രവർത്തനങ്ങളെ ആശ്രയിക്കുന്നതു മൂലവും മലയാളികളുടെ ആഡംബരഗൃഹനിർമ്മാണശൈലിയുമെല്ലാം ഈ നിയമലംഘനങ്ങൾക്ക് വഴിയൊരുക്കുന്നു. കുറച്ചു വർഷങ്ങളായി സമുദ്രപരിസ്ഥിതിയ്ക്കും നദികൾക്കും വിനാശമുണ്ടാക്കുന്ന തുറമുഖ നിർമാണപ്രവർത്തനങ്ങൾ (വിഴിഞ്ഞത്തെ) മുതൽ

[1] അത്തരം ലംഘനങ്ങളുടെ ലിസ്റ്റിന് കാണുക, https://www.ecologise.in/2016/04/07/a-green-development-manifesto-for-kerala/ (accessed 11 August 2020) ലിസ്റ്റ് അപൂർണ്ണം

അനിയന്ത്രിതമായി മുളച്ചു പൊന്തുന്ന പാറമടകൾ വരെയുള്ള പ്രകൃതിനാശ പദ്ധതികൾക്ക് അനുമതി വളരെ എളുപ്പമായിക്കൊണ്ടിരിക്കുകയാണ്.

പുതിയ നൂറ്റാണ്ടിൽ പാരിസ്ഥിതികതകർച്ചയുടെ പ്രതികൂലഫലങ്ങൾ കൂടുതൽ പ്രകടമാണ്-പ്രത്യേകിച്ച് പക്ഷിപ്പനി, ചിക്കൻഗുനിയ, എലിപ്പനി, ഡെങ്കിപ്പനി, മലേറിയ, നിപ എന്നീ പുതിയ രോഗവാഹകരായ പകർച്ച വ്യാധികളിലൂടെ(Kuriakose et al 2018; Vijayakumar et al 2010). 1990ന് ശേഷം കേരളത്തിൽ സ്വീകരിച്ച പ്രത്യേക നഗരവത്കരണഭൂപഘടനയുമായി ഇവയെ വ്യക്തമായി ബന്ധിപ്പിക്കുന്ന ഗവേഷണപഠനങ്ങൾ ഇന്നുണ്ട്- പ്രത്യേകിച്ചും ഭൂവിനിയോഗത്തിലുണ്ടായ മാറ്റം, അനുചിതമായ മാലിന്യ നിർമാർജ്ജനം, ജലാശയങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും മലിനീകരണവും നികത്തലും, വികസിപ്പിച്ച കെട്ടിടസാന്ദ്രമായ ഇടങ്ങളിൽ നിന്നും ഉയരുന്ന താപനില, വനഭൂമിയുടെ നാശം എന്നിവ (ഉദാഹരണത്തിന്, Sheela et al 2017; Kumar 2005; Kumar 2018).

വനനശീകരണവും കാലാവസ്ഥാവ്യതിയാനവും മനുഷ്യ-വന്യജീവികൾ തമ്മിലുള്ള ഇടസ്ഥലത്തെ ചുരുക്കിക്കളഞ്ഞു. കാടരികുപ്രദേശങ്ങളിൽ വന്യജീവികളുടെ മൂലമുണ്ടായിരുന്ന കൃഷിനാശം, ആളപായം, പാർപ്പിടനഷ്ടം മുതലായവ മുൻകാലങ്ങളിൽത്തന്നെ ഉണ്ടായിരുന്നെങ്കിലും അവ ഇപ്പോൾ തീവ്രമായിരിക്കുന്നു (Rohini et al 2016; Easa and Sankar 2001). സംസ്ഥാനത്തുടനീളം ഇപ്പോൾ ജലക്ഷാമം പതിവാണ് (Kelkar-Khambete 2015); വായു, ജല മലിനീകരണവും വ്യാപകമായിക്കൊണ്ടിരിക്കുന്നു. കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതവും പ്രവചനാതീതമായ കാലാവസ്ഥയും തീരപ്രദേശങ്ങളിലും മലനാടിലും ഒരുപോലെ നാശം വിതക്കുന്നു.

തദ്ദേശഉപയോഗത്തിനുള്ള പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗണ്യമായ അധികാരങ്ങളുണ്ടായിരുന്ന 1990കളിൽ നിന്ന് വ്യത്യസ്തമായി, (ഉദാഹരണത്തിന്, പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി നടത്തിയ മലിനീകരണത്തിനും ഭൂഗർഭജലചൂഷണത്തിനും എതിരെയും ഏലൂരിലെ ശക്തമായ രാസവ്യവസായത്തിനെതിരെയും തദ്ദേശ പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിനായി

പഞ്ചായത്തുകളുടെ മുൻകൈയിൽ നടന്ന പ്രമുഖസമരങ്ങൾ നടന്നത് ആ പശ്ചാത്തലത്തിലാണ്), ഇന്ന് പഞ്ചായത്തുകൾക്കുള്ള പാരിസ്ഥിതിക അധികാരങ്ങൾ കുറവാണ്. ഉദാഹരണത്തിന്, കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് (2018) കേരള പഞ്ചായത്ത് നിയമത്തിൽ വലിയ ഭേദഗതികൾ നിർബന്ധിതമാക്കി. വ്യവസായങ്ങൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകാനും പിൻവലിക്കാനും തദ്ദേശഭരണകൂടങ്ങളുടെ അധികാരം നഷ്ടമായി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇപ്പോൾ നടപ്പിലാക്കുന്നത് പലപ്പോഴും മുകളിൽ നിന്നു തീരുമാനിക്കുന്ന, തദ്ദേശസ്ഥാപനങ്ങൾക്ക് കാര്യമായി മാറ്റിത്തീർക്കാൻ കഴിയാത്ത, പരിപാടികളാണ്. പലപ്പോഴും സർക്കാർ-ഇതരസ്ഥാപനങ്ങൾ, വളരെ ദുർബലമായ പാരിസ്ഥിതിക വീക്ഷണങ്ങൾ മാത്രം ഉയർത്തിപ്പിടിക്കുന്നവ, തയ്യാറാക്കുന്ന പ്രവർത്തനങ്ങളാണ് ഇവ.

ഉദാഹരണത്തിന്, തദ്ദേശതല പരിസ്ഥിതിനിരീക്ഷണ ഗ്രൂപ്പുകളായി സർക്കാർ അംഗീകരിച്ചിട്ടുള്ള ജൈവവൈവിധ്യ കമ്മിറ്റികൾക്ക് പോലും അവരുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള ശേഷിയില്ല. സവിശേഷ പിന്നോക്കാവസ്ഥകളെ നേരിടുന്ന തീരപ്രദേശങ്ങൾ, ആദിവാസി മേഖലകളിൽ, പ്രകൃതിവിഭവങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന ജനവിഭാഗങ്ങളുടെ സവിശേഷ ആവശ്യങ്ങളെ നിറവേറ്റാൻ ഇന്നത്തെ നിലയിലുള്ള വികേന്ദ്രീകൃതഭരണം അപര്യാപ്തമാണ്. ഉദാഹരണത്തിന്, തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിൽ, മേലുദ്യോഗസ്ഥരുടെ ഏജൻസികൾ തയാറാക്കുന്ന തീരദേശപരിപാലന പദ്ധതികളുടെ നടത്തിപ്പുകാർ മാത്രമാണ് തദ്ദേശ സർക്കാരുകൾ. 2018ലെ ദുരന്തലഘൂകരണ പ്രവർത്തനങ്ങളിൽ തദ്ദേശസർക്കാരുകളുടെ പങ്ക് വ്യക്തമായിരുന്നു. എന്നാൽ ജില്ലാ കളക്ടറുടെ കീഴിലുള്ള റവന്യൂ അധികാരികൾ നിർമ്മിച്ച ദുരന്തനിവാരണ സംവിധാനം അവരെ വേണ്ടത്ര ശാക്തീകരിക്കുന്നില്ല[2].

കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള കേരളത്തിന്റെ സംസ്ഥാന പ്രവർത്തന പദ്ധതിയിൽ (Kerala State Action Plan on Climate Change KSPCC 2014) തദ്ദേശ സർക്കാരുകൾക്ക് വലിയ പങ്ക് നൽകിയിട്ടുണ്ട്. ജനാധിപത്യപങ്കാളിത്തപ്രക്രിയകളിലൂടെ

---

[2] സമീപകാലത്ത് കേരളം അഭിമുഖീകരിച്ച പാരിസ്ഥിതിക ദുരന്തങ്ങളോട് മികച്ച രീതിയിൽ പാരിസ്ഥിതികമായി തന്നെ പ്രതികരിക്കുന്നതിനായി നിയമപരവും നയപരവുമായ ചട്ടക്കൂട് നവീകരിക്കുന്നതിനായുള്ള വിശദമായ സംവാദത്തിന്, കാണുക Jojan et al 2018

പ്രത്യേക പ്രദേശങ്ങൾക്ക് അനുകൂലമായ കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനുള്ള പദ്ധതികൾ രൂപീകരിക്കാൻ ഇതിൽ ആവശ്യപ്പെടുന്നുണ്ട്. ഈ തദ്ദേശപദ്ധതികളിലൂടെ കാലാവസ്ഥാ അപകടസാധ്യതകൾ കുറക്കുവാനും പാരിസ്ഥിതിക വ്യത്യാസങ്ങളോട് പൊരുത്തപ്പെടാനും ദുരന്തപൂർവസ്ഥിതിയിലേക്കു മടങ്ങാൻ തദ്ദേശസമൂഹങ്ങൾക്കുള്ള ശേഷി കൂട്ടുവാനുമുള്ള തന്ത്രങ്ങൾ കണ്ടെത്തുവാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോട് നിർദ്ദേശിക്കുന്നുണ്ട് (പേജ് 138). 'കാലാവസ്ഥാവ്യതിയാനത്തിന്റെ കാഴ്ചപ്പാടിൽ നിന്നു വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും' (പേജ് 40) തദ്ദേശഭരണതലത്തിൽ പ്രവർത്തന സമിതികൾ രൂപീകരിക്കണമെന്നും ഇതിൽ നിർദ്ദേശിക്കുന്നു. കൂടാതെ, വിവിധ വകുപ്പുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനവും ഇതിൽ ശുപാർശ ചെയ്യുന്നുണ്ട്. ഈ പ്രവർത്തന പദ്ധതികൾ ഉണ്ടായിരുന്നിട്ടും, 2017-ൽ ഓഖി ചുഴലിക്കാറ്റും 2018ൽ മഹാപ്രളയവും വിനാശമുണ്ടാക്കിയപ്പോൾ തദ്ദേശസർക്കാരുകൾ പ്രത്യേകിച്ചും, സംസ്ഥാനസർക്കാർ പൊതുവെയും ഫലപ്രദമായ ഇടപെടലിനാവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയിരുന്നില്ലെന്നും വ്യക്തമാണ് (John 2018).

### i. സമീപനരീതി

ജനങ്ങളുടെ ഉപജീവനമാർഗ്ഗവും പരിസ്ഥിതിസുരക്ഷയും തമ്മിൽ സന്തുലിതാവസ്ഥ വിഭാവനം ചെയ്യുന്നതും ഫലപ്രദവുമായ ഒരു നയത്തെ സങ്കല്പിക്കാൻ താഴെപ്പറയുന്ന ഉറപ്പുകൾ അനിവാര്യമാണ് --

a) ഇന്നത്തെ അവസ്ഥയിൽ പ്രാതിനിധ്യജനാധിപത്യത്തിന്റെ ഭാഷയിൽ സംസാരിക്കുമ്പോഴും അധികാരം മുകളിൽ നിന്നു താഴേക്കു തന്നെ പ്രവഹിച്ചുകൊണ്ടിരിക്കുന്നു എന്ന ആന്തരിക വൈരുദ്ധ്യത്തെ ഈ നയത്തിനു മറികടക്കാൻ കഴിയണം.

b) അത് തദ്ദേശസർക്കാരുകളുടെയും ജനവിഭാഗങ്ങളുടെയും ഫലപ്രദമായ ശാക്തീരണത്തിൽ ഊന്നണം- തദ്ദേശജനാധിപത്യം പരന്നുവളരുകയും ആണ്ടിറങ്ങുകയും ചെയ്യില്ലെങ്കിൽ ഇന്നു നാം നേരിടുന്ന ഉപജീവന-പാരിസ്ഥിതികവെല്ലുവിളികളെ

നേരിടാനാകില്ല. ജനാധിപത്യത്തെ വികസിപ്പിക്കാത്തപക്ഷം ചുഴിഞ്ഞുനോട്ടഭരണകൂടം ശക്തിപ്പെടുകയും പൗരി-പൗരന്മാരുടെ ശബ്ദം ഇല്ലാതാവുകയും ചെയ്യും.

c) പാരിസ്ഥിതികപ്രതിസന്ധികളുമായി ബന്ധപ്പെട്ട് തദ്ദേശതലത്തിൽ ഉണ്ടാവുന്ന സവിശേഷപ്രശ്നങ്ങളെ സൂക്ഷ്മമായി പരിശോധിക്കുകയും അതീവശ്രദ്ധയോടെ കൈകാര്യം ചെയ്യുകയും വേണം. അവയുടെ പരസ്പരബന്ധത്തെ സൂക്ഷ്മമായി പഠിക്കണം.

തദ്ദേശതലത്തിൽ ഉപജീവനമാർഗങ്ങളും ഭക്ഷ്യസുരക്ഷയും ഒരുപോലെ പാരിസ്ഥിതിക സുസ്ഥിതിയുടെ ഫലമാണെന്നിരിക്കെ (ഉപജീവനത്തിന് പ്രകൃതിയെ നേരിട്ട് ആശ്രയിക്കുന്ന ആളുകൾക്ക് മാത്രമല്ല, ഈ മഹാമാരിക്കാലത്ത് ഇത് ബാധകമാകുന്നത്), തദ്ദേശസർക്കാരുകൾ അടക്കമുള്ള തദ്ദേശജനാധിപത്യസംവിധാനങ്ങൾക്കാണ് ഈ ഘട്ടത്തിൽ ഏറ്റവും ഫലപ്രദമായി ഇക്കാര്യം നിർവഹിക്കാനാകുക. ഇത് കൂടി കണക്കിലെടുത്താണ് കേരളത്തിലെ തദ്ദേശസർക്കാരുകളെ ഈ ദിശയിൽ ശാക്തീകരിക്കണമെന്ന് ഞങ്ങൾ വാദിക്കുന്നത്. പരിസ്ഥിതിസുരക്ഷ വിശാലമായ ഒരു പ്രശ്നമാണ്. തുടർച്ചയായ സംവാദങ്ങൾ വഴി, വിവിധ ഉപവിഷയങ്ങൾ കൂടി പരിഗണിച്ച് ഉണ്ടാക്കിയെടുക്കുന്ന നയസമീപനങ്ങളിലൂടെ സാധിച്ചെടുക്കേണ്ട ഒന്ന്.

ഇത്തരത്തിൽ വെല്ലുവിളി ഉയർത്തുന്ന ഒരു പ്രശ്നത്തെ - കേരളത്തിൽ വന്യജീവികൾക്കും മനുഷ്യനുമിടയിലുണ്ടായിരുന്ന ഇടസ്ഥലത്തിന് നിരന്തരം ചുരുങ്ങുന്നു എന്ന പ്രശ്നത്തെ- കേന്ദ്രീകരിച്ചുള്ള ഒരന്വേഷണമാണ് ഈ നയരേഖയിൽ. ഈ ഒരൊറ്റ പ്രശ്നത്തിൽ തന്നെ വ്യത്യസ്തമായ, എന്നാൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന പലവിധ പ്രതിസന്ധികളുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്, തീർച്ചയായും സംസ്ഥാനത്തെ കാട്ടുള്ളതോ കാടരികുകളിൽ ഉള്ളതോ ആയ പഞ്ചായത്തുകളിൽ ഏറെയും കാണപ്പെടുന്ന പ്രതിസന്ധി തന്നെയാണ്. അതായത്, വന്യജീവികളും മനുഷ്യരും തമ്മിലുള്ള സംഘർഷം. ഇത് ചെറുകിട കൃഷിയെയും മനുഷ്യജീവനുകളുടെ സുരക്ഷയെ തന്നെയും ബാധിക്കുന്ന തരത്തിൽ വളരുകയാണ്.പക്ഷേ ഇന്ന് കാടരികുപ്രദേശങ്ങളിൽ മാത്രമല്ല വന്യജീവികളുടെ കടന്നുവരവ്. വനാതിർത്തിയിൽ നിന്ന് ഏറെ ദൂരെ, നഗരാതിർത്തികളിൽ പോലും ഇവ കാണപ്പെടാറുണ്ട്. ഇത് എന്തുകൊണ്ടുണ്ടാകുന്നു എന്ന ചോദ്യത്തിന് ഉത്തരമായി പലരും ചൂണ്ടിക്കാണിക്കുന്നത്

വനമേഖലകളിൽ മനുഷ്യൻ നടത്തുന്ന കടന്നുകയറ്റങ്ങളെയും ഇടപെടലുകളെയുമാണ്. സർക്കാർ ഏജൻസികൾ വന്യജീവി സംരക്ഷണത്തിന് നൽകുന്ന 'അനാവശ്യ പ്രാധാന്യം' കാരണം വന്യജീവികളുടെ എണ്ണം കുത്തനെ കൂട്ടുന്നുവെന്ന ആരോപണം മുതൽ പാറമടകളും വിനോദസഞ്ചാരവും കൊണ്ട് വന്യജീവികളുടെ വാസസ്ഥലങ്ങൾ ഇല്ലാതാകുന്നത് വരെയും ഇങ്ങനെയുള്ള വിശദീകരണങ്ങൾ തന്നെ. മനുഷ്യരും വന്യജീവികളും തമ്മിലുള്ള ഇടപെടൽ അടുത്തിടെ തുടങ്ങിയതല്ല, മൃഗജന്യരോഗങ്ങൾ ഏറിവരുന്ന കാലത്തെ നമ്മുടെ ചിന്തയെ പരിമിതപ്പെടുത്തുന്ന പല ധാരണകളെയും പുനഃപരിശോധിക്കാനുള്ള അവസരമായിക്കൂടി കണക്കാക്കാവുന്നതാണ് - മനുഷ്യരുടെയും വന്യജീവികളുടെയും ലോകങ്ങൾ കൃത്യമായി വേർതിരിക്കപ്പെട്ടതാണ്/വേർതിരിക്കപ്പെടേണ്ടതാണ്/വേർതിരിക്കപ്പെടാവുന്നതാണ് എന്ന ആശയത്തെ പ്രത്യേകിച്ചും പുനഃപരിശോധിക്കണം (Greger, 2007)[3].

മനുഷ്യ-വന്യജീവി ഇടസ്ഥലം ചുരുങ്ങുന്ന പ്രശ്നം ഏറ്റവുമധികം ബാധിച്ച പഞ്ചായത്തുകളിലെ അധികാരികൾ ഉൾപ്പെടെ ഈ പ്രശ്നത്തിന്റെ ഫലങ്ങൾ അനുഭവിക്കുന്നവരായ, അതിനെ നേരിടാനുള്ള ശ്രമങ്ങളിൽ പങ്കാളികളായ, എല്ലാ വിഭാഗങ്ങളുമായും കൂടിയാലോചനകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ നയനിർദ്ദേശരേഖ തയ്യാറാക്കിയിരിക്കുന്നത്. ഒരു നയരൂപീകരണപ്രശ്നത്തിന്റെ പല വശങ്ങൾ സ്പർശിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും പ്രതിനിധികളെയും ഭരണകൂടവശത്തുള്ള ബന്ധപ്പെട്ട അധികൃതരെയും ഒറ്റയ്ക്കും കൂട്ടായ ചർച്ചയിലും സമീപിച്ച് അവരെ പരസ്പരസംവാദത്തിന് പ്രേരിപ്പിച്ച് അവരിൽ ഓരോരുത്തരിൽ നിന്നും നയരൂപീകരണം സംബന്ധിച്ച ആശയങ്ങൾ ശേഖരിക്കുക എന്ന രീതിശാസ്ത്രം മഹാമാരിയുടെ സാഹചര്യത്തിൽ അസാധ്യമായിരുന്നു. അതിനുപകരം ബന്ധപ്പെട്ട വ്യത്യസ്ത വിഭാഗങ്ങളുടെ പ്രതിനിധികളെ നേരിട്ട് സന്ദർശിച്ചുകൊണ്ട് നേരിട്ടോ ഫോണിലൂടെയോ അഭിമുഖം നടത്തുകയാണ് ഞങ്ങൾ ചെയ്തത്. കേരളത്തിലെ ഒൻപത് ജില്ലകളിൽ നിന്നായി വനമേഖലകൾ ഉൾപ്പെട്ടതോ കാടരികുകളിൽ ഉള്ളതോ ആയ ഇരുപത്തിയൊന്ന് പഞ്ചായത്തുകളിൽ നിന്നുള്ള പഞ്ചായത്ത് അധ്യക്ഷരുമായി അഭിമുഖം നടത്തി. ഈ വിഷയത്തിൽ നേരിട്ടു ദീർഘകാലതാത്പര്യവും പരിചയവുമുള്ള വനംവകുപ്പിലെ

[3] മൈക്കൾ ഗ്രെഗർ തന്റെ പഠനത്തെ ഇങ്ങനെ ഉപസംഹരിക്കുന്നു: 'ഇപ്പോൾ കണ്ടുവരുന്ന രോഗങ്ങളിൽ മുക്കാൽ ഭാഗവും ജന്തുലോകത്തിൽ നിന്നാണ് ഉണ്ടാകുന്നതെന്ന തിരിച്ചറിവ് മനുഷ്യവർഗവും പ്രകൃതിയും തമ്മിലുള്ള വേർതിരിവ് എത്ര കൃത്രിമമാണെന്ന് എടുത്തുകാണിക്കുന്നു.' (Greger 2007:278).

ആറ് ഉയർന്ന ഉദ്യോഗസ്ഥർ, വയനാട്ടിലെയും കണ്ണൂരിലെയും കർഷകസംഘടനകളുടെ പ്രതിനിധികൾ, പ്രമുഖ വന്യജീവിഗവേഷകർ, പരിസ്ഥിതിപ്രവർത്തകർ, നഗരങ്ങളിലെ മൃഗാവകാശപ്രവർത്തകർ, വന്യജീവിസംരക്ഷണത്തിനു വേണ്ടി പ്രവർത്തിക്കുന്നവർ തുടങ്ങിയവരും അഭിമുഖം ചെയ്യപ്പെട്ടവരിൽ ഉൾപ്പെടുന്നു.

## III. കേരളത്തിൽ ഇല്ലാതാകുന്ന മനുഷ്യ-വന്യജീവി ഇടസ്ഥലം

കേരളത്തിലെ മനുഷ്യ-വന്യജീവി ഇടസ്ഥലത്തിന്റെ പരിണാമങ്ങളെക്കുറിച്ച് ലഭ്യമായ ഗവേഷണസാഹിത്യം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് അതിന്റെ പല വിഷയങ്ങളിൽ ഒന്നു മാത്രമായ മനുഷ്യ-വന്യജീവി സംഘർഷത്തിന്മേലാണ്. മനുഷ്യ-വന്യജീവി ഇടസ്ഥലത്തെ ഹനിക്കുന്ന നിരവധി സാഹചര്യങ്ങളും പ്രേരണകളും ഇവയിൽ എടുത്തു പറയുന്നുമുണ്ട്: വനപ്രദേശങ്ങൾ കുറയുന്നത്, വന്യജീവി സംരക്ഷണ നിയമം (1972) നടപ്പാക്കിയതിന് ശേഷമുണ്ടായ വന്യജീവികളുടെ വർദ്ധനവ്, വനങ്ങളിൽ ഭക്ഷ്യ-ജല ദൗർലഭ്യത്തിന് കാരണമായ പാരിസ്ഥിതിക മാറ്റങ്ങൾ, വനമേഖലകളുടെ ശിഥിലീകരണവും തകർച്ചയും, ഇതിനോട് അനുബന്ധമായി വർദ്ധിച്ചു വന്ന റിസോർട്ട്, തോട്ടങ്ങൾ പോലുള്ള മനുഷ്യവാസ സ്ഥലങ്ങൾ, ജനാധിപത്യവിരുദ്ധവും ഏകാധിപത്യപരവുമായ വനപരിപാലന ഘടനകളും രീതികളുമെല്ലാം മനുഷ്യ-വന്യജീവി ഇടസ്ഥലത്തെ ഗണ്യമായി ഇല്ലാതാക്കി (Easa and Sankar 2001). ഇരുപതാം നൂറ്റാണ്ടിൽ ലോകമെമ്പാടും ഉണ്ടായി വന്നൊരു മാറ്റമാണിത് (Barua et al 2013).

മനുഷ്യരുടെ ജീവനഷ്ടത്തിനും പരുക്കുകൾക്കും കാരണമാകുന്ന വന്യജീവി ആക്രമണങ്ങളാണ് മനുഷ്യ-വന്യജീവി ഇടസ്ഥലം ഇല്ലാതാകുന്നതു മൂലം വർദ്ധിച്ചിട്ടുള്ള ഫലങ്ങളിൽ മുൻപന്തിയിൽ. മൃഗങ്ങളുടെ കടന്നുകയറ്റം മനുഷ്യരുടെ ഉപജീവനമാർഗമായ കൃഷിയെ ഇല്ലാതാക്കുന്നതും പാർപ്പിടമടക്കമുള്ള സ്വത്തുവകകൾ നശിപ്പിക്കുന്നതും അതിസാധാരണമായിരിക്കുന്നുവെന്നുള്ളത് കേരളത്തിലെ മനുഷ്യ-വന്യജീവി സംഘട്ടനങ്ങളെക്കുറിച്ചുള്ള ലഭ്യമായ ഗവേഷണങ്ങളിൽ നിന്ന് വ്യക്തമാണ്. (ഉദാഹരണത്തിന്, Oommen 2011; Rohini et al 2016; Easa and Sankar 2001;

Veeramani et al 1996; Govind and Jayson 2018, 2018a). ആന, കാട്ടുപന്നി മുതലായ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ മാത്രമേ പലപ്പോഴും മാധ്യമശ്രദ്ധ നേടുന്നുള്ളൂ. ദേശാടനപക്ഷികൾ കോൾ നെൽപ്പാടങ്ങളിലുണ്ടാക്കുന്ന നാശനഷ്ടങ്ങളും, മയിൽ പോലുള്ള പക്ഷികൾ വിള നശിപ്പിക്കുന്നതും, (Sreenivasan 2010) താരതമ്യേന വളരെക്കുറച്ച് മാത്രമേ ശ്രദ്ധിക്കപ്പെടാറുള്ളൂ. അതുപോലെ, മനുഷ്യ-വന്യജീവി ഇടസ്ഥലത്തിലുണ്ടാകുന്ന ഈ ചുരുക്കം മനുഷ്യരെ എന്നപോലെ വന്യജീവികളെയും പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നുള്ള വിഷയം പൊതുചർച്ചകളിൽ വളരെ കുറച്ചു മാത്രമേ പരാമർശിക്കപ്പെടുന്നുള്ളൂ. ഉദാഹരണത്തിന്, കേരളത്തിലെ വന്യജീവികൾ കീടനാശിനിയിൽ നിന്നുള്ള വിഷബാധയ്ക്ക് ഇരയായതിന് തെളിവുകളുണ്ട്. മനുഷ്യവാസമുള്ള ഇടങ്ങളിലെ മാലിന്യക്കൂമ്പാരങ്ങളിൽ നിന്ന് ഭക്ഷണം തേടുന്ന കാട്ടുപന്നി, ആന, കാട്ടുപോത്ത് പോലുള്ള മൃഗങ്ങൾ കീടനാശിനി കലർന്ന പദാർത്ഥങ്ങൾ ആഹരിക്കാൻ ഇടവരുന്നതും (Radhakrishnan 2018), വന്യജീവികളെ ആട്ടിയകറ്റാൻ വിഷപ്രയോഗം നടക്കുന്നതുമെല്ലാം തീർത്തും അസാധാരണമല്ല (Kalaivan et al 2011). 2018 ജൂൺ മുതൽ 2018 ഓഗസ്റ്റ് വരെയുള്ള മലയാളം ദിനപത്രങ്ങളിലെ മാധ്യമറിപ്പോർട്ടുകൾ വിശകലനം ചെയ്തപ്പോൾ, കേരളത്തിൽ വിളനശിപ്പിക്കൽ, മനുഷ്യർക്ക് നേരിടേണ്ടിവന്ന അത്യാഹിതങ്ങൾ, കന്നുകാലിമോഷണം തുടങ്ങിയവ ഉൾപ്പെടെ 124 മനുഷ്യ-വന്യജീവി സംഘട്ടനങ്ങളെ പറ്റിയാണ് ഇക്കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് ഒരു ഗവേഷണശ്രമം കണ്ടെത്തി. ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത് പാലക്കാട് (26), ഇടുക്കി (23), വയനാട് (19) തുടങ്ങിയ പ്രദേശങ്ങളിലാണ്. ഇതിൽ തന്നെ ഏറ്റവും വലിയ അപകടങ്ങൾ നേരിടുന്നത് ആനകളിൽ നിന്നാണ്.

കാടുകളിലോ കാടരികുകളിലോ മാത്രം നേരിടേണ്ടി വരുന്ന പ്രശ്നമായി ഇവയെ നമുക്കിനി കണക്കാക്കാൻ കഴിയില്ല എന്നതാണ് മറ്റൊരു സമീപകാലമാറ്റം. പത്രവാർത്തകളിൽ നിന്നുതന്നെ ഇത് വ്യക്തമാണ്. കാടുകളിൽ നിന്ന് താരതമ്യേന അകലെയുള്ള സ്ഥലങ്ങളിലും വന്യജീവികടന്നുകയറ്റം അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്നു. താരതമ്യേന നഗരവത്കരിക്കപ്പെട്ട ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിലെ കൃഷിയിടങ്ങളിലും തോട്ടങ്ങളിലും മറ്റും കാട്ടുപന്നി തീറ്റതേടി വന്നതായുള്ള പത്രവാർത്തകളുണ്ടായിട്ടുണ്ട്. (https://www.manoramaonline.com/districtnews/alappuzha/2020/09/15/alappuzha-wild-

boar-attack.html accessed 15 September 2020). 2020 ഫെബ്രുവരിയിൽ പത്തനംതിട്ട ജില്ലയിലെ വനേതരപ്രദേശങ്ങളിലും, (https://www.thehindu.com/news/national/kerala/wild-boar-threat-to-pathanamthitta-villages/article30729084.ece, accessed 15 September 2020) തിരുവനന്തപുരം നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലും ഇത്തരം സംഭവങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ടുകളുണ്ട്. രണ്ടാമതായി, കേരളത്തിന്റെ പലയിടങ്ങളിലും അതുവരെ അവിടെ കണ്ടുവരാത്ത ജീവിവർഗങ്ങൾ കൂടുതലായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഉദാഹരണത്തിന്, ഈ വർഷം (2021ൽ) ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയ്ക്കടുത്തുള്ള പമ്പാനദിയിൽ നീർനായ്ക്കളെ കണ്ടതായി പറയുന്നു (തൃക്കുന്നപ്പുഴയിൽ നിന്ന്, പ്രാദേശിക ഗവേഷകനായ വി.ശശികുമാർ റിപ്പോർട്ട് ചെയ്തത്). നഗരങ്ങളിൽ പാമ്പുകൾ പ്രത്യേകിച്ച് മൂർഖൻ പാമ്പുകൾ, കാണപ്പെടുന്നതിന്റെ ആവൃത്തി വർദ്ധിച്ചിട്ടുണ്ടെന്ന് നഗരപ്രദേശത്തു നിന്നുള്ള പരിസ്ഥിതി പ്രവർത്തകർ പറഞ്ഞു. ഇത് ജനങ്ങളിൽ ഭീതിയുണ്ടാക്കുകയും പാമ്പുകളെ അനാവശ്യമായി നശിപ്പിക്കാനുള്ള വാസനയെ വല്ലാതെ വളർത്തുകയും ചെയ്യുന്നു. കേരളത്തിലെമ്പാടും തെരുവുനായ്ക്കൾ പെരുകുന്നതിനെ കുറിച്ചുള്ള ആശങ്കയാണ് മറ്റൊരു പ്രധാന വിഷയം. ഇവയിൽ പലതും കാട്ടുനായ്ക്കൂട്ടങ്ങളെപ്പോലെ പെരുമാറുന്നു എന്ന പരാതി ധാരാളമായി ഉയരുന്നു. നായ്ക്കൾ മനുഷ്യരെ ആക്രമിക്കുന്നതിനെതിരെ പ്രാദേശിക പ്രതിഷേധങ്ങൾ രൂപപ്പെടുന്നതിനൊപ്പം തെരുവ്നായ്ക്കളോടുള്ള പൊതുശത്രുത വർദ്ധിക്കുന്നതിനും ഇത് കാരണമാകുന്നുണ്ട്.

മനുഷ്യ-വന്യജീവി ഇടസ്ഥലം കുറഞ്ഞു വരുന്നതിന്റെ മറ്റൊരു ഫലമാണ് മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന അസുഖങ്ങളിൽ ഉണ്ടായിരിക്കുന്ന വർദ്ധനവ്. 2018ൽ നിപാ ബാധയുടെ പശ്ചാത്തലത്തിലാണ് മൃഗജന്യരോഗങ്ങളിലേക്ക് ജനശ്രദ്ധ ഉണ്ടാകുന്നത്. വവ്വാലുകളാണ് രോഗം പരത്തുന്നതെന്ന് കണ്ടെത്തിയതോട് കൂടി, കൃഷിക്ക് ആവശ്യമായ ആവാസവ്യവസ്ഥാപ്രവർത്തനങ്ങളിൽ നിർണായപങ്ക് വഹിക്കുന്ന സസ്തനികളെന്ന് പോലും കണക്കിലെടുക്കാതെ വവ്വാലുകളെ ശത്രുക്കളായി പ്രഖ്യാപിക്കാനും അവയെ കൂട്ടത്തോടെ കൊല്ലാൻ പോലും ശ്രമങ്ങളുണ്ടായി. പക്ഷേ ഇതിനെതിരെ കേരളസർക്കാർ രംഗത്ത് വരികയും പൊതുജനങ്ങൾക്ക് ശക്തമായ താക്കീത് നൽകുകയും ചെയ്തു (Narayanan 2019). ആവാസവ്യവസ്ഥയുടെ നാശം, കാലാവസ്ഥാവ്യതിയാനം, വനനശീകരണം എന്നിവയുടെ

ഫലമായി വിശപ്പും ക്ലേശതയും നിറഞ്ഞ, കുറഞ്ഞ പ്രതിരോധിശേഷിയുള്ള വവ്വാലുകളിൽ വൈറസിന് രോഗവ്യപനശേഷി കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട് (Dutta 2019)[4]. 2021ലും കോഴിക്കോട് ജില്ലയിൽ നിപ്പ വീണ്ടും പ്രത്യക്ഷപ്പെട്ടു (https://www.indiatoday.in/india/story/boy-dies-nipah-virus-kerala-kozhikode-1849329-2021-09-05, accessed 23 September 2021). വയനാട്ടിൽ ക്യാസനൂർ ഫോറെസ്റ്റ് ഡിസീസ് അഥവാ കുരങ്ങുപനിയും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. 1957-2012 കാലഘട്ടങ്ങളിൽ കർണാടകയിലെ പശ്ചിമഘട്ട ജില്ലകളിൽ മാത്രം കാണപ്പെട്ടിരുന്ന കുരങ്ങുപനി 2013-2015ൽ കേരളത്തിലും റിപ്പോർട്ട് ചെയ്യാൻ തുടങ്ങിയെന്ന് പഠനം പറയുന്നു (Munivenkatappa et al 2018). കാടുകളും തോട്ടങ്ങളും ഇടകലർന്നു കിടക്കുന്ന (നിത്യഹരിത വനങ്ങളെക്കാൾ തോട്ടങ്ങൾ അധികമായ ഭൂഭാഗങ്ങളിൽ), വരണ്ട ഇലപൊഴിയുംവനങ്ങൾ കുറവുള്ള സ്ഥലങ്ങളിൽ, കന്നുകാലികളുടെ ഉയർന്ന സാന്ദ്രതയുള്ള സ്ഥലങ്ങളിൽ കൂടുതലായി വ്യാപിക്കുന്ന ഒരു 'ecotonal' (രണ്ട് ഇക്കോളജീയ സമൂഹങ്ങൾ സമീപസ്ഥമായിരിക്കുന്ന, ഇക്കോളജീയ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്തുണ്ടാകുന്ന) രോഗമാണ് കുരങ്ങുപനി എന്ന നിഗമനത്തെ സമീപകാലപഠനങ്ങൾ പിന്തുണയ്ക്കുന്നുണ്ട് (Purse et al 2020).

അടുത്തകാലത്ത് നിരവധി വെല്ലുവിളികൾ ഈ മേഖലയിൽ ഉണ്ടാകുന്നുണ്ടെങ്കിലും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒരു പുതിയ വിഷയമല്ല. ഈ വിഷയത്തെപ്പറ്റിയുള്ള പുതിയ ഗവേഷണങ്ങൾ കാടിനെ മനുഷ്യസ്പർശമേൽക്കാത്ത വന-തനിമയായി കാണുന്ന രീതിയെ പൂർണമായും ഉപേക്ഷിക്കുകയും, അത്തരം കാല്പനികവത്കരണത്തെ ശക്തമായി എതിർക്കുകയും ചെയ്യുന്നു. ഇതിന് മികച്ച ഉദാഹരണമായി വന്യജീവിഗവേഷകയും ചരിത്രകാരിയുമായ മീര ഉമ്മന്റെ പഠനങ്ങളെ എടുക്കാം. കേരളമായി മാറിയ ഭൂപ്രദേശത്തിൽ

[4] വവ്വാലുകളെ പോലുള്ള ഇനങ്ങൾ ധാരാളം വൈറസുകളുടെ വാഹകരാണെങ്കിലും ഇവയിൽ നിന്ന് രോഗാണു പകരുന്നത് പലപ്പോഴും ഒരു സങ്കീർണ്ണമായ പ്രക്രിയയാണ്. പല കടമ്പകൾ മറികടന്നാൽ മാത്രമേ രോഗാണുവിന് ഇത് സാധ്യമാകൂ. ഈ സന്ദർഭത്തിൽ മനുഷ്യന്റെയും രോഗവാഹകരുടെയും സ്വഭാവ സവിശേഷതകൾ ഇവിടെ പ്രസക്തമാണ്. എന്നാൽ രോഗാണുക്കളുടെ ആവിർഭാവത്തെ പിന്തുണയ്ക്കുന്ന മുഖ്യകാരണങ്ങളിലേക്ക് പ്രത്യേകിച്ച് നയങ്ങളിലേക്കും അതിനുപരി ഘടനാപരമായ ചട്ടക്കൂടുകളിലേക്കും ശ്രദ്ധ നൽകുന്നത് നല്ലതായിരിക്കും. മൃഗജന്യരോഗങ്ങളുടെ ആവിർഭാവത്തെ പിന്തുണയ്ക്കുന്ന കാർഷിക വനവത്കരണ വ്യവസ്ഥിതി സൃഷ്ടിക്കുന്നതിൽ നവലിബറൽ സാമ്പത്തിക ശാസ്ത്രത്തിന്റെ പങ്ക് ചൂണ്ടിക്കാണിച്ച വാലസ് ആൻറ് വാലസിന്റെ 'നവലിബറൽ എബോള' സങ്കല്പമാണ് ഇതിനുള്ള ഒരു രസകരമായ വീക്ഷണം പങ്കുവെക്കുന്നത്. ഉദാഹരണത്തിന് കാണുക. Wallace and Wallace (2016)

പുരാതനകാലം മുതൽക്കുതന്നെ - അതായത് സംഘകാലകൃതികളിലെ വിവരണങ്ങളിലൂടെത്തന്നെ - 300 ക്രി.മു- 300 ക്രി.പി കാലത്തു തന്നെ - മനുഷ്യ-വന്യജീവിസംഘർഷങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെന്ന് ഇവർ തികച്ചും വിശ്വസനീയമാം വിധം വാദിക്കുന്നു (Oommen 2019). ഈ സംഘർഷം പക്ഷേ സവിശേഷമായ ഒരു രൂപം കൈക്കൊണ്ടത് ബ്രിട്ടിഷ് ഭരണകാലഘട്ടത്തിലായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മനുഷ്യരുടെ അധീനതയിലുള്ള കാടരികുപ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ കടന്നുകയറ്റത്തെയും അവ ഉണ്ടാക്കുന്ന നാശനഷ്ടങ്ങളെയും കുറിച്ചുള്ള ചോദ്യങ്ങൾ തിരുവിതാംകൂറിലെയും കൊച്ചിയിലെയും നിയമനിർമാണസഭകളിൽ പതിവായിരുന്നു; മുൻകാലങ്ങളിൽ കാടുകളെയും കൃഷിഭൂമികളെയും വേർതിരിച്ചറിയാൻ ബുദ്ധിമുട്ടായിരുന്നുവെങ്കിലും കൊളോണിയൽ നിയന്ത്രണം ശക്തമാകുന്നതിനൊപ്പം അത് കൂടുതൽ വ്യക്തമാകാൻ തുടങ്ങി. സ്വാതന്ത്ര്യാനന്തര കാലഘട്ടം, ബ്രിട്ടിഷ് അധിനിവേശത്തിനു കീഴിൽ രൂപീകരിക്കപ്പെട്ട നയം, പ്രയോഗം, അധികാരവിതരണം എന്നിവയിലൂടെ ഈ പ്രവണതകൾ കൂടുതൽ വഷളാകാൻ തുടങ്ങിയെന്ന് അവർ വാദിക്കുന്നു.

ഉമ്മൻ അടയാളപ്പെടുത്തുന്ന ചരിത്രത്തിന്റെ മൂന്ന് വശങ്ങൾ നമ്മുടെ ചർച്ചയിൽ പ്രസക്തമാണ്: ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ താഴ്ന്ന പ്രദേശങ്ങളിൽ നിന്ന് കാട്ടുപ്രദേശങ്ങളിലേക്ക് -- ആനകളുടെ നാട്ടിലേക്ക് -- വലിയ തോതിൽ കുടിയേറ്റം നടന്ന നിരാശാജനകമായ സാഹചര്യത്തെ അവർ എടുത്തുപറയുന്നുണ്ട്. പ്രത്യേകിച്ചും തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നുമുള്ള കുടിയേറ്റം. 1940കളിലെ തിരുവിതാംകൂറിലും കൊച്ചിയിലും നിലനിന്നിരുന്ന ഭക്ഷ്യക്ഷാമത്തിന് മറുപടിയായി സർക്കാർ 'ഗ്രോ മോർ ഫുഡ്' ക്യാംപയിൻ ആരംഭിച്ച കാലത്ത് കുടിയേറിയവരുടെ ഓർമ്മകളെ ശേഖരിച്ച് അവയെ ആസ്പദമാക്കിയുള്ള ചരിത്രരചനയാണ് മീരാ ഉമ്മന്റേത്. ആനനാട്ടിലെ ആദ്യകാല കുടിയേറ്റക്കാർ നേരിടേണ്ടി വന്ന വൻ അപകടങ്ങളും അവയെ നേരിടാൻ പരിഹാരമാർഗങ്ങളും വിദ്യകളും മൃഗങ്ങളിൽ നിന്ന് വിളകളെയും മനുഷ്യരെയും സംരക്ഷിക്കാൻ അവർ കണ്ടെത്തിയ മാർഗങ്ങളും നിരന്തരമായ ജാഗ്രതയുമെല്ലാം അഭിമുഖങ്ങളിൽ നിന്ന് വ്യക്തമാകുന്നവയാണ്. ഉമ്മൻ കണ്ടെത്തുന്നത് പോലെ, മനുഷ്യേതരവിഷയികൾക്ക് പ്രധാന പങ്കുള്ള ഒരു സംവേദനാത്മക പ്രക്രിയയായിരുന്നു

കാടരികുകളിലെ ആദ്യകാല മനുഷ്യസ്ഥല-നിർമ്മാണം; ഇത് സവിശേഷമായ ഒരു പൊരുത്തപ്പെടൽ പ്രക്രിയ അവർക്കിടയിൽ സാധ്യമാക്കി - വനം വകുപ്പിന്റെ ഇടപെടൽ ഇളക്കിക്കളഞ്ഞത് ഇത്തരം പൊരുത്തപ്പെടലുകളെയാണ്[5]. കാടരികുകളിലെ സ്ഥല-നിർമ്മാണം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തരീതികളിലാണ് സംഭവിച്ചത്. അതുകൊണ്ടുതന്നെ പ്രശ്നങ്ങളും പരിഹാരങ്ങളും വ്യത്യസ്തമായിരുന്നു. ആദ്യകാല കുടിയേറ്റക്കാർക്കിടയിൽ അവരനുഭവിച്ച മാനസികാഘാതത്തിന്റെ ഓർമകൾ പിന്നീടുണ്ടായ തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്നാണ് ഉമ്മന്റെ കൃതികളിൽ നിന്നും, ഈ വിഷയത്തെക്കുറിച്ച് ലഭ്യമാകുന്ന പഠനങ്ങളിൽ നിന്നും ഞങ്ങൾ നടത്തിയ അഭിമുഖങ്ങളിൽ നിന്നും വ്യക്തമാകുന്നത്. വന്യജീവികളാൽ ആക്രമിക്കപ്പെട്ടുമോ എന്ന ഭയം ഇവരിൽ തലമുറകളായിത്തന്നെ നിലനിൽക്കുന്നുണ്ടെന്നും അത് അഭിസംബോധന ചെയ്യേണ്ട ഗൗരവമേറിയ പ്രശ്നമാണ് എന്നും വ്യക്തമാകുന്നുണ്ട്. ഞങ്ങൾ നടത്തിയ അഭിമുഖങ്ങളിലും അവർ കടന്നു പോയ മാനസികാഘാതങ്ങൾ വീണ്ടും വീണ്ടും പ്രതിധ്വനിച്ചു.

രണ്ടാമതായി, ബ്രിട്ടിഷ്ഭരണത്തിന് മുമ്പുള്ള കാലഘട്ടത്തിൽ വനത്തെയും കൃഷിഭൂമിയെയും കൃത്യമായി വേർതിരിച്ചിരുന്നില്ല എന്നും അതിർത്തി വ്യക്തമായും സ്ഥിരമായും നിർണയിക്കാൻ കഴിയാത്ത തരത്തിലായിരുന്നുവെന്നും ഉമ്മൻ ചൂണ്ടിക്കാട്ടുന്നുണ്ട്. എന്നാൽ ബ്രിട്ടിഷ് ഭരണം സ്ഥാപിതമായതിനു ശേഷവും സ്വാതന്ത്ര്യാനന്തരകാലത്തിലും കാടും നാടും തമ്മിലുള്ള വേർതിരിവ് ക്രമാനുഗതമായി തീവ്രമാകുകയായിരുന്നു-സ്വാതന്ത്ര്യാനന്തര 'വനസംരക്ഷണ കാലഘട്ടത്തിൽ' ഈ വേർതിരിവ് കൂടുതൽ ഉറപ്പിക്കപ്പെട്ടു. ഈ നയരേഖയുമായി ഞങ്ങൾ നടത്തിയ അഭിമുഖങ്ങളിൽ നിന്നുതന്നെ അത്തരം വേർതിരിക്കലുകളുടെ അനന്തരഫലങ്ങൾ വളരെ കൈപ്പേറിയതാക്കിയെന്ന് കാണാം: തങ്ങളുടെ കൃഷിയിടങ്ങൾ നശിപ്പിക്കുന്ന വന്യജീവികളെ (പ്രത്യേകിച്ച് കാട്ടുപന്നികളെ) ആളുകൾ വിളിക്കുന്നത് 'സർക്കാരിന്റെ കാട്ടുപന്നി/ ആന' എന്നൊക്കെയാണ്. വന്യമൃഗങ്ങൾ കാട് എന്ന് അടയാളപ്പെടുത്തിയിട്ടുള്ള ഇടങ്ങളിൽ ഒതുങ്ങി നിൽക്കുകയും മനുഷ്യരുടെ ഇടത്തേക്ക് കടന്നുവരരുത് എന്നും അവിടുള്ളവർ കരുതുന്നു - അതായത്, കാടും നാടും തമ്മിൽ സുവ്യക്തമായ ഒരു അതിർത്തി

---

[5] ഇത് വനംവകുപ്പിനെ മൊത്തത്തിൽ കുറ്റപ്പെടുത്തുന്നതല്ല-രാജ്യത്ത് മുഴുവനും ഒരുപോലെ ബാധകമാകുന്ന നിയമസംഹിതയിലൂടെ മൃഗസംരക്ഷണം ഉറപ്പാക്കുന്നതിനായി നിശ്ചിത ഉത്തരവുകൾ നടപ്പാക്കുന്ന ഒരു ഏജൻസി മാത്രമാണിത്.

വേണമെന്ന ആശയം കാടരികുകളിൽ താമസിക്കുന്നവരിലും ദൃശ്യമായിരിക്കുന്നു. ദൃഢവും തകർക്കാനാകാത്തതുമായ കരിങ്കൽ ഭിത്തികൾ കൊണ്ട് മനുഷ്യനെയും മൃഗങ്ങളെയും, സംസ്കാരത്തെയും പ്രകൃതിയെയും, വേർതിരിക്കുന്ന അതിരുകൾ നിർമിക്കുക എന്നതാണ് ഇവർ ഇതിനായി കണ്ടെത്തുന്ന സാങ്കല്പിക പരിഹാരം. ഇത് വിഭജനത്തെ ശക്തിപ്പെടുത്തുന്നതുമാണ്.

മൂന്നാമതായി, ബ്രിട്ടിഷ്ഭരണകാലത്തിലുണ്ടായിരുന്ന പോലെ പ്രാദേശികസാഹചര്യങ്ങളോട് ഒട്ടും യോജിക്കാതെ മേൽത്തട്ട് അധികാരത്തെ തുടർന്നും ഉറപ്പിച്ചുകൊണ്ടിരുന്ന നയങ്ങളുടെ തുടർച്ചയെപ്പറ്റിയും ഉമ്മൻ പറയുന്നു. മനുഷ്യൻ പരിഷ്കരിച്ചെടുത്ത കേരള പശ്ചിമഘട്ടമേഖലയിലെ കാടരികുകളിലുള്ള ഭൂപ്രകൃതികളിൽ മനുഷ്യരുടെ ആവശ്യങ്ങളും പാരിസ്ഥിതികപ്രവർത്തനങ്ങളും സന്തുലിതമാകുന്നതിനെക്കുറിച്ചുള്ള അവരുടെ പുസ്തകത്തിൽ (2011), അധികാരത്തിന്റെ മുകൾത്തട്ടുകളിൽ നിന്ന് നടപ്പിലാക്കിയ വനസംരക്ഷണത്തിന്റെ തിക്തഫലങ്ങൾ വ്യക്തികളുടെ ഭൂമിയിൽ വനവൃക്ഷങ്ങളുടെ പരിപാലനം ഉറപ്പാക്കാൻ വനപരിപാലകർ നടത്തിയ ശ്രമങ്ങളിൽ പ്രകടമായിരുന്നുവെന്ന് അവർ രേഖപ്പെടുത്തുന്നു (റാന്നി ഫോറസ്റ്റ് ഡിവിഷനിലെ കാടരികുകളിൽ നടത്തിയ ഫീൽഡ് വർക്കുകളിൽ നിന്ന്). മരങ്ങൾ സംരക്ഷിക്കാനായി സംസ്ഥാനസർക്കാർ നടപ്പാക്കിയ നിയമങ്ങളും ചട്ടങ്ങളും വ്യാപകമായി മരങ്ങൾ വെട്ടിമാറ്റുന്നത് തടയാനും, മണ്ണ്, ജലം എന്നിവ സംരക്ഷിക്കുന്നതിനും വേണ്ടിയായിരുന്നു. പക്ഷേ പാട്ടക്കരാറുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനിന്നിരുന്ന ഒരു സ്ഥലത്ത് അവ നടപ്പാക്കിയപ്പോൾ കാടരികുകളിലെ ചെറുകിട കർഷകർക്ക് എതിരായുള്ള ശത്രുതാപരമായ നീക്കമായിട്ടാണ് അവ അനുഭവപ്പെട്ടത് (2011:7).

ഈ ചരിത്രത്തിന്റെ വെളിച്ചത്തിൽ മനുഷ്യ-വന്യജീവിസംഘർഷം ഇന്ന് വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ട, ഏറെ ശ്രദ്ധ ആവശ്യപ്പെടുന്ന, പ്രശ്നമാണെന്നു കാണാം. തങ്ങൾ നേരിടുന്ന പ്രതികൂലസാഹചര്യങ്ങളെ മറികടക്കാൻ കാടരികുകർഷകർ പലപ്പോഴും സംഘടിക്കുന്നതിനാൽ ഭരണകൂടവും അവരും തമ്മിലുള്ള ബന്ധം കാലങ്ങളായി അത്ര സുഖകരമല്ല. കാടരികുകർഷകരും ഭരണകൂടവും തമ്മിലുള്ള ഈ തുടർസംഘർഷം വന്യജീവികടന്നുകയറ്റത്തെ നാം കാണുന്ന രീതിയെത്തന്നെ ബാധിച്ചിരിക്കുന്നു. ഇത് ആനയും

കടുവയും പോലെയുള്ള പ്രധാന സംരക്ഷിതമൃഗങ്ങൾക്ക് പ്രത്യേകം ബാധകമാണ് - അവയെ സർക്കാർ ആവശ്യത്തിലധികം പരിപാലിക്കുന്നുവെന്ന പരാതി ഇന്ന് ധാരാളം കേൾക്കുന്നു. കാടരികുപ്രദേശങ്ങളുടെ നിയന്ത്രണത്തിനായി ഇന്ന് അവസരങ്ങൾ തേടുന്ന, മത്സരിക്കുന്ന, മൂലധനശക്തികളാണ് മറുവശത്ത്. മതിൽ അല്ലെങ്കിൽ വേലി നിർമാണത്തിൽ നിന്ന് ലാഭമുണ്ടാക്കാൻ ശ്രമിക്കുന്ന കരാറുകാരൻ, പാറമടമുതലാളി, ടൂറിസ്റ്റ്-റിസോർട്ട് ഉടമ, പൊതുസമ്പത്ത് കൊള്ളയടിക്കാൻ ശ്രമിക്കുന്ന ക്രിമിനൽ താല്പര്യങ്ങളുള്ളവർ തുടങ്ങി എല്ലാവരും ഇതിലൂടെ ലാഭം അന്വേഷിക്കുന്നവരാണ്. ഇത്തരം മൂലധനതാല്പര്യങ്ങൾ ദീർഘകാലത്തിൽ ചെറുകിട-കർഷക താല്പര്യങ്ങൾക്ക് പൂർണ്ണമായും ഹാനികരമാണ്, എന്നാൽ ഹ്രസ്വകാലത്തിൽ ഈ യാഥാർഥ്യം വെളിച്ചത്തിൽ വരണം എന്നില്ല. കേരളത്തിന്റെ വനമേഖലയിലെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വിരുദ്ധ സമരങ്ങളിലൂടെ ഉയർന്നുവന്ന വന്യജീവിസംരക്ഷണവിരുദ്ധ വ്യവഹാരങ്ങളിൽ ഇത്തരം മൂലധനതാത്പര്യങ്ങളും വരേണ്യ-സമുദായതാല്പര്യങ്ങളും മുൻനിരയിൽ തന്നെയുണ്ടെന്നതും വ്യക്തമാണ് (Suresh and Suchithra 2021). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇത്തരം ഭരണകൂട-കർഷകസംഘർഷങ്ങളെ (മനുഷ്യ- വന്യജീവിസംഘർഷം ഇതിനു പകരമെന്നോണമാണ് അവതരിപ്പിക്കപ്പെടുന്നത്) അധികാരികളും അധികാരശൂന്യരും എന്ന ദ്വന്ദ്വത്തിലേക്കോ അടിച്ചമർത്തലും-പ്രതിരോധവും എന്ന തെളിഞ്ഞ വിശകലനക്രമങ്ങളിലേക്കോ ഒതുക്കാൻ കഴിയില്ല.

ഇത് തന്നെയാണ് നയരൂപീകരണത്തിന് മുന്നിലുള്ള പ്രശ്നവും. പശ്ചിമഘട്ടപരിസ്ഥിതി സംരക്ഷണത്തിനായുള്ള ഗാഡ്ഗിൽ ശുപാർശകളെ കുറിച്ചുള്ള ചർച്ചകൾ പലതും കടുത്ത അഭിപ്രായ ധ്രുവീകരണത്തിനാണ് ഇടവരുത്തിയത്. അവ പലപ്പോഴും ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ഉള്ളടക്കത്തെ തീർത്തും തെറ്റിദ്ധാരണാജനകമായ വിധത്തിലാണ് അവതരിപ്പിച്ചത്. ഭരണകൂടം തങ്ങളെ സംരക്ഷിക്കാൻ കൂട്ടാക്കുന്നില്ല, തങ്ങളുടെ ന്യായമായ ആവശ്യങ്ങളെയും അവകാശങ്ങളെയും സംരക്ഷിക്കുന്നില്ല എന്ന ബോധം കാടരികുകർഷകർക്കിടയിൽ ഇതുമൂലം ശക്തമായി. കാടരികുകർഷകരനുഭവിക്കുന്ന ക്ഷതസാദ്ധ്യതകളെ കൂടുതൽ തീവ്രമാക്കാനാണ് ഇതുതകിയത്. എന്നാൽ വന്യജിവികടന്നുകയറ്റമടക്കമുള്ള പ്രശ്നങ്ങളെ കർഷകപക്ഷത്തുനിന്ന് പരിഹരിക്കാൻ

അവർക്കിടയിൽ നിന്നുതന്നെ ശ്രമങ്ങളുണ്ടായിത്തുടങ്ങിയിരിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്ന ലക്ഷ്യത്തോടെ കാട്ടികുളത്ത് രൂപീകരിക്കപ്പെട്ട Wayanad Action Committee to Prevent Attack of Wild Animals എന്ന കർമസമിതി ഒരു ഉദാഹരണമാണ്. വന്യജീവികടന്നുകയറ്റം മൂലം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ആളപായത്തെ അധികൃതശ്രദ്ധയിലെത്തിക്കാൻ ശ്രമിക്കുന്നു. വയനാട്ടിൽ കാടുകൾക്കു പകരം വർദ്ധിച്ചുവരുന്ന തേക്ക്, യൂക്കാലി തോട്ടങ്ങൾ മൃഗങ്ങൾക്ക് ലഭിക്കേണ്ട തീറ്റയെ ഇല്ലാതാക്കുന്നുവെന്ന് വിരൽ ചൂണ്ടിക്കൊണ്ട് വനംവകുപ്പ് അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഇക്കൂട്ടർ അഭ്യർത്ഥിക്കുന്നു. ഇതും, Fair Trade Alliance Kerala പോലുള്ള മറ്റ് ഗ്രൂപ്പുകളും ഈ പ്രശ്നങ്ങൾക്കു ചുറ്റും വളർന്നുവരുന്ന സിവിൽസമൂഹത്തെ പ്രതിനിധീകരിക്കുന്നു. അതുപോലെ, മൃഗസംരക്ഷണത്തിനു ചുറ്റും ഒരു സിവിൽസമൂഹം ഇപ്പോൾ കേരളത്തിലെ നഗരപ്രദേശങ്ങളിലും രൂപപ്പെട്ടിട്ടുണ്ട്. സംവാദങ്ങളിൽ, പ്രത്യേകിച്ച് തെരുവുനായ്ക്കളെക്കുറിച്ചുള്ള സംവാദങ്ങളിൽ, അവർ സജീവമാണ്. ഏതൊരു നയപ്രക്രിയയിലും അവരുടെ ശബ്ദത്തെയും നമ്മൾ ഗൗരവമായി കേൾക്കേണ്ടതുണ്ട്.[6]

മനുഷ്യ-വന്യജീവിസംഘർഷപരിഹാരത്തിനായി തദ്ദേശസ്ഥാപനങ്ങളും വനംവകുപ്പും അടുത്തകാലത്ത് സഹകരിച്ചു പ്രവർത്തിച്ച ഉദാഹരണങ്ങളും ഇന്നുണ്ട്. എന്നിരുന്നാലും ഞങ്ങൾ അഭിമുഖം നടത്തിയ കാടരികുപഞ്ചായത്ത് അദ്ധ്യക്ഷരിൽ മിക്കവരും പ്രശ്നപരിഹാരത്തിന് ഫലപ്രദമായ മാർഗങ്ങൾ ഇപ്പോഴും കണ്ടെത്തിയിട്ടില്ലെന്ന് അഭിപ്രായപ്പെടുന്നവരാണ്. ഈ രണ്ട് ഏജൻസികൾ തമ്മിലുള്ള ഫലപ്രദവും തുല്യവുമായ സഹകരണം പ്രശ്നപരിഹാരത്തിലേക്ക് നയിക്കാനിടയുണ്ടെന്ന് കരുതാനും നല്ല കാരണങ്ങളുണ്ട്.

6 അനാവശ്യമായി കാടിനെ തോട്ടങ്ങളായി മാറ്റുന്നത് പ്രശ്നകരമാണെന്ന് ഗവേഷകർ ചൂണ്ടിക്കാട്ടുന്നുണ്ട്. പ്രകൃതിദത്തമായ തീറ്റ വനത്തിൽ ലഭ്യമാണെങ്കിൽ പോലും സമീപപ്രദേശങ്ങളിൽ ഭക്ഷ്യവിളകൾ ഉണ്ടെങ്കിൽ പല ജീവിവർഗങ്ങളും വിള തിന്നാൻ ഇഷ്ടപ്പെടുന്നുവെന്നതാണ് ഒരു പ്രശ്നം. എളുപ്പത്തിൽ ലഭ്യമാകുന്ന, ഉയർന്ന കലോറിയുള്ള ഭക്ഷ്യവിളകളുടെ ലഭ്യതയും മറ്റ് സവിശേഷതകളുമാകാം ഇതിന് കാരണം. ആനകൾ, കാട്ടുപന്നി മുതലായവ ഇത്തരത്തിലുള്ള ഭക്ഷണരീതിയിലേക്ക് പെട്ടെന്നു തന്നെ ചാഞ്ഞുപോകാറുണ്ട്. കാടിനുള്ളിൽ ആവശ്യത്തിനുള്ള തീറ്റ ലഭ്യമാണെങ്കിലും ഫലപ്രദമായ പ്രതിരോധമാർഗങ്ങൾ തീർത്തില്ലെങ്കിൽ ഇത്തരത്തിലുള്ള വിളമോഷണങ്ങൾ തുടരാനാണ് സാധ്യത.

മനുഷ്യരും വന്യജീവികളും തമ്മിൽ ഇന്ന് നിലനിൽക്കുന്ന സംഘർഷത്തിന്റെ കാര്യത്തിൽ നാമെടുക്കുന്ന തീരുമാനങ്ങളിൽ താഴെപ്പറയുന്ന പരിവർത്തനങ്ങൾ ഒഴിവാക്കാനാകാത്തവയാണെന്ന് ഞങ്ങൾ കരുതുന്നു.

a) ഒന്നാമതായി, പ്രതികൂലസാഹചര്യങ്ങളിൽ കാര്യമായ ക്ഷതസാദ്ധ്യത സഹിച്ചുകൊണ്ട് കാടരികുകളിൽ കൃഷി ചെയ്യുന്നവർക്ക് ആ കൃഷിക്ക് ആവശ്യമായ എല്ലാവിധപിന്തുണയും ശാക്തീകരണവും നൽകേണ്ടതുണ്ട്.

b) രണ്ടാമതായി, ഭരണകൂടത്തെപ്പറ്റി കർഷകർക്കുള്ള ആശങ്കകളെ കുറയ്ക്കാൻ നമുക്കു കഴിയണം. ഇന്ന് ഭരണകൂടത്തെ വിദൂരസ്ഥമായത്, കരുതലില്ലാത്തത്, അടിച്ചമർത്തുന്നത് എന്നിങ്ങനെ കാണാനുള്ള സാഹചര്യമാണ് കർഷകർക്കിടയിൽ നിലനിൽക്കുന്നത്. ഇവിടെയാണ് തദ്ദേശഭരണകൂടങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ പ്രാധാന്യം. ഭരണകൂടത്തെ മർദ്ദകസ്വഭാവമുള്ള വിദൂരസ്ഥാപനമായി കണ്ടിരുന്ന പതിവുകളിൽ നിന്ന് ജനത്തെ മാറ്റിയെടുക്കാൻ ഒരളവുവരെയെങ്കിലും തദ്ദേശജനാധിപത്യത്തിനു കേരളത്തിൽ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ എന്ന് പൊതുവിൽ അറിയപ്പെടുന്ന കേരള സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷന്റെ മുൻകൈയിൽ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട വനിതാ സ്വയംസഹായ സംഘങ്ങൾക്കാണ് കേരളം 1990-കളിൽ, ക്ഷേമപദ്ധതികളുടെ വിതരണച്ചുമതല ഏൽപ്പിച്ചത്. ഗ്രാമീണ വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കുണ്ടായിരുന്ന സ്വാധീനത്തിൽ ഇതോടെ കാര്യമായ കുറവുണ്ടായി. എന്നിരുന്നാലും പഞ്ചായത്തും സമൂഹാധിഷ്ഠിത സംഘടനയെന്ന നിലയിൽ ഫലപ്രദമായി വർത്തിക്കുന്ന കുടുംബശ്രീയുടെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളും സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ ഒരുമിച്ച് പ്രവർത്തിച്ച്, ഗുണഭോക്താക്കളിലേക്ക് ക്ഷേമപദ്ധതികളുടെ നേട്ടം കൃത്യമായി എത്തിക്കുന്ന പുതിയ സംവിധാനം സൃഷ്ടിച്ചെടുക്കുകതന്നെ ചെയ്തു. സമൂഹാധിഷ്ഠിത സംഘടനകൾക്കും പഞ്ചായത്തുകൾക്കും ക്ഷേമപദ്ധതികളുടെ വിതരണത്തിൽ കാര്യമായ പ്രാധാന്യവും അധികാരവും നൽകിയതോടെ കേരളത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

*വലിയ തോതിൽ മെച്ചപ്പെട്ടുവെന്ന വസ്തുത ഊട്ടിയുറപ്പിക്കുന്ന നിരവധി പഠനങ്ങൾ ലഭ്യമാണ്. ഇതേ മാതൃകയിൽ, വനം ഉൾപ്പെട്ടതോ കാടരികുകളിലുള്ളതോ ആയ എല്ലാ പഞ്ചായത്തുകളിലും ഉചിതമായ സമൂഹാധിഷ്ഠിതസംഘടനകൾ -- വനാതിർത്തിയിലെ കർഷകരുടെ സ്വയംസഹായസംഘങ്ങൾ -- ഉണ്ടാക്കണമെന്നും, ഈ ഗ്രാമ പഞ്ചായത്തുകളും കർഷകരുടേതായ സ്വയംസഹായസംഘങ്ങളും ഒത്തൊരുമിച്ച് വനംവകുപ്പിന്റെ മൊത്തത്തിലുള്ള പിന്തുണയോടെ പ്രശ്നപരിഹാരത്തിനായി പ്രവർത്തിക്കണമെന്നുമുള്ള നിർദ്ദേശം മുന്നോട്ടുവെയ്ക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ നിർദ്ദേശം നടപ്പിലായാൽ പഞ്ചായത്ത്-സമൂഹാധിഷ്ഠിതസംഘടനാസഖ്യത്തെയും, വനംവകുപ്പിനെയും തുല്യനിലയിൽ പരിഗണിക്കണം[7].*

ഇന്നത്തെ രൂപത്തിലുള്ള തദ്ദേശസർക്കാരുകൾക്ക് മനുഷ്യ-വന്യജീവി സംഘർഷങ്ങളെ നേരിടാനുള്ള പ്രവർത്തനത്തിൽ കൂടുതൽ ഭാരിച്ച ഉത്തരവാദിത്തങ്ങൾ ഏൽപ്പിച്ചുകൊടുക്കണമെന്നല്ല ഞങ്ങളുടെ നിർദ്ദേശമെന്നത് പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. മറിച്ച്, അവിടെ കൂടുതൽ ജനാധിപത്യവത്ക്കരണം ഉണ്ടാകണമെന്നും, പ്രശ്നം നേരിടാൻ ഒരു പുതിയ സമൂഹാധിഷ്ഠിതസംഘടനയ്ക്ക് രൂപം നൽകണം എന്നുമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. പല വനംവകുപ്പ് ഉദ്യോഗസ്ഥരും മറ്റുള്ളവരും ഞങ്ങളോട് സൂചിപ്പിച്ചതു പോലെ, ഇന്നത്തെ രൂപത്തിലുള്ള തദ്ദേശസർക്കാരുകൾ വളരെയധികം ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഇപ്പോൾത്തന്നെ വഹിക്കുന്നുണ്ട്. വേണ്ടത്ര സാമ്പത്തിക പിന്തുണ നേടാൻ അവ പലപ്പോഴും പണിപ്പെടുന്നുമുണ്ട്. ഇന്നത്തെ നിലയ്ക്ക് പുതിയ ഉത്തരവാദിത്വങ്ങൾ ഏൽക്കാൻ അവയ്ക്ക് കഴിയണമെന്നുമില്ല. മാത്രമല്ല, ചില തദ്ദേശസർക്കാരുകൾതിരെ

---

7 സി. ആർ. ബിജോയ് ചൂണ്ടിക്കാട്ടുന്നു - "മനുഷ്യവന്യജീവി സംഘർഷത്തിന്റെ സ്വഭാവം സ്ഥലകാലമനുസരിച്ച് മാറിക്കൊണ്ടേയിരിക്കും. ഇക്കോളജീയസാഹചര്യങ്ങളുടെ ചലനാത്മകസ്വഭാവവും ജന്തുവർഗങ്ങളുടെ സവിശേഷതകളുമനുസരിച്ചാണ് അത് സദാ മാറ്റത്തിനു വിധേയമാകുന്നത്. അതുകൊണ്ട് ഈ പ്രശ്നത്തെ സാങ്കേതികവും മാനേജീരിയൽ സ്വഭാവമുള്ളതുമായ പരിഹാരങ്ങളിലൂടെ സമീപിക്കാനുള്ള ശ്രമങ്ങൾ പാഴാകാനാണിട. മാറി വരുന്ന സാഹചര്യങ്ങളോട് നിരന്തരം ശ്രദ്ധ പുലർത്താനും ഫലപ്രദമായി പ്രതികരിക്കാനുമുള്ള പ്രായോഗികശേഷിയുള്ള ഒരു സംവിധാനമാണ് ആ പ്രശ്നം ആവശ്യപ്പെടുന്നത്. ഇതാകട്ടെ തികച്ചും ജനാധിപത്യപരവും വികേന്ദ്രീകൃതവും തദ്ദേശതലത്തിൽ വേരുകളുള്ളതും കഴിവതും നേരിട്ടുള്ള ജനാധിപത്യ പ്രയോഗങ്ങളെ ആശ്രയിക്കുന്നവയുമായിരിക്കണം. എല്ലാവരുടെയും ആവശ്യങ്ങളെ പരിഗണിച്ചുകൊണ്ട് മാറുന്ന പരിതസ്ഥിതികളെ നേരിടാൻ പ്രാപ്തമായിരിക്കണം ഇത്. ഇന്നത്തെ വനഭരണത്തിലോ പഞ്ചായത്ത് ഭരണത്തിലോ ഇത്തരം ഒരു സംവിധാനം നിലവിലില്ല". (ഇമെയിൽ സന്ദേശം).

ഉയർന്നിട്ടുള്ള അഴിമതിയാരോപണങ്ങളും, ഫലപ്രദങ്ങളായ പദ്ധതികൾക്കു പകരം വൻകിടവികസനത്തെ പിൻതുടരാൻ പല തദ്ദേശസർക്കാരുകൾ കാട്ടുന്ന പ്രവണതയും ഞങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നില്ല.

c) മൂന്നാമതായി, മനുഷ്യ-വന്യജീവി സംഘർഷമെന്ന പ്രശ്നത്തിനു ചുറ്റും വളർന്നു വന്നിരിക്കുന്ന സിവിൽസമൂഹത്തിന് പറയാനുള്ളത് കേട്ടേ മതിയാകൂ. സഹവർത്തിത്വത്തിന്റെ പ്രായോഗികമായ ചട്ടക്കൂടുകൾ അന്വേഷിക്കുന്നതും വന്യജീവികളെ വിലവയ്ക്കുന്നതും, തദ്ദേശ ജനവിഭാഗങ്ങളുടെ അവകാശങ്ങൾക്ക് മതിയായ പ്രാധാന്യം കൊടുക്കുന്നതുമായ ഒരു ഇടനിലം കണ്ടെത്താനുള്ള ശ്രമങ്ങൾ ഉണ്ടാകണം.

d) നാലാമതായി, മനുഷ്യ-വന്യജീവി സംഘർഷം എന്ന പ്രശ്നത്തെ ഇന്ന് പൊതുചർച്ചകളിൽ അവതരിപ്പിക്കുന്ന രീതി തന്നെ മാറണം. അതിനെ കാടരികുജനസമൂഹത്തെ മാത്രം ബാധിക്കുന്നത് എന്ന തരത്തിലല്ല കാണേണ്ടതും അവതരിപ്പിക്കേണ്ടതും. മറിച്ച്, നഗരമേഖലകളിൽ അടക്കം, വന്യജീവികളും വന്യസ്വഭാവം കാണിക്കുന്ന ജന്തുവർഗങ്ങളും അലഞ്ഞുതിരിയുന്ന മൃഗങ്ങളും ഏറിവരുന്നതു കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ നിലനിൽക്കുന്ന കേരളത്തിലെ ഏതാണ്ട് എല്ലാ ഭാഗങ്ങളെയും ബാധിക്കുന്ന പ്രശ്നമാണത്. ഇതിനു കണ്ടെത്തുന്ന പോംവഴി തീർച്ചയായും കാടരികുകളിലുള്ള ജനവിഭാഗങ്ങളെ ആയിരിക്കും ലക്ഷ്യം വെയ്ക്കുക, അതുകൊണ്ട് നഷ്ടം സഹിക്കേണ്ടിവരുന്നവർ അവരായിരിക്കും എന്ന തോന്നൽ ഇന്ന് വ്യാപകമാണ്. ഇത് മാറേണ്ടതുണ്ട്. കേരളത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് അതിപ്രധാനമായ സ്ഥലമായതുകൊണ്ടു തന്നെ കാടരികുകൃഷിയിടങ്ങൾക്ക് തദ്ദേശത്തെ കവിഞ്ഞുനിൽക്കുന്ന പ്രാധാന്യമുണ്ട്. മനുഷ്യ-വന്യജീവി ഇടസ്ഥലം ചുരുങ്ങുക എന്ന വിശാലപ്രശ്നത്തിന്റെ ഉപപ്രശ്നങ്ങളിൽ ഒന്നായി വേണം ഇതിനെ പരിഗണിക്കാൻ. കേരളത്തിന്റെ പല ഭാഗങ്ങളിൽ ഇത് രൂപമെടുത്തിട്ടുള്ളത് പലവിധത്തിലാണ്. ആ സവിശേഷരൂപീകരണചരിത്രങ്ങളുടെ പശ്ചാത്തലത്തിൽ

മനുഷ്യ-മനുഷ്യേതര നിർവാഹകത്വത്തെയും പങ്കാളിത്തത്തെയും ഒരുവശത്തും[8], സാങ്കേതിക വിദ്യയുടെ സാദ്ധ്യതകളെ മറുവശത്തും കണ്ടുകൊണ്ടുവേണം പ്രശ്നപരിഹാരം തേടാൻ. ഏറിവരുന്ന മൃഗജന്യ രോഗങ്ങൾ സൂചിപ്പിക്കുന്നതുപോലെ, ഇന്ന് കാടരികുകളിൽ നിന്ന് ഏറെയകലെ ജീവിക്കുന്ന മനുഷ്യരെപ്പോലും വനനശീകരണവും മരങ്ങൾ ഇല്ലാതാകുന്നതുംകൊണ്ടുള്ള പ്രശ്നങ്ങൾ നേരിട്ടുതന്നെ ബാധിക്കുന്നുണ്ട്.

e) കാടരികുകളിലും മറ്റേത് സ്ഥലത്തുള്ളതുമായ കൃഷിയ്ക്ക് വന്യജീവികളും വനത്താൽ സംരക്ഷിക്കപ്പെടുന്ന ആവാസവ്യവസ്ഥയും ഭീമമായ ഇക്കോവ്യവസ്ഥാസേവനങ്ങളാണ് ചെയ്യുന്നതെന്ന വസ്തുത ഇന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ കാടരികുകളിൽ (മറ്റ് സ്ഥലങ്ങളിലും) ഉള്ള മനുഷ്യരുടെയും മൃഗങ്ങളുടെയും അതിജീവനം പരസ്പരം ആശ്രയിച്ചിരിക്കുന്നുവെന്ന് ഊന്നിപ്പറയേണ്ടതുണ്ട് (ഉദാഹരണത്തിന് തേനീച്ചകൾ, ചിലന്തികൾ, പരാഗണം സാധ്യമാക്കുന്ന പ്രാണികൾ, മണ്ണിരകൾ, പാമ്പുകൾ, കീടങ്ങളെ തിന്നുന്ന പക്ഷികൾ തുടങ്ങിയവ മനുഷ്യരുടെ അതിജീവനത്തിന് അനിവാര്യമാണെന്നത്). ഔദ്യോഗിക സംവാദങ്ങളും നയനിർവഹണവും ദ്വന്ദ്വചിന്തയിലേക്ക് ചുരുങ്ങുന്ന (ഒന്നുകിൽ മനുഷ്യർ അല്ലെങ്കിൽ ജന്തുക്കൾ എന്ന മട്ടിലുള്ള ചിന്ത) ആലോചനാരീതികൾ ഉപേക്ഷിക്കേണ്ടത് ഈ ഘട്ടത്തിൽ സുപ്രധാനമാണ്.

f) സചേതനമായ ഏതിനോടുമുള്ള ബഹുമാനം മുറുകെപ്പിടിക്കുന്നതും വന്യജീവജാലങ്ങളുമായി സമാധാനപൂർണമായ സഹവർത്തിത്വത്തിന് ആഹ്വാനം ചെയ്യുന്നതും ആഗോളവത്കൃതമുതലാളിത്തത്തിന്റെ എല്ലാം വിഴുങ്ങുന്ന ആർത്തിയെ നേരിടാൻ കെൽപ്പുള്ള മൂല്യങ്ങളാണ്. എന്നാൽ ആഗോള-ഉത്തരദേശ (Global

[8] ദീർഘായുസ്സുള്ള ജന്തുവർഗങ്ങൾ പലപ്പോഴും ഈ സംഘർഷത്തെ കൃത്യമായി ഓർത്തുവയ്ക്കുന്നതും അടുത്ത തലമുറയിലേക്കു കൈമാറുന്നതും ഇപ്പോൾ വന്യജീവി, വിഭവഗവേഷകർ കാര്യമായി സമ്മതിക്കുന്ന കാര്യമാണ്. ഉദാഹരണത്തിന് ആനകൾ അതിരുകളെ തരണം ചെയ്യാൻ പഠിക്കുന്നതും കെണികളെ ഓർത്തുവയ്ക്കുന്നതും പ്രതിബന്ധങ്ങളെ മറികടക്കാൻ ബുദ്ധിപൂർവം ശ്രമിക്കുന്നതും മീരാ ഉമ്മൻ അവരുടെ ഗവേഷണരചനയിൽ രേഖപ്പെടുത്തുന്നു (2019).

North) രാഷ്ട്രീയ-ധാർമ്മിക മുഖംമൂടിയെയും അവയ്ക്ക് പ്രാദേശിക തലത്തിൽ ഉണ്ടായേക്കാവുന്ന അനുരണനങ്ങളെയും കണക്കിലെടുത്തുകൊണ്ടല്ലാതെ ഈ മൂല്യങ്ങളെ പരിഗണിക്കാനാകില്ല. മനുഷ്യ-വന്യജീവി സംഘർഷങ്ങളെക്കുറിച്ചുള്ള സംവാദങ്ങളെ നയിക്കുന്ന മൂല്യങ്ങളായി ഇവയെ ഉയർത്തിപ്പിടിക്കുന്നതിനു പകരം, പ്രകൃതി-സംസ്കൃതി ദ്വന്ദമാണ് മൂലസത്യമെന്ന രീതിയിലുള്ള പ്രചാരണം ഇനിയുണ്ടാകാത്ത രീതിയിൽ കേരളത്തിലെ എല്ലാ പൊതുവിദ്യാഭ്യാസ സമ്പ്രദായങ്ങളിലും ഇവ ഉൾപ്പെടുത്തുന്നതായിരിക്കും കൂടുതൽ ഉചിതം.

**മനുഷ്യ-വന്യജീവി ഇടസ്ഥലം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശസ്ഥാപനങ്ങളെ ശാക്തീകരിക്കുക.**

കാടരികുകളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിലൂടെയോ വന്യജീവികൾക്ക് അപ്രിയകരമായ വിളകൾ നട്ടുപിടിപ്പിക്കുന്നതിലൂടെയോ മനുഷ്യ-വന്യജീവി സംഘട്ടനം പരിഹരിക്കാൻ ശ്രമിക്കുന്നത് ഒരു താൽക്കാലിക ഉപായമാണ്. കാരണം, തോട്ടങ്ങളും ഉപേക്ഷിക്കപ്പെട്ട പ്രദേശങ്ങളും കടന്ന് വന്യജീവികൾക്ക് മനുഷ്യവാസസ്ഥലങ്ങളിൽ എത്താൻ (വന്യജീവി ഇനങ്ങളിൽ പ്രകടമായ പെരുമാറ്റവ്യത്യാസം കണക്കിലെടുക്കുമ്പോൾ) കഴിയും - കാടരികുകളിലെ ജനവാസം കുറഞ്ഞാൽ അതൊരുപക്ഷേ വളരെ എളുപ്പമാകും. കാട്ടുപന്നികൾ പോലുള്ള ജന്തുഇനങ്ങൾ ആവശ്യമെങ്കിൽ ഓരോ രാത്രിയും ഭക്ഷണം തേടി കിലോമീറ്ററുകളോളം സഞ്ചരിക്കുന്നവയാണ്. കൂടാതെ, ചെറുകിട കർഷകരെ ഭൂമി വിട്ട് പോകാൻ പ്രോൽസാഹിപ്പിക്കുന്നത് കൂടുതൽ ദോഷകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും: വനഭൂമിയിൽ കൂടുതൽ വിനാശകാരികളായ റിസോർട്ടുകൾ, പാറമടകൾ തുടങ്ങിയ താല്പര്യങ്ങൾ ഈ ഭൂമി കൈയ്യടക്കിയേക്കാം. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കാടരികുകളിലുള്ള ആദിവാസികളും ആദിവാസികളല്ലാത്തവരുമായ കർഷകരെ ശാക്തീകരിക്കുക എന്നതാണ് ഇതിനുള്ള ഒരു പോംവഴി.

ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ നയപരമായ നിർദ്ദേശങ്ങളും ഉൾക്കാഴ്ചകളും താഴെ പറയുന്നവയാണ്:

1. കേരളത്തിൽ കാടും കാടരികുമുള്ള പഞ്ചായത്തുകളെക്കുറിച്ചുള്ള വിവരങ്ങൾ വളരെ വിരളമാണ് എന്ന് ഞങ്ങൾ സമീപിച്ച ഒട്ടുമിക്ക അധികാരികളും ഗവേഷകരും അഭിപ്രായപ്പെട്ടു. ഏതെങ്കിലും പ്രധാനപ്പെട്ട നയപരമായ ഇടപെടലിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് ഈ കുറവ് പരിഹരിക്കാൻ ഒരു കൂട്ടായ ശ്രമം നടത്തേണ്ടതുണ്ട്- വ്യാപ്തി, ജനസംഖ്യ, കാടുകളുടെ അതിർത്തിയും ഒറ്റപ്പെട്ട പ്രദേശങ്ങളും, സാമ്പത്തികം, കൃഷി, ഉപജീവനമാർഗങ്ങൾ, സാമൂഹ്യമാറ്റത്തിന്റെ സജീവവശങ്ങൾ (ലിംഗം, ജാതി, വംശം, പ്രായം), മനുഷ്യ-വന്യജീവി ഇടസ്ഥലത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ (ഉദാഹരണത്തിന് ആവൃത്തികൾ, ദൈർഘ്യം, തീവ്രത, വിവിധ ജന്തുഇനങ്ങൾ നടത്തുന്ന വിള ആക്രമണത്തിന്റെ രീതികൾ) എന്നിവ ഈ പ്രദേശങ്ങളിൽ നിന്ന് ശേഖരിക്കണം.

2. വന്യമൃഗങ്ങളാൽ വിളകൾ നഷ്ടപ്പെടുന്ന കർഷകർക്ക് ഇപ്പോൾ ലഭ്യമാക്കുന്ന തുച്ഛമായ തുകയ്ക്ക് പകരം ന്യായവും മതിയായതുമായ നഷ്ടപരിഹാരം ലഭ്യമാക്കണം - ഈ നഷ്ടപരിഹാരത്തുകകൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നുണ്ടെങ്കിലും ഇപ്പോഴും വളരെ കുറവാണ്. മതിയായ നഷ്ടപരിഹാരവും ഇൻഷുറൻസ് പദ്ധതിയും എത്രയും വേഗം ലഭ്യമാക്കുന്നതിലൂടെ കാടരികുവാസികൾക്കിടയിൽ വർദ്ധിച്ചു വരുന്ന ഉത്കണ്ഠയും പിരിമുറുക്കവും കുറയുമെന്ന് എല്ലാ കക്ഷികളും സമ്മതിച്ചിരുന്നു.

   വനം വകുപ്പ് ഇപ്പോൾ നൽകി വരുന്ന തുക നഷ്ടപരിഹാരമല്ല, ഔദാര്യമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. - ഇത് ഇൻഷുറൻസ് അടങ്ങുന്ന നഷ്ടപരിഹാരമായി ഉയർത്തേണ്ടതുണ്ട്. കൂടാതെ പരിഹാര്യ വനവത്കരണ ഫണ്ടും (compensatory afforestation fund) ഇതിനായി ഉപയോഗിക്കണമെന്നും പലരും നിർദ്ദേശിക്കുന്നു. വാണിജ്യവിളകൾക്ക് പുറമേ, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന മരിച്ചീനി പോലുള്ള നിർണായക ഭക്ഷ്യവിളകൾക്കും പ്രാദേശിക ഭക്ഷ്യസുരക്ഷ

ഉറപ്പാക്കുന്ന, പ്രത്യേകിച്ച് കിഴങ്ങുകൾ, പച്ചക്കറികൾ പോലുള്ള മറ്റു വിളകൾക്കും നഷ്ടപരിഹാരം വർദ്ധിപ്പിക്കണം. ജീവന്റെ നഷ്ടം ഉൾപ്പെടെയുള്ള അപായങ്ങൾക്ക് നഷ്ടപരിഹാരത്തുകകൾ കൃഷി വകുപ്പ്, ആദിവാസി - ആദിവാസ്യേതര കാടരികുകർഷകസമൂഹങ്ങളുടെ പ്രതിനിധികൾ, കൃഷി ഏറ്റെടുക്കുന്ന സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ (Joint Liability Groups), കർഷകസംഘടനകൾ തുടങ്ങിയവർ ഉൾപ്പെടെ എല്ലാ പങ്കാളികളുടെയും മതിയായ പ്രാതിനിധ്യത്തോടെ സർക്കാർ രൂപീകരിച്ച ജില്ലാതല കമ്മിറ്റികളാണ് തീരുമാനിക്കേണ്ടത്. കാടരികുകളിലെ ആദിവാസിസമൂഹത്തിന്റെയും കർഷക സമുദായങ്ങളുടെയും പ്രതിനിധികൾ ഈ കമ്മിറ്റികളുടെ നേതൃത്വം വഹിക്കുന്നതിനായി ഔപചാരികചട്ടങ്ങൾ നിർമ്മിക്കുകയും വേണം. പ്രത്യേകസംഭവങ്ങളുണ്ടാകുമ്പോൾ വിലയിരുത്താനും നഷ്ടപരിഹാരത്തുകയും തരങ്ങളും നിർദ്ദേശിക്കുവാനും ഇവർക്ക് അധികാരമുണ്ടായിരിക്കണം. നഷ്ടപരിഹാരവും പ്രതിഫലം നൽകലും സംബന്ധിച്ച ഏതൊരു തീരുമാനത്തിനും അവരുടെ സമ്മതം ആവശ്യമാണ്. ഏറ്റവും പ്രധാനമായി, സമിതിയുടെ നിയമപരമായ പദവി സ്ഥിരീകരിക്കണം.

3. കാടരികുജനതകളിൽനിന്ന് ഭരണകൂടത്തിലേക്കുള്ള ദൂരം മനുഷ്യ-വന്യജീവി സംഘട്ടനം പരിഹരിക്കാനുള്ള ശ്രമങ്ങളിൽ ഗുരുതരമായ തടസമുണ്ടാക്കുന്നുവെന്ന് എല്ലാവരും അവരുടേതായ രീതികളിൽ സമ്മതിക്കുന്നതായാണ് കാണുന്നത്. അതിനാൽ, സോളാർ വേലി, നഷ്ടപരിഹാരം, ഇൻഷുറൻസ് തുടങ്ങിയ നടപടികൾ ഉൾപ്പെടെ നിരവധി സുപ്രധാന വിഷയങ്ങളിൽ പ്രധാന തീരുമാനങ്ങളെടുക്കലും പരിപാലന ചുമതലകളും പഞ്ചായത്തിന് കൈമാറേണ്ടത് ആവശ്യമാണ്. അങ്ങനെയെങ്കിൽ വേലികളുടെ പതിവ് അറ്റകുറ്റപ്പണികൾ താമസമില്ലാതെയും ക്രമമായും കൃത്യസമയത്തും ചെയ്യാനും, പ്രശ്നബാധിതരായ കർഷകർക്കുള്ള നഷ്ടപരിഹാരം വേഗത്തിലും എളുപ്പത്തിലും എത്തിക്കാനും സാധിക്കും. കാടിനെ നാടിൽ നിന്നു വേർതിരിക്കുന്ന ഇടപ്രദേശത്തെ (ബഫർ സോൺ) എല്ലാ വനപുനരുജ്ജീവന പ്രവർത്തനങ്ങളിലും വനം വകുപ്പിനും റവന്യൂ വകുപ്പിനുമൊപ്പം തുല്യപങ്കാളിയായി പ്രവർത്തിക്കാൻ പഞ്ചായത്തിന് അധികാരം നൽകണം.

അടുത്തിടെ കണ്ടെത്തിയത് പോലെ, വനം, കൃഷി വകുപ്പുകൾക്ക് ഇരട്ടി പ്രതിഫലം നൽകുന്നത് തടയാൻ ഇതുവഴി സാധിക്കും. നിലവിൽ മൃഗങ്ങളെ തടയുന്ന സംവിധാനങ്ങൾ പ്രവർത്തനശൂന്യമായാൽ അവയെ വീണ്ടും പ്രവർത്തനസജ്ജമാക്കും വരെ മൃഗങ്ങളുടെ കടന്നുകയറ്റം തടയുന്നതിന് പ്രാദേശിക കാവൽക്കാരെ നിയമിക്കാൻ പഞ്ചായത്തിന് അധികാരം നൽകണം[9].

4. നിലവിൽ കാടരികുകളിലുള്ള ഒരു പഞ്ചായത്തിനും മേൽപ്പറഞ്ഞ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള സാമ്പത്തിക ശേഷിയില്ല. അതിനാൽ, കാട്ടുകളിലോ കാടരികുകളിലോ ഉള്ള പഞ്ചായത്തുകൾക്ക് സംസ്ഥാനസർക്കാരിൽ നിന്ന് വളരെ വലിയ പിന്തുണ ലഭിക്കേണ്ടതുണ്ട്. അതായത്, വിവിധവകുപ്പുകളുടെ വിഹിതം സംയോജിപ്പിക്കുന്നത് തുടങ്ങി നിരവധി കാര്യങ്ങൾ സംസ്ഥാന സർക്കാരിന് ചെയ്യേണ്ടി വന്നേക്കാം. മനുഷ്യ-വന്യജീവി സംഘർഷം, കാർഷികരീതികൾ, മറ്റ് പ്രസക്തമായ പരിവർത്തിത ഘടകങ്ങൾ എന്നിവയെക്കുറിച്ചുള്ള ഡാറ്റയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്തുകൾക്ക് ലഭ്യമാക്കേണ്ട ഫണ്ട് തീരുമാനിക്കേണ്ടത്. പ്രധാന വന്യജീവിസംരക്ഷണമേഖലകളോട് ചേർന്നുള്ള ജില്ലകൾ/ പഞ്ചായത്തുകൾ എന്നിവയ്ക്ക് പ്രശ്നത്തിന്റെ വലുപ്പത്തിന് ആനുപാതികമായ പ്രത്യേക വിഹിതം അനുവദിക്കണം. സാമ്പത്തിക പിന്തുണ കൂടാതെ, പല പഞ്ചായത്തുകൾക്കും പ്രാരംഭഘട്ടത്തിൽ കാര്യക്ഷമതാവർദ്ധനസഹായവും പിന്തുണയും ആവശ്യമായി വന്നേക്കാം.

5. കാട്ടുള്ളതും കാടരികിലുള്ളതുമായ പഞ്ചായത്തുകളിൽ കാടിനോട് ചേർന്നുള്ള വാർഡുകളിലെ വാർഡ്-സഭകളോട് ജനജാഗ്രതാ സമിതികളെ ഉത്തരവാദപ്പെടുത്തിക്കൊണ്ട് അവയെ കൂടുതൽ ജനാധിപത്യവൽക്കരിക്കുക

[9] കഴിഞ്ഞ കുറച്ച് വർഷങ്ങളായി, മനുഷ്യ-വന്യജീവി സംഘട്ടന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനായി ജനജാഗ്രതാ സമിതികൾക്ക് സർക്കാർ ഉത്തരവിലൂടെ ഇതിനകം അധികാരം നല്കിയിട്ടുണ്ട്, പക്ഷേ അവർ നേതൃത്വമോ ഉത്തരവാദിത്തമോ ഏറ്റെടുക്കുന്നതിൽ നിന്ന് പിന്മാറുന്ന സാഹചര്യമാണുള്ളത്. എന്തുകൊണ്ടാണ് പഞ്ചായത്തുകൾ പ്രധാന കർത്തവ്യങ്ങൾ ഏറ്റെടുത്തുകൊണ്ട് ഉയർന്നുവരാത്തതെന്നത് ഉടമസ്ഥാവകാശമെന്ന ഒരു വലിയ പ്രശ്നത്തിന്റെ വെളിപ്പെടുത്തലാണ്-വന്യജീവികളുടെ ഉടമസ്ഥാവകാശം സർക്കാരിനാണോ ജനങ്ങൾണോ എന്നത് തീർയായും ഒരു ചോദ്യമാണ്. ഇക്കാര്യം ചൂണ്ടിക്കാട്ടിയ ജെയിംസ് സക്കറിയാസിന് നന്ദി.

എന്നതായിരുന്നു പൊതുവെ ഉയർന്നുവന്ന മറ്റൊരു നിർദ്ദേശം[10]. ഇപ്പോൾത്തന്നെ കാടരികുകർഷകരുടെ പ്രാതിനിധ്യമുള്ള ഈ സമിതികളുടെ ചുമതല കൂടുതൽ വിപുലീകരിക്കാൻ കഴിയും. സമിതികൾ ചർച്ച ചെയ്യുന്ന പ്രശ്നങ്ങളിൽ പ്രാദേശിക വാർഡ് സഭകൾക്ക് പ്രധാന പങ്കുള്ളതിനൊപ്പം, അവയുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കാനുള്ള അവകാശവും ഉൾപ്പെടുന്നു. ജനജാഗ്രത സമിതിയുടെ മുഴുവൻ സാധ്യതകളും കൂടുതൽ വിപുലീകരിക്കേണ്ടതുണ്ട്. സംഘർഷാവസ്ഥകൾ കൂടുതലായ ഓരോ സ്ഥലങ്ങളിലും മറ്റ് ചില സംസ്ഥാനങ്ങളിൽ പരീക്ഷിച്ച് വിജയിച്ചതു പോലുള്ള പ്രാഥമികപ്രതികരണസംഘങ്ങൾ (primary responders) ഏർപ്പെടുത്താം. പഞ്ചായത്തിന്റെ പ്രൈമറി റെസ്പോണ്ടേഴ്സ് ടീമും വനം വകുപ്പിന്റെ റാപ്പിഡ് റെസ്പോൺസ് ടീമും ഒരുമിച്ച് പ്രവർത്തിക്കണം.

6. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) തൊഴിലാളികളെയും പ്രത്യേകം അനുവദിച്ച ഫണ്ടിൽ നിന്ന് പണം നൽകി കാടരികുകർഷകരുടെ പ്രത്യേക സ്വാശ്രയ ഗ്രൂപ്പുകളെയും കാടരികുപാലനച്ചുമതലകൾക്കായി നിയോഗിക്കാൻ പഞ്ചായത്തുകൾക്ക് അധികാരമുണ്ടാകണം. ഈ ഗ്രൂപ്പുകൾ അതാതു ജനജാഗ്രതാസമിതികളോട് നേരിട്ടും വാർഡുസഭകളോട് പൊതുവിലും ഉത്തരവാദപ്പെട്ട് പ്രവർത്തിക്കണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ പ്രശ്നത്തിന്റെ പരിഹാരകാര്യത്തിൽ പ്രസക്തരായ അധികാരികളുടെയും അത് നേരിട്ടു ബാധിക്കുന്ന സിവിൽസമൂഹത്തിന്റെയും കൂടിക്കാഴ്ചാവേദിയായി കാടരികുഗ്രാമപഞ്ചായത്ത് മാറണം. ബഫർ സോണുകളുടെ ആരോഗ്യം പുനരുജ്ജീവിപ്പിക്കാൻ സഹായിക്കുന്നതിന് വനം വകുപ്പുമായി ചേർന്ന് പഞ്ചായത്തിന്റെ സംയുക്ത പ്രവർത്തനത്തിൽ തൊഴിലുറപ്പ് തൊഴിലാളികളെ നിയമിക്കണം. അധിനിവേശങ്ങളും മറ്റ് അപകടങ്ങളും അവിടെയുള്ള വന്യജീവികളുടെ തീറ്റയുടെ ലഭ്യതയ്ക്ക് ഭീഷണിയാകരുത്. തുടർച്ചയായി നടക്കുന്ന ശ്രമമെന്ന

[10] രാധാ ഗോപാലൻ സൂചിപ്പിച്ചതു പോലെ, ഈ കാര്യത്തിൽ തദ്ദേശജനങ്ങളുടെ പ്രയത്നത്താൽ വിജയകരമായ പരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് കാണുക, https://www.aljazeera.com/features/2019/3/14/rohingya-tusk-force-keeps-refugees-safe-from-deadly-elephants , accessed 18 Oct. 2021.

നിലയിൽ, മൃഗങ്ങളെ പ്രതിരോധിക്കുന്ന ഉപകരണങ്ങളുടെയും അവയുടെ ഉപയോഗരീതികളുടെയും തെരഞ്ഞെടുപ്പ്, മേൽനോട്ടം, അറ്റകുറ്റപ്പണികൾ എന്നിവ കർഷകരുടെ സ്വയംസഹായ സംഘങ്ങളെ ഏൽപ്പിക്കേണ്ടതാണ്. 2019ലെ വിനാശകരമായ കാട്ടുതീയ്ക്കെതിരെയുള്ള പ്രതികരണത്തിൽ ഇത്തരമൊരു സമീപനം പ്രകടമായിരുന്നുവെന്നും പഞ്ചായത്തുകളും വനം വകുപ്പും സംയുക്തശ്രമങ്ങൾക്ക് പദ്ധതികൾ തയാറാക്കിയിരുന്നുവെന്നും ഇവർ അഭിപ്രായപ്പെട്ടു (നിർഭാഗ്യവശാൽ, മഹാമാരി മൂലം അത്തരം സംവിധാനങ്ങളെല്ലാം സ്തംഭിച്ചു). വനമേഖലകൾ ഭക്ഷണരഹിതമാകുന്നതിനും വന്യമൃഗങ്ങൾ ആക്രമണകാരികൾ ആകുന്നതിനും ഒരു പ്രധാന കാരണം കാട്ടുതീയാണ്. MGNREGS തൊഴിലാളികളെ ഉപയോഗിക്കുന്ന പഞ്ചായത്തുകൾക്ക് കാട്ടുതീ തടയുന്നതിൽ വനം വകുപ്പിനൊപ്പം ഒരു പ്രധാന പങ്ക് നൽകണം. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ പഞ്ചായത്തിനെ കേവലം അനുസരണയുള്ള നടത്തിപ്പുകാർ ആക്കുന്നതിന് പകരം തുല്യപങ്കാളിയാക്കുക എന്നതാണ് പ്രധാന കാര്യം.

**പരസ്പരം കൈത്താങ്ങാകുന്ന കർഷകർ: കണ്ണൂരിൽ നിന്നുള്ള ഒരു ഉദാഹരണം**

വന്യജീവികളുടെ കടന്നുകയറ്റം വൻതോതിൽ കൂടിയതോടെ പന്ത്രണ്ട് വർഷത്തിലേറെക്കാലമായി ദുരിതമനുഭവിക്കുകയായിരുന്നു കണ്ണൂരിലെ വനാതിർത്തിയിലുള്ള കർഷകർ. ഒരു വലിയ പ്രതിസന്ധിയിലായിരുന്നു അവർ: വിളകൾ സംരക്ഷിക്കാനോ കൊയ്തെടുക്കാനോ പോലും കഴിയാത്ത അവസ്ഥ. പുതിയത് വിതയ്ക്കാൻ അതിലേറെ ബുദ്ധിമുട്ട്. ഇതൊക്കെ കാരണം ഒരുപാട് പേർ കൃഷി തന്നെ ഉപേക്ഷിച്ചു. ഇനിയുമേറെ പേർ കൃഷി അവസാനിപ്പിക്കാനുള്ള ഒരുക്കത്തിലുമാണ്. ഇവിടെ കഴിഞ്ഞ ആറുവർഷക്കാലമായി കാട്ടാനകളുടെ ശല്യം പതിവായിട്ടുണ്ട്. കൃഷിയ്ക്ക് മാത്രമല്ല, മനുഷ്യജീവനു തന്നെ അവ ഭീഷണിയായി മാറിയിട്ടുണ്ട്. വന്യജീവി സങ്കേതത്തിൽ നിന്ന് കാട്ടാനക്കൂട്ടങ്ങൾ ആറളം ഫാമിലെത്തി, രാത്രിയിൽ ബവാലിപ്പുഴ കടന്ന് അടുത്തുള്ള കൃഷിയിടങ്ങളിൽ സർവതും നശിപ്പിക്കും. അധികൃതർ- വിവിധ വകുപ്പുകളിലുള്ള അധികൃതർ- ഫലപ്രദമായ ഒരു നടപടിയും സ്വീകരിക്കാനാകാതെ പരസ്പരം പഴി ചാരിയിരിക്കുമ്പോൾ കർഷകർ എന്തുചെയ്യണമെന്നറിയാത്ത അവസ്ഥയിലായിരുന്നു. ആറ് പേർക്ക് ജീവൻ നഷ്ടമായി (ഈ കുറിപ്പ് തയ്യാറാക്കുന്ന സമയത്ത്, ഉളിക്കലിൽ മലയോര ഹൈവേയിൽ വെച്ച് കാട്ടാനയുടെ ആക്രമണത്തിൽ മറ്റൊരാൾ കൂടി കൊല്ലപ്പെട്ടിട്ടുണ്ട്). ആനകളെ കാട്ടിലേക്ക് ഓടിച്ചു വിടുന്നുവെന്ന നാടകം മാത്രമാണ് അധികൃതരുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളത്. അവർ മടങ്ങുമ്പോൾ ആനകൾ വീണ്ടും വരും. ആനകളെ അകറ്റി നിർത്താനായി വലിയ മതിൽ കെട്ടുക, വേലി കെട്ടുക, വലിയ കുഴികളെടുക്കുക തുടങ്ങിയ മാർഗങ്ങളൊക്കെ പരീക്ഷിച്ചു, അതൊക്കെ അപര്യാപ്തമായ പദ്ധതിയാലോചനകളും ദുർബലമായ നടത്തിപ്പും കാരണം വിലപ്പെട്ട ധനസ്രോതസ്സുകളും സമയവും വിഭവങ്ങളും അപഹരിച്ചു.

ഈ ദുരിതപൂർണമായ സാഹചര്യത്തെ നേരിടാനായി, കണ്ണൂരിലെ ഒരു സംഘം കർഷകർ ഒരു ജനകീയ സമിതിയ്ക്ക് രൂപം നൽകി. ആനകളെ തടയാൻ,

തൂക്കുവേലികളുപയോഗിച്ച് സ്വന്തം നിലയ്ക്ക് അവർ ഒരു പുതിയ മാർഗം തന്നെ കണ്ടെത്തി. സർക്കാരിൽ നിന്ന് ഒരു സഹായവും അവർക്ക് കിട്ടിയില്ല. എങ്കിലും പ്രതിസന്ധി അനുഭവിക്കുന്ന പ്രദേശങ്ങളിലെ ഏതാണ്ട് നാനൂറോളം കുടുംബങ്ങൾ ഒത്തുചേർന്നു. സാധനങ്ങൾ വാങ്ങാൻ പണം കണ്ടെത്തി. അതിർത്തിയാകെ അഞ്ച് പ്രദേശങ്ങളായി തിരിച്ച് വേലി സ്ഥാപിച്ചു. ആകെ വരുന്ന എട്ടര കിലോമീറ്റർ ചുറ്റളവിൽ എട്ട് കിലോമീറ്ററിലെ പണി ഇതിനകം തന്നെ പൂർത്തിയായിട്ടുണ്ട്. കൂടുതൽ പണം കണ്ടെത്തുന്ന മുറയ്ക്ക് ശേഷിച്ച പണി കൂടി പൂർത്തിയാക്കും. വേലി പൂർത്തിയാക്കുന്നതിന് ആകെ പ്രതീക്ഷിക്കുന്ന ചെലവ് അഞ്ച് ലക്ഷം രൂപയാണ്. ഈ ദൗത്യത്തിനായി കർഷക സംഘം നടത്തിയ ചെലവുചുരുക്കലും ശ്രദ്ധേയമാണ്. ആനകളുടെ കടന്നുവരവ് തടയാൻ നിർമ്മിച്ച മതിലിന്റെ നിർമാണച്ചെലവ് ഒരു കിലോമീറ്ററിന് ഒരു കോടി രൂപയായിരുന്നു. കർഷകരുടെ ഈ ദൗത്യം, പരിപൂർണ വിജയവും പരിസ്ഥിതി സൗഹൃദവുമാണ്. കഴിഞ്ഞ ഒന്നരമാസത്തിനിടയിൽ (2021 ഓഗസ്റ്റ് മുതൽ) കാട്ടാനകളുടെ ആക്രമണം ഒരിക്കൽ പോലും ഈ പ്രദേശത്തുണ്ടായിട്ടില്ല. ഇതിനായി ഒരു മരം പോലും മുറിക്കേണ്ടി വന്നിട്ടുമില്ല. കൃഷിയിടങ്ങളുടെ അതിർത്തികളിലും നദീതീരത്തും മരച്ചില്ലകളിൽ വൈദ്യുതി വയറുകൾ തൂക്കിയിട്ടാണ് ഈ പദ്ധതി നടപ്പാക്കിയത്. മനുഷ്യർക്കോ മൃഗങ്ങൾക്കോ ഒരു അപകടവും ഉണ്ടാക്കാത്ത വിധത്തിലാണ് ഇത് നടപ്പാക്കിയിട്ടുള്ളത്. ഇത് വിജയകരമാണെന്ന് തന്നെയാണ് പൊതുവിലുള്ള വിവരം. സഹായം തേടി മറ്റുള്ളവരും മടപ്പുരച്ചാൽ ഇലക്ട്രിക്ക് തൂക്കുവേലി ജനകീയ സമിതിയെ (The People's Committee for Electrical Hanging Fencing, മടപ്പുരച്ചാൽ) സമീപിക്കുന്നുണ്ട്.

വന്യജീവികളുടെ കടന്നുകയറ്റമെന്ന പ്രശ്നം പരിഹരിക്കാൻ ഏറ്റവും അനിവാര്യമായത് ആ പ്രശ്നത്തിന്റെ ദുരിതം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന പ്രാദേശിക കർഷക സമൂഹത്തിന്റെ ഇടപെടലാണെന്ന വസ്തുതയാണ് ഈ

അനുഭവം പറഞ്ഞുതരുന്നത്. അവർ കണ്ടെത്തിയ പരിഹാരമാർഗം പ്രാദേശിക സാഹചര്യങ്ങൾക്ക് അനുകൂലമാണ്, ചെലവു കുറഞ്ഞതാണ്, ഭാവിയിൽ പരിപാലനം ഏറെയൊന്നും വേണ്ടാത്തതാണ്. മാത്രമല്ല, ഇവയുടെ പരിപാലനത്തിനായി കർഷക കുടുംബങ്ങൾ നേരിട്ടിറങ്ങുന്നതോടെ സാധാരണ ഇത്തരം വേലികളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ഉദ്യോഗസ്ഥ തലത്തിലുണ്ടാകുന്ന കാലതാമസവും പരിഹരിക്കപ്പെടുന്നു.

[ബേബി കുര്യനിൽ നിന്നും ലഭ്യമായ വിവരങ്ങൾ, ജനകീയ സമിതി, ഇലക്ട്രിക്കൽ ഹാങിങ് ഫെൻസിങ്. മടപ്പുരച്ചാൽ, കണ്ണൂർ]

7. പ്രാദേശികമായി ഫലപ്രദമായ ഒരു പ്രാഥമികപ്രതികരണ സംവിധാനം സ്ഥാപിക്കാൻ കാടരികുകളിലുള്ള പഞ്ചായത്തുകൾക്ക് പ്രോൽസാഹനം നൽകണം. പ്രാദേശിക വിദഗ്ധർക്കൊപ്പം പ്രദേശിക എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രോജക്ടുകൾ ചെയ്യുന്ന വിദ്യാർത്ഥികളെയും സെൽഫോണുകൾ, ക്യാമറ ട്രാപ്പുകൾ ഉപയോഗിച്ച് പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി പങ്കെടുപ്പിക്കാം. ഈ ശ്രമങ്ങൾ സജീവമാക്കുന്നതിനും പുതുക്കുന്നതിനും വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും ഇടയിൽ മത്സരങ്ങൾ സംഘടിപ്പിക്കാം.

8. അതേ രീതിയിൽ, ഒരുപക്ഷേ, ഏറ്റവും രൂക്ഷമായ സംഘർഷം നിലനിൽക്കുന്ന, വയനാട്ടിലെ സിവിൽസമൂഹം മുന്നോട്ട് വെക്കുന്ന നിർദ്ദേശങ്ങൾ ഉടൻ ചർച്ചക്ക് എടുക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ഏറ്റവും നല്ല വേദി ജില്ലാ പഞ്ചായത്തുകളാണ്. ദൗർഭാഗ്യവശാൽ, അത്തരം പൊതുവേദികൾ അസാധ്യമായ 'ശാശ്വത പരിഹാരങ്ങൾ' ആവശ്യപ്പെടുന്ന പ്രബലമായ ശബ്ദങ്ങളോട് ആഭിമുഖ്യമുള്ളവയാണ്. പകരം, സംഘർഷകാരികളായ മൃഗങ്ങളുടെ

പരിസ്ഥിതിശാസ്ത്രത്തെക്കുറിച്ചുള്ള അറിവ്, സംഘർഷമേഖലകളിൽ മനുഷ്യരുടെ ഇടപെടൽരീതികളിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ (ഇത് അസാധ്യമല്ല - ഉദാഹരണത്തിന്, മഹാമാരിയിൽ ആളുകൾ മാസ്ക് ധരിക്കുന്നതിൽ പെട്ടെന്ന് പൊരുത്തപ്പെട്ടത് ശ്രദ്ധിക്കാവുന്നതാണ്), സംഘർഷാവസ്ഥ സൃഷ്ടിക്കുന്ന മൃഗങ്ങളിൽ നിന്നുള്ള നേട്ടങ്ങളുടെ വിലമതിപ്പ് (ടൂറിസത്തിൽ നിന്ന് ലഭിക്കുന്ന വൻവരുമാനം), വാൽപ്പാറയിലേത് പോലുള്ള സാങ്കേതികവിദ്യകൾ എന്നിവയിലൂടെ വന്യജീവികടന്നുകയറ്റത്തെ സ്വീകാര്യതോതിലേക്ക കുറയ്ക്കാൻ ശ്രമിക്കണം.

9. കാലക്രമേണ, ഗ്രാമീണ ജീവിതത്തെയും വന്യജീവികളെയും അറിയാൻ ആഗ്രഹിക്കുന്ന പുറമേ നിന്നുള്ളവർക്ക്, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക്, ഇന്റേൺഷിപ്പുകളും ഗ്യാപ് ഇയർ ഓപ്ഷനുകളും വാഗ്ദാനം ചെയ്യുന്നതിലൂടെ മനുഷ്യ-വന്യജീവി ഇടസ്ഥലങ്ങൾ കൈകാര്യം ചെയ്യുന്നതിനായുള്ള മനുഷ്യവിഭവശേഷി സൃഷ്ടിക്കാൻ കഴിഞ്ഞേക്കും. ലോകമെമ്പാടുമുള്ള പല കാടരികുസമൂഹങ്ങളിലും ഇത് വളരെ സാധാരണമായ ഒരു സമ്പ്രദായമാണ്. വന്യജീവി ഗവേഷകരുടെയും സർക്കാരേതരസംഘടനകളുടെയും സഹായത്തോടെ കാടരികുകളിലെ കർഷകരുടെ മേൽനോട്ടത്തിൽ ഹ്രസ്വകാല ആമുഖപരിചയപരിപാടികൾ രൂപകൽപന ചെയ്യാവുന്നതാണ്. കൂടാതെ, കേരളത്തിന് അകത്തും പുറത്തുമുള്ള വിദ്യാർത്ഥികൾക്ക് ഈ സ്ഥലങ്ങളിലെ ജീവിതത്തെയും കൃഷിയെയും പറ്റി അറിവു നേടാനായുള്ള പ്രോത്സാഹനവുമാകും. കാടരികുകുടുംബങ്ങൾക്ക് ഒരു വരുമാന മാർഗമാകുന്നതിനും, കാടരികുസമൂഹങ്ങളുടെ വൈദഗ്ധ്യവും അറിവും പൊതുവേ അംഗീകരിക്കപ്പെടുന്നതിനും അവർക്കിടയിൽ ഇപ്പോൾ പ്രകടമായി കാണപ്പെടുന്ന ഒറ്റപ്പെടലും പൊതുവിലുള്ള അവഗണനയും ഇല്ലാതാക്കാനുള്ള മാർഗം കൂടിയാണിത്. സാമൂഹിക-പരിസ്ഥിതി ബന്ധങ്ങളുടെ സങ്കീർണതകളെക്കുറിച്ചും മനുഷ്യ-വന്യജീവി ഇടസ്ഥലങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനുള്ള ശ്രമങ്ങളിലേക്ക് പരമ്പരാഗത പാരിസ്ഥിതികഅറിവ് എങ്ങനെ സംയോജിപ്പിക്കാമെന്നതിനെക്കുറിച്ച് നമുക്കിന്നുള്ള ധാരണകളെ വിപുലീകരിക്കും.

10. കാടരികുകർഷകരുടെ സ്വയംസഹായ സംഘാംഗങ്ങൾക്ക് വന്യജീവിഗവേഷണ സ്ഥാപനങ്ങളും വനംവകുപ്പും സംഘടിപ്പിക്കുന്ന കാടരികുവിളസംരക്ഷണത്തെ കുറിച്ചുള്ള സ്ഥിരവും കാലികവുമായ പരിശീലനം ലഭ്യമാക്കണം. കാടരികുകളിലുള്ളവരുടെ അറിവുകൾ തിരിച്ചും ലഭ്യമാക്കാൻ ഇതൊരു വഴിയാകും. ഇന്ത്യയിലും വിദേശത്തും ഈ വിഷയത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുമായുള്ള വാർഷികശിൽപശാലകളും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ സമാനമായ പ്രശ്നങ്ങൾ നേരിടുന്ന കാടരികുകർഷകരുമായി വാർഷിക കൂടിച്ചേരലുകളും സംഘടിപ്പിക്കാം. ഉദാഹരണത്തിന്, ഹിമാചൽ പ്രദേശിൽ കുരങ്ങ്ഭീഷണിയെ നിയന്ത്രിക്കുന്നതിനായി വികസിപ്പിച്ചെടുത്ത മാർഗങ്ങൾ മറ്റു പ്രാദേശിക സാഹചര്യങ്ങളനുസരിച്ച് മാറ്റിത്തീർത്തുകൊണ്ട് സ്വീകരിക്കാവുന്നതാണ്. ഇന്ത്യയിലെ പല സ്ഥലങ്ങളിലും സമാനപ്രശ്നങ്ങൾ നേരിടുന്ന കർഷകർ തമ്മിൽ നിരന്തരമായ ഇടപെടലുകളിലൂടെ അറിവ് പങ്കിടുന്നതിനും അവരുൾപ്പെടുന്ന വിശാലശൃംഖല നിർമ്മിച്ചെടുക്കുന്നതിനും ഇത് സഹായകമാകും. ഇതിലൂടെ കർഷകർ ഭൗതികമായും മാനസികമായും ശാക്തീകരിക്കപ്പെടുമെന്ന് തീർച്ച തന്നെ. മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്ന പഞ്ചായത്ത് കമ്മിറ്റികളിൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ഈ ശില്പശാലകളിലൂടെയും മറ്റും സവിശേഷപരിശീലനം നേടിയ കർഷകർ പ്രത്യേക ക്ഷണിതാക്കൾ ആകുകയും ആസൂത്രണ പ്രവർത്തനങ്ങളിൽ അവർ വർക്കിങ് ഗ്രൂപ്പുകളെ നയിക്കുകയും വേണം.

11. പാരിസ്ഥിതിക സേവനങ്ങൾക്കായുള്ള (Payment for Ecosystem Services -- PES) പ്രതിഫലം ഫലപ്രദമായി വിനിയോഗിക്കാൻ കാടരികുകർഷകരുടെ സ്വയംസഹായ സംഘങ്ങളെ സംയുക്ത വിപണന ശ്രമങ്ങളിൽ ഉൾപ്പെടുത്തണം. കാർബൺ ട്രേഡിങ്ങിനും കാർബൺ ക്രെഡിറ്റ് മാർക്കറ്റിനും സമാനമായ പ്രശ്നങ്ങൾ ഇതും ഉയർത്തുന്നുവെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് ഈ നയസംഭാഷണത്തിൽ പങ്കെടുത്ത പലരും PESനെ കുറിച്ച് സംശയം പ്രകടിപ്പിച്ചിരുന്നു. PESനു കീഴിലുള്ള ഫണ്ടുകൾ

വളരെ പരിമിതമാണ്. ഉദാഹരണത്തിന് വനഭൂമി തോട്ടമാക്കി മാറ്റുമ്പോൾ വാഗ്ദാനം ചെയ്യപ്പെടുന്നത്ര തുക ഇതിന് ലഭിക്കില്ല. എങ്കിലും, വിജയകരമായ പ്രാദേശിക സംരംഭങ്ങൾ ചൂണ്ടിക്കാണിച്ച് കൊണ്ട്, തദ്ദേശകർഷകർക്ക് പ്രയോജനകരമാകും വിധം PES ചട്ടക്കൂട് പരിഷ്കരിക്കണമെന്ന് ചിലർ സമ്മതിച്ചു. 'ആന-സൗഹൃദ-കശുവണ്ടി' അല്ലെങ്കിൽ 'ആന-സൗഹൃദ-കാപ്പി' എന്നിവയ്ക്ക് വിപണി നേടാൻ കഴിയുമെന്ന് പരീക്ഷിച്ച് വിജയിച്ചതാണെന്ന് അവർ വാദിച്ചു. കാട്ടുമരങ്ങൾ സ്വന്തം ഭൂമിയിൽ നട്ടുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും കർഷകർക്ക് ന്യായമായ തുക പ്രോത്സാഹനത്തുകയായി നൽകണം, പഞ്ചായത്ത് മുഖേന പതിവായി നൽകണം. മരങ്ങളെ പരിപാലിക്കുന്നതിന്റെ പാരിസ്ഥിതികനേട്ടങ്ങൾ സമൂഹം മൊത്തത്തിൽ തന്നെ പങ്കിടുന്നുണ്ട്. എന്നാൽ കർഷകരുടെ വിഭവങ്ങൾ ഇത് കുറച്ചേക്കാം[11].

[11] 2016ൽ വയനാട്ടിലെ മീനങ്ങാടി പഞ്ചായത്തിൽ കർഷകർക്ക് 'ട്രീ ലോൺ' നൽകി കൊണ്ട് ആരംഭിച്ച 'കാർബൺ ന്യൂട്രൽ മീനങ്ങാടി' പദ്ധതി അത്തരം പ്രദേശങ്ങൾ സംരക്ഷിക്കുന്ന തദ്ദേശവാസികൾ സ്ഥാപനങ്ങൾക്കും പാരിതോഷികം നൽകാനുള്ള ഒരു ഉത്തമ മാതൃകയാണോ എന്ന ചോദ്യം ഇവിടെ ഉദിക്കുന്നു. മരങ്ങളെ പരിപാലിക്കാൻ സന്നദ്ധരായ കർഷകർക്ക് പഞ്ചായത്ത് മരങ്ങൾ സൗജന്യമായി നൽകി. മൂന്ന് വർഷത്തേക്ക് മരങ്ങളെ പരിപാലിക്കുകയാണെങ്കിൽ ഓരോ മരത്തിനും കർഷകന് 50 രൂപ പലിശരഹിത വായ്പയായി ലഭിക്കും. ഇത് പത്ത് വർഷത്തേക്ക് തുടരുന്നതാണ്. ഈ വായ്പയുടെ പലിശ പഞ്ചായത്ത് അടയ്ക്കുന്നതായിരിക്കും. കർഷകർ മരം മുറിച്ചാൽ മാത്രം മുതൽ തിരിച്ചടച്ചാൽ മതിയാകും. കാണുക, https://www.thenewsminute.com/article/kerala-panchayat-rewards-farmers-not-cutting-down-trees-140724 , 2 January, 2021 (accessed, 30 August 2021). മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാക്കാവുന്ന ഒന്നായി ഇതിനെ വാഴ്ത്തുമ്പോൾ, ചെറുകിട കർഷകരുടെ കാഴ്ചപ്പാടിൽ ആ റിപ്പോർട്ട് തീർച്ചയായും മുകളിൽ നിന്ന് കീഴിലേക്കൊഴുകുന്നതും, ചൂഷണസ്വഭാവമുള്ളതുമാണ്. ഈ ലോൺ തുക തിരിച്ചടക്കാതിരിക്കാൻ മരം ഇപ്പോഴും തഴച്ചു വരുന്നുണ്ടെന്ന തെളിവ് ഓരോ വർഷവും ഉദ്യോഗസ്ഥരെ കാണിച്ച് ബോധിപ്പിക്കേണ്ട വിഷമഘട്ടങ്ങളിലേക്ക് കർഷകരെ തള്ളിയിടുന്നുണ്ടെന്നും വിമർശകർ ചൂണ്ടിക്കാട്ടുന്നുണ്ട്. കൂടാതെ, മീനങ്ങാടി എന്നത് കാപ്പിച്ചെടികൾ വളരുന്ന ഭൂപ്രദേശമാണെന്നും കോഫി ഫാമുകളിൽ ആവശ്യമായ തണൽ ലഭ്യമാക്കുന്നതിന് അനുയോജ്യമായ എണ്ണത്തിൽ മാത്രമേ മരങ്ങളുണ്ടായിരിക്കാവൂയെന്നും ചൂണ്ടിക്കാട്ടുന്നുണ്ട്. കാപ്പിത്തോട്ടങ്ങളെ ബാധിക്കാതെ ഒരാൾക്ക് അവിടെ കൂടുതൽ മരങ്ങൾ തോന്നിയതുപോലെ നടാൻ കഴിയില്ല. അതുകൊണ്ട് കോഫി ഫാമുകളിൽ കൂടുതൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് പ്രായോഗികമായ ഒരു നിർദ്ദേശമല്ല. കോഫി ഫാമുകളിൽ നിലവിലുള്ള മരങ്ങളെ മുറിച്ചു മാറ്റി പുതിയ മരങ്ങൾ നടുന്നതിന് ഇത് പ്രേരിപ്പിക്കും. നിലവിലുള്ള മരങ്ങൾ അത് നൽകുന്ന ആവാസവ്യവസ്ഥയ്ക്കും പണമോ പ്രോത്സാഹനമോ ലഭിക്കാത്തതിനാൽ, നിലവിലുള്ള മരങ്ങൾ മുറിച്ചു വില്ക്കുന്നതും, ആ സ്ഥലത്ത് ലോൺ ലഭ്യമാകുന്ന പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതും സാമ്പത്തികമായി ഹ്രസ്വകാലത്തേക്ക് ലാഭകരമാണ്. മൂന്നാമതായി, മരം ഇപ്പോഴും ഉണ്ടെന്ന് ഉറപ്പാക്കാനായുള്ള മേൽനോട്ടം, ജിയോടാഗിംഗ്. ഡോക്യുമെന്റേഷൻ എന്നിവ, പ്രത്യേകിച്ച് സർക്കാരേതര സംഘടനകളുടെയും മറ്റും പങ്കാളിത്തത്തോടെ നടപ്പിലാക്കുമ്പോൾ ഈ പ്രവർനത്തങ്ങൾ വളരെ ചിലവേറിയതാകുന്നു. ഏറ്റവുമൊടുവിൽ, മീനങ്ങാടി പോലൊരു പഞ്ചായത്തിനെ കാർബൺ ന്യൂട്രൽ ആക്കാനുള്ള ശ്രമങ്ങൾ നടക്കുമ്പോഴും (അതിനോട് അടുത്തുകൊണ്ടിരിക്കുമ്പോൾ), കർശനമായ പാരിസ്ഥിതിക ആഘാത വിലയിരുത്തൽ ആവശ്യമുള്ള ക്വാറികളെയും ചെറുകിട ഇടത്തര സംരംഭങ്ങളെയും സർക്കാർ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. 2021 ആഗസ്റ്റ് 25ന് ഫെയർ ട്രേഡ് അലയൻസ് കേരളയുടെ പ്രൊമോട്ടർ ടോമി മാത്യുവുമായുള്ള അഭിമുഖം.

12. മനുഷ്യ-വന്യജീവി ഇടസ്ഥലം ചുരുങ്ങുന്നത് കേരളത്തിലങ്ങോളമിങ്ങോളം ഒരു പ്രധാന ആശങ്കയായി വളർന്നു വരികയാണ്. അതുകൊണ്ട് തന്നെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസൂത്രണപ്രക്രിയകളിലും മുൻഗണനകളിലും ഈ വിഷയം ആനുപാതികമായി ഉൾപ്പെടുത്തുന്നത് ഉചിതമാണ്. ഇത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ ഔപചാരികമായ വിഷയമാക്കി അവതരിപ്പിക്കുകയും ആസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും വേണം.

13. തദ്ദേശവാസികളെ ലക്ഷ്യംവച്ചുള്ള പരിശീലനങ്ങളെ പിന്തുണയ്ക്കാൻ പ്രത്യേക ഫണ്ട് അനുവദിക്കണം- മൃഗങ്ങളുടെ കടന്നുകയറ്റം കൈകാര്യം ചെയ്യുന്നതിനും അതിനായി തയ്യാറെടുക്കുന്നതിനും കേരളത്തിന് പുറത്തുള്ള സർക്കാരേതര സംഘടനകൾ വികസിപ്പിച്ചെടുത്ത ചില വിജയകരമായ പരിശീലന മാതൃകകൾ സ്വീകരിക്കാവുന്നതാണ്. ഈ പരിശീലനങ്ങൾ പഞ്ചായത്തിലെ ആരോഗ്യപ്രവർത്തകർ, വികസനപ്രവർത്തകർ, സ്വയംസഹായസംഘാംഗങ്ങൾ, അല്ലെങ്കിൽ വിദ്യാലയങ്ങൾ, കലാലയങ്ങൾ തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്കോ നിർദ്ദിഷ്ട സ്ഥാപനങ്ങൾക്കോ വേണ്ടി നടത്താവുന്നതാണ്. ഇത്തരം പരിശീലനങ്ങൾ അവിടങ്ങളിലെ പ്രത്യേക സാഹചര്യങ്ങൾക്ക് അനുയോജ്യവും ആളുകളെ ബോധവൽക്കരിക്കാൻ കഴിയുന്ന തരത്തിലുമുള്ളതാകണം.

**ജംബോ കശുവണ്ടിയും ആനക്കാപ്പിയും**

ഐക്യരാഷ്ട്രസഭ ലോകപൈതൃക ഇടമായി അംഗീകരിച്ച പശ്ചിമഘട്ടത്തിന്റെ മലബാർമേഖലയിലെ മലയോരങ്ങളിൽ വ്യാപിച്ചു കിടക്കുന്ന കൃഷിയിടങ്ങളിലെ 4500ഓളം ചെറുകിടകർഷകരുടെ കൂട്ടായ്മയാണ് ഫെയർ ട്രേഡ് അലയൻസ് കേരള (FTAK). യുനെസ്കോയുടെ മാൻ ആൻഡ് ബയോസ്ഫിയർ പ്രോഗ്രാമിന് കീഴിൽ രൂപീകരിച്ച നീലഗിരി ബയോസ്ഫിയറിന് കീഴിലാണ് പശ്ചിമഘട്ടത്തിന്റെ ഒരു പ്രധാന ഭാഗം. അതിന്റെ രൂപീകരണത്തിന്റെ തുടക്കത്തിൽ തന്നെ, FTAK കാർഷിക പ്രവർത്തനങ്ങളുടെ പാരിസ്ഥിതികസംവേദനക്ഷമത കർഷക അംഗങ്ങളുടെ സുസ്ഥിരതയ്ക്ക് മാത്രമല്ല, കാലാവസ്ഥാ വെല്ലുവിളി നേരിടുന്ന ഭൂമിയുടെ നിലനിൽപ്പിനും നിർണായകമാണെന്ന് തിരിച്ചറിഞ്ഞു. ഈ കൃഷിയിടങ്ങളിൽ പലതും കാടിനോട് ചേർന്നുള്ളതും മനുഷ്യമൃഗസംഘർഷങ്ങൾ അഭിമുഖീകരിക്കുന്നതുമായ പ്രദേശങ്ങളാണ്. ഏഷ്യൻആനകളുടെ ആവാസകേന്ദ്രങ്ങളിലൊന്നാണിത്. ഈ ഭീമാകാരസസ്തനികൾ കൃഷിയിടങ്ങളിലേക്ക് അതിക്രമിച്ച് കടക്കുന്നതിനെ തടയുന്നത് ഫെയർ ട്രേഡ് സോഷ്യൽ പ്രീമിയം ഉപയോഗിച്ച് സ്ഥാപിച്ച സോളാർ വേലികളാണ്. ഈ കർഷകർ വളർത്തുന്ന കശുവണ്ടി ജംബോ നട്സ് എന്നാണ് അറിയപ്പെടുന്നത്. വലുപ്പത്തെ സൂചിപ്പിക്കുന്നതു മാത്രമല്ല, ആന-സൗഹൃദമായി വളർത്തുന്നതുകൊണ്ടുകൂടിയാണ് അവ ഇങ്ങനെ അറിയപ്പെടുന്നത്. ഇവിടുത്തെ കാപ്പി അറിയപ്പെടുന്നത് ആനക്കാപ്പിയെന്നാണ്. യുകെയിലെ ഒരു ചാരിറ്റിയായ ദി എലിഫന്റ് ഫാമിലിയാണ് ഈ കശുവണ്ടിയെ ആനസൗഹൃദ- നട്സുകളെന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയത്. തങ്ങൾ പിൻതലമുറകൾക്കായി ബാക്കിവയ്ക്കുന്ന ലോകത്തെ രൂപപ്പെടുന്നതിൽ തങ്ങളുടെ ഉത്തരവാദിത്തപൂർണമായ ഉപഭോക്തൃത്വത്തിന് നിർണായക പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ആഗോളവിപണിയിലെ ഉപഭോക്താക്കളാണ് FTAK ഉൽപന്നങ്ങൾക്ക് വാങ്ങുന്നത്.

**കാടരികുകളുടെ പരിപാലകർക്കുള്ള പരിശീലനം**

2019-ൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU) ആദിവാസി സമൂഹത്തിൽ നിന്ന് പത്താം ക്ലാസ് വിദ്യാഭ്യാസയോഗ്യതയുള്ള വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പരിശീലനപരിപാടി നടത്തി. ആറു മാസത്തെ സർട്ടിഫിക്കറ്റ്കോഴ്സിന് വിധേയരായ ഈ വിദ്യാർത്ഥികൾ കാട്ടുമൃഗങ്ങളെയും ജന്തുജാലങ്ങളെയും നിയന്ത്രിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രാപ്തരായിരുന്നു. ഈ മേഖലയിലെ വിദഗ്ധർ, സർവ്വകലാശാലകളിലെ ഫാക്കൽറ്റി അംഗങ്ങൾ, അനുബന്ധ/അതിഥി ഫാക്കൽറ്റി അംഗങ്ങൾ, അതാത് മേഖലകളിൽ നിന്ന് വിരമിച്ചവർ (മൃഗശാല സൂക്ഷിപ്പുകാർ), വനം വകുപ്പ് എന്നിവരായിരുന്നു ഈ കോഴ്സിലെ മുഖ്യപരിശീലകർ. ആശയവിനിമയ വൈദഗ്ധ്യത്തിലും മാനേജ്മെന്റിലും അടിസ്ഥാനപരമായ അറിവും ഈ കോഴ്സിലൂടെ വിഭാവനം ചെയ്തിരുന്നു. കേരളത്തിനകത്തും പുറത്തുമുള്ള വിവിധ മൃഗശാലകൾ, ഫോറസ്റ്റ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലേക്കുള്ള സന്ദർശനങ്ങളും ഇതിൽ ഉൾപ്പെട്ടിരുന്നു. പത്ത് ജില്ലകളിൽ നിന്നും 30 വിദ്യാർത്ഥികളടങ്ങുന്ന ആദ്യ ബാച്ചിനെ കേരള സർക്കാരിന്റെ പട്ടിക വർഗവികസന വകുപ്പാണ് സ്പോൺസർ ചെയ്തത്. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട രണ്ട് സ്ത്രീകളും 28 പുരുഷന്മാരുമായ വിദ്യാർത്ഥികളുമാണ് ആദ്യ ബാച്ചിലുണ്ടായിരുന്നത്. പക്ഷേ മൃഗശാലകളിലെ സംഘടിതരായ താൽക്കാലികതൊഴിലാളികളുടെ ചെറുത്തുനിൽപ്പ് കാരണം ഈ പരിപാടി വിജയത്തിലെത്തിയില്ലെന്നാണ് റിപ്പോർട്ട്.

**(ഡോ. ടി വി സജീവിൽ നിന്നുള്ള വിവരങ്ങൾ)**

14. മൃഗങ്ങളോടുള്ള അവിശ്വാസവും ഭയവും, ജീവലോകത്തെ മനുഷ്യനും മനുഷ്യേതരവും എന്ന് വേർതിരിച്ച് കാണുന്ന തെറ്റായ ബോധവും ഇല്ലാതാക്കാനാവശ്യമായ ഘടകങ്ങൾ നിലവിലുള്ള സ്കൂൾ കോളേജ് വിദ്യാഭ്യാസത്തിൽ തന്നെ ഉൾപ്പെടുത്തുന്നതും പൊതുജനങ്ങളെ ബോധവത്കരിക്കുന്നതും ഒരു പ്രധാന ലക്ഷ്യമായിരിക്കണം.

മനുഷ്യേതര ജീവനോട് തുറന്ന മനോഭാവവും ആദരവും നൽകുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അനിമൽ ക്ലബുകൾ പ്രോൽസാഹിപ്പിക്കുന്നതിന് മുൻഗണനയായിരിക്കണം: ഇവ നഗരപ്രദേശങ്ങളിലെ ചെറുപ്പക്കാർക്ക് മൃഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള വേദികളായും പ്രവർത്തിക്കാം.

15. ഞങ്ങൾ സംസാരിച്ച വ്യത്യസ്ത ഗ്രൂപ്പുകൾക്കിടയിൽ, വന്യമൃഗങ്ങളെ കൊല്ലുന്നതിനെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങളാണ് നിലനിന്നിരുന്നത്. എന്നാലും കാട്ടുപന്നി, കുരങ്ങുകൾ തുടങ്ങിയ ജീവിവർഗങ്ങളിൽ നിന്നുമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ ആഘാതത്തെ ആരും തന്നെ നിഷേധിച്ചില്ല. കാട്ടുപന്നിയും മാനുമാണ് ഏറ്റവും പ്രശ്നമുണ്ടാക്കുന്ന ഇനങ്ങളായി പരാമർശിക്കപ്പെട്ടത്. സർക്കാരിന്റെ ഭാഗത്ത് നിന്നു കാട്ടുപന്നിയെ കേന്ദ്രീകരിച്ചാണ് സമീപകാലത്ത് ചില നീക്കങ്ങളുണ്ടായത്. കോടതികൾ ഉൾപ്പെടെയുള്ള അധികാരികൾ കാട്ടുപന്നിയെ കൊല്ലാൻ നിർദ്ദേശിച്ചിട്ടുണ്ട്. കാട്ടുപന്നികളെ ഷെഡ്യൂൾ 3ൽ നിന്ന് ഷെഡ്യൂൾ 5ലേക്ക് മാറ്റണമെന്നും, കൊല്ലുന്നതിന് പകരം, വേട്ടയാടുന്ന ആദിവാസിസമൂഹങ്ങൾക്ക് ഇവയെ മാത്രം പരിമിതമായ തോതിൽ വേട്ടയാടൽ അനുവദനീയമാക്കണമെന്നും ഞങ്ങൾ നിർദ്ദേശിക്കുന്നു[12]. ദേശീയ ചർച്ച ആവശ്യമായ ഈ വിഷയത്തിൽ കേരളം മുൻകൈ എടുത്ത് ചർച്ചകൾ ആരംഭിക്കേണ്ടതാണ്[13].

യഥാർത്ഥത്തിൽ ഇന്ന് കാട്ടുപന്നിവേട്ട സാധാരണമാണെന്നത് ഒരു വസ്തുതയാണ്; സമീപകാലത്തുണ്ടായ മഹാമാരിയുടെ സാഹചര്യത്തിൽ കാട്ടുപന്നിയുടെ ഇറച്ചിയെപ്പറ്റി ആളുകളിൽ ഭയമുണ്ടായെങ്കിലും ഫാമുകളിൽ വളർത്തുന്ന പന്നിയുടെ

[12] കാട്ടുപന്നി പലയിടത്തും കർഷകർക്ക് ഭീഷണിയാകുന്നുണ്ടെന്നും കർശനമായ മാർനിർദ്ദേശങ്ങളോടെ അവയെ കൊല്ലുന്നതും വാണിജ്യപരമായി ലാഭകരമായ മൂല്യവർദ്ധിത ഉൽപന്നങ്ങളായി പ്രാദേശിക കുടിൽവ്യവസായമാക്കുകയും ചെയ്യുന്നതുമാണ് ഏകപരിഹാരമെന്നും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ വ്യക്തമായി ശുപാർശ ചെയ്യുന്നുണ്ട്. (Part 2, 2011 : 42)

[13] ജൈവവൈവിധ്യത്തെക്കുറിച്ചുള്ള ഉടമ്പടിയിലെ മൂന്ന് അടിസ്ഥാന തത്വങ്ങളിലൊന്നായ സുസ്ഥിരമായ ഉപയോഗം എന്ന വസ്തുത നിലനില്ക്കുമ്പോഴും, ഇന്ത്യയിൽ, വന്യജീവികളെ പോഷകാഹാരത്തിനോ വാണിജ്യ ആവശ്യത്തിനോ ഉപയോഗിക്കുന്നതിനെതിരെ വളരെ ശക്തമായ പ്രസ്ഥാനമുണ്ട്. ഈ വികാരങ്ങളിൽ ഭൂരിഭാഗവും വരേണ്യ, സവർണ ജാതി, വർഗ വിഭാഗങ്ങളുടെ ഇന്നും തുടരുന്ന ചരിത്രപരമായ പാരമ്പര്യ വന്യജീവിസംരക്ഷണപ്രത്യയശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നവയാണ്. ബഹുസാംസ്കാരികസമൂഹവും പുരോഗമന ചിന്താഗതിയുള്ള വനംവകുപ്പുമുള്ള കേരളത്തിന് കാട്ടുപന്നികളുടെ ജനസംഖ്യ സുസ്ഥിരമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിൽ വഴിയൊരുക്കാൻ കഴിയും.

ഇറച്ചി കാട്ടുപന്നിയുടെ ഇറച്ചിയുടെ അത്രയോ അതിൽ കൂടുതലോ അപകടകരമാണെന്ന വസ്തുത മറച്ചുവെച്ച് കൊണ്ടാണ് ഈ ഭീതി പടർന്നത്. ലോകമെമ്പാടുമുള്ള പല തദ്ദേശീയ ജനസമൂഹങ്ങളും വളരെ സുരക്ഷിതമായി കാട്ടുപന്നിയുടെ ഇറച്ചി ഉപയോഗിക്കുന്നുണ്ട്. വെറുതേ കൊല്ലുന്നതിന് പകരം ഭക്ഷണത്തിനായി വേട്ടയാടാൻ അനുവദിക്കുന്നത് പല പ്രശ്നങ്ങളെയും പരിഹരിക്കുന്നുണ്ട്: കൊല്ലപ്പെട്ട മൃഗങ്ങളെ സുരക്ഷിതമായി സംസ്കരിക്കുന്നത് കൂടുതൽ ക്ലേശം നിറഞ്ഞതാണെന്ന് പല പഞ്ചായത്ത് അദ്ധ്യക്ഷരും അഭിപ്രായപ്പെട്ടു; മാത്രമല്ല കേവലം കൊലചെയ്യുന്നത് കടുത്ത മാനസികാഘാതങ്ങൾ ഉണ്ടാക്കാനുമിടയുണ്ട്. ഇതിലൂടെ പ്രകൃതിയോടുള്ള മനുഷ്യരുടെ ഇന്നത്തെ അകൽച്ചയുടെ ആക്കം കൂടാനാണിട. എന്നാൽ ഭക്ഷണത്തിനു വേണ്ടിയുള്ള വേട്ടയാടൽ മനുഷ്യരിൽ അത്തരം കുഴപ്പങ്ങളൊന്നുമുണ്ടാക്കുന്നില്ല. ഇത് തദ്ദേശസമൂഹങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും കാട്ടുപന്നിയിറച്ചിയെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുള്ള വിപണിയെ ആകർഷിക്കുകയും ചെയ്യും. വേട്ടയാടപ്പെട്ട പന്നികളെ കൈകാര്യം ചെയ്യാൻ, മാംസസംസ്കരണ സാങ്കേതികവിദ്യയും ഗുണമേന്മാനിലവാരവും ഉറപ്പുവരുത്തുന്ന മികച്ച സർക്കാർസ്ഥാപനമായ Meat Products of India (MPI)യെ സമീപിക്കാവുന്നതാണ്. വേട്ടയുടെ അവകാശം ആദിവാസി സമൂഹങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയും അതിന്റെ പ്രയോഗത്തെ സൂക്ഷ്മമായി നിരീക്ഷിക്കുകയും വേണം. വേട്ടയാടപ്പെടുന്ന മൃഗങ്ങളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതോടെ വേട്ടയാടൽ പുനഃക്രമീകരിക്കാവുന്നതാണ്. ഇത് ശ്രദ്ധാപൂർവം നടപ്പിലാക്കിയാൽ കാടരികുകളിലെ ആദിവാസിസമൂഹങ്ങൾ ശാക്തീകരിക്കപ്പെടും.

16. മുകളിൽ സൂചിപ്പിച്ച (9)ന്റെ പശ്ചാത്തലത്തിൽ, കേരളത്തിലെ ആദിവാസി സമൂഹങ്ങളെ ശാക്തീകരിക്കുന്നതിന് വനാവകാശ നിയമം (Forest Rights Act) നടപ്പാക്കുന്നതിന്റെ അനിവാര്യത എടുത്തുപറയേണ്ടതാണ്. പഞ്ചായത്തുകൾക്ക്, പ്രത്യേകിച്ച് കാടും കാടരികുകളിലുമുള്ള പഞ്ചായത്തുകൾക്ക് ഇതു നടപ്പിലാക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കാനാകും. വനംവകുപ്പ് പരിസ്ഥിതിപുനരുദ്ധാരണത്തിനായി രൂപീകരിച്ച

വനസംരക്ഷണ സമിതികൾ, ഹരിതവസന്തം കമ്മിറ്റികൾ തുടങ്ങിയ സമിതികളെ ഇത് ബാധിക്കുമെന്ന് സംശയമില്ല. മൃഗങ്ങളുടെ ആക്രമണങ്ങൾ കൈകാര്യം ചെയ്യുന്നതിലും, മനുഷ്യ-വന്യജീവിസംഘർഷം കൈകാര്യം ചെയ്യുന്നതിലും, മനുഷ്യ-വന്യജീവിബന്ധത്തെ പാരസ്പര്യമായി നിലനിർത്തുന്നതിലും ആദിവാസി സമൂഹങ്ങൾക്കുള്ള പരിചയവും കഴിവും ഈ നയരേഖാരൂപീകരണപ്രക്രിയയിൽ പങ്കെടുത്ത പഞ്ചായത്ത് അധ്യക്ഷർ പലപ്പോഴും ഊന്നിപ്പറയുകയുണ്ടായി. ഗാഡ്ഗിൽ റിപ്പോർട്ട് ഇത് വ്യക്തമായി ശുപാർശ ചെയ്യുകയും, നിലവിലുള്ള എല്ലാ സംയുക്ത വന നിയന്ത്രണ പ്രോഗ്രാമുകളും FRAയ്ക്ക് കീഴിലുള്ള കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസോഴ്സ് പ്രൊവിഷനുകൾ ഉപയോഗിച്ച് മാറ്റണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു (ഭാഗം 1, 2011: 43)

17. കേരളത്തിലെ മാലിന്യസംസ്കരണത്തിന്റെ അപര്യാപ്തതയെ കുറിച്ചുള്ള ആശങ്കകളാണ് ഞങ്ങൾ അഭിമുഖം നടത്തിയ എല്ലാ കക്ഷികളും പങ്കുവെച്ചത്. ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ തുടങ്ങിയ നിരവധി പ്രത്യേക ദൗത്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണം അപര്യാപ്തമായി തന്നെ തുടരുന്നു. കാടരികുപഞ്ചായത്തുകളിലെയും മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെയും മാലിന്യക്കൂമ്പാരങ്ങൾ കാട്ടുപന്നി, പാമ്പുകൾ (എലിശല്യം കൂടുതലുള്ളതിനാൽ) തുടങ്ങിയ വന്യജീവികളെ ആകർഷിക്കുന്നുണ്ടെന്നും ഇത് തദ്ദേശവാസികൾക്ക് വലിയ വെല്ലുവിളി ഉയർത്തുന്നുണ്ടെന്നും അവർ ആവർത്തിച്ച് ചൂണ്ടിക്കാണിച്ചു. കാടരികുകളിൽ മാലിന്യം ഉപേക്ഷിക്കുന്ന ആളുകളെ തടയാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിമിതികളുണ്ടെന്ന് ചില പഞ്ചായത്ത് അധ്യക്ഷർ ചൂണ്ടിക്കാട്ടി. ഇത്തരം സ്ഥലങ്ങളിൽ സുരക്ഷാ ക്യാമറകൾ സ്ഥാപിക്കുന്നതും അവയുടെ അറ്റകുറ്റപ്പണികൾ പ്രാദേശിക പഞ്ചായത്ത് അധികാരികളെ ഏൽപ്പിക്കുന്നതും, ഭീമമായ പിഴയും വാഹനങ്ങൾ കണ്ടുകെട്ടൽ ഉൾപ്പെടെയുള്ള മറ്റ് ശിക്ഷകളും ഏർപ്പെടുത്തുന്നതും ഒഴിവാക്കാനാവില്ല. മാലിന്യം നിക്ഷേപിക്കുന്നതിന് സുസ്ഥിരമായ പരിഹാരം കാണേണ്ടത് പ്രശ്നപരിഹാരത്തിന് അത്യാവശ്യമാണ്. കാടരികിൽ, പ്രത്യേകിച്ച് താരതമ്യേന നഗരവത്കരിക്കപ്പെട്ട പ്രദേശങ്ങളിൽ, വാർഡ്-കേന്ദ്രീകൃതമാലിന്യസംസ്കരണം പരീക്ഷണാടിസ്ഥാനത്തിൽ നടത്താനുള്ള നിർദ്ദേശങ്ങളാണ് ചിലർ അഭിമുഖങ്ങളിൽ

മുന്നോട്ട് വെച്ചത്. പൊതുഇടങ്ങൾ നിരീക്ഷിക്കുന്നതിലും ജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിലും സഹകരിക്കുന്ന സമീപത്തെ കുടുംബങ്ങളിൽ നിന്നുള്ള അജൈവമാലിന്യങ്ങൾ ബാഹ്യ ഏജൻസികളിലൂടെ സ്ഥിരമായും കാര്യക്ഷമമായും ശേഖരിക്കാമെന്നും അവർ അഭിപ്രായപ്പെട്ടു. ഏതായാലും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യപ്രശ്നത്തിന്റെ വ്യാപ്തിയും അവയുടെ സവിശേഷതകളും അതിനുള്ള പരിഹാരങ്ങളും -- തദ്ദേശതലത്തിൽ നിന്നു തന്നെ - ഈ ആവശ്യത്തിനായി വിളിച്ചു കൂട്ടിയ ഗ്രാമസഭാ യോഗങ്ങളിലൂടെയും പ്രശ്നത്തെ കുറിച്ചുള്ള പ്രചാരണത്തിലൂടെയും - അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട്.

18. മൃഗങ്ങളുടെ സഞ്ചാരം സുഗമമാക്കുന്നതിനായി സംസ്ഥാനത്തുടനീളം ചെറുകാട്ടിടങ്ങൾ, നദീതീര ഇടനാഴികൾ, വേലിപടർപ്പുകൾ, ജൈവവേലികൾ തുടങ്ങിയവ പരിപാലിക്കേണ്ടതിന്റെ പ്രാധാന്യവും ഗവേഷകർ എടുത്തു പറയുന്നുണ്ട്. വികസനശ്രമങ്ങളുടെ ഭാഗമായി ഇവ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും തദ്ദേശസർക്കാരുകൾക്ക് കാര്യമായ പ്രോത്സാഹനങ്ങൾ നൽകണം, കൂടാതെ ജൈവവൈവിധ്യത്തിന് പ്രയോജനപ്രദമാകുന്ന തരത്തിൽ ആവാസവ്യവസ്ഥയെ വികസിപ്പിക്കാൻ കഴിയുന്ന സ്ഥലങ്ങൾ കണ്ടെത്തുന്നതിനും മേൽനോട്ടം, പരിപാലനം, എന്നിവയുമായി ബന്ധപ്പെട്ട ജോലികൾക്കൊപ്പം ജൈവവൈവിധ്യസമിതികളെ പ്രാപ്തരാക്കുകയും ഇവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വേണം. മാലിന്യം തള്ളുന്ന സ്ഥലങ്ങളിൽ നിന്ന് മാലിന്യം നീക്കം ചെയ്തുകൊണ്ട് മാലിന്യശേഖരണ കാമ്പെയ്നുകൾ ആരംഭിക്കാം. ഈ ശ്രമങ്ങൾ ജീവിവർഗങ്ങളെ ഇനം തിരിച്ചുവേണം നടപ്പിലാക്കാൻ- പക്ഷികൾ, ചിത്രശലഭങ്ങൾ പോലുള്ള ഇനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പ്രധാനമാണ്- അങ്ങനെയെങ്കിൽ സംഘർഷസാധ്യതയേറിയ ഇനങ്ങൾ പെരുകില്ല.

19. കാടുകളിലേക്ക് അധിനിവേശ ജീവിവർഗങ്ങൾ (AIS) നടത്തുന്ന ആക്രമണം സസ്യഭുക്കുകൾക്കുള്ള തീറ്റയുടെ ലഭ്യതയുൾപ്പെടെയുള്ള ആവാസവ്യവസ്ഥാപ്രവർത്തനങ്ങളെ തകരാറിലാക്കുന്നു. വയനാട്ടിലെ

ചാരക്കൊന്നകളുടെ (Senna spectabilis) അധിനിവേശം, ആറളം വന്യജീവി സങ്കേതത്തിലെ കൈപ്പവള്ളി (mikania micrantha), നീലഗിരി ബയോസ്ഫിയർ റിസർവിലെ അരിപ്പൂച്ചെടി (lantana camera) എന്നിവയെല്ലാം നാടൻ ഭക്ഷ്യസസ്യങ്ങളുടെ സ്ഥാനം കൈയടക്കി. ഈ വാദത്തിന് പൊതുസമ്മതമില്ലെങ്കിലും, ഇപ്പോഴുള്ള അധിനിവേശ ജീവിവർഗങ്ങൾ പൊതുവെ പ്രാദേശിക ജൈവവൈവിധ്യത്തിന് ഹാനികരമായതും സങ്കീർണമായതുമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നുണ്ടെന്ന് ഞങ്ങളുമായി സംസാരിച്ച ഗവേഷകർ സമ്മതിച്ചു. ഈ സംഭവങ്ങളുടെ കൂടിച്ചേരലുകൾ കാടരികുകളിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിപ്പിക്കുന്നതിൽ നേരിട്ട് പങ്കുവഹിക്കുന്നു.

20. മനുഷ്യ-വന്യജീവിസംഘർഷപ്രശ്നങ്ങൾ ഉയർത്തിക്കാട്ടാൻ ശ്രമിക്കുന്ന സിവിൽസമൂഹം, കേരളത്തിലെ കാടുകളിലെ വലിയൊരു പങ്കം മൃഗങ്ങൾക്ക് തീറ്റ ലഭിക്കാത്ത തോട്ടങ്ങളാണെന്ന വസ്തുതയിലേക്ക് വിരൽചൂണ്ടുന്നുണ്ട്. തേക്കിൻതോട്ടങ്ങൾ വെട്ടിമാറ്റിയ ശേഷം അവ നിന്നിരുന്ന ഭാഗങ്ങളിൽ സ്വാഭാവിക വനസസ്യങ്ങൾ വളരാൻ അനുവദിക്കാനുള്ള വ്യക്തമായ തീരുമാനമുണ്ടാകണം. കാടിനുള്ളിൽ മൃഗങ്ങൾക്ക് നിരന്തരവും സുസ്ഥിരവുമായ ഭക്ഷണം ഉറപ്പാക്കാൻ ഇതിലൂടെ മാത്രമേ സാധിക്കു.

21. പല പഞ്ചായത്ത് അധ്യക്ഷരും വനംവകുപ്പ് ഉദ്യോഗസ്ഥരും പരാമർശിക്കുന്ന ഗൗരവമേറിയ മറ്റൊരു വിഷയം കാടരികുകളിലുള്ള absentee landlordism ആണ്. നഗരപ്രദേശങ്ങളിലോ വിദേശത്തോ സ്ഥിരതാമസമാക്കിയവർ വാങ്ങി, ഉപേക്ഷിക്കപ്പെട്ട നിലയിലുള്ള റബ്ബർ തോട്ടങ്ങളും മറ്റ് ഭൂമിയുമാണ് കാട്ടുപന്നി, പാമ്പ് തുടങ്ങിയ ജീവജാലങ്ങളുടെ സാന്നിധ്യത്തിന്റെ പ്രധാന കാരണം. ഉപേക്ഷിക്കപ്പെട്ട തോട്ടങ്ങളും തർക്കത്തിലകപ്പെട്ട ഭൂമികളുമൊക്കെ ഇതിൽപ്പെടും. ഈ സ്ഥലങ്ങളുടെ ഉടമകളെ ഈ പ്രദേശങ്ങൾ പതിവായി പരിപാലിക്കാൻ ബാധ്യസ്ഥരാക്കണം, അല്ലെങ്കിൽ പഞ്ചായത്ത് ഇവരിൽ നിന്ന് കനത്ത പിഴ ഈടാക്കണം. ഭൂമി നേരിട്ട് കൈകാര്യം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ, പ്രദേശവാസികൾക്ക് കൃഷിക്കായി പാട്ടത്തിന് നൽകാൻ അവരെ ബാധ്യസ്ഥരാക്കണം. കാടരികുകളിലുള്ള അനധികൃത സ്വത്തുക്കളിൽ പ്രവേശിക്കാനും,

ഭീമമായ പിഴയ്ക്ക് പുറമേ, അവയിലെ കാടുവെട്ടിമാറ്റാനുള്ള ചെലവും ഉടമകളിൽ നിന്ന് കൈപ്പറ്റാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം. എങ്കിലും, ചില ഒഴിവാക്കലുകളും ഉണ്ടാകണം. ഉദാഹരണത്തിന്, വന്യജീവിബാധിതപ്രദേശങ്ങളിലെ നിർധനരായ ആദിവാസി ഉടമകൾക്ക് ഇത് താങ്ങാൻ കഴിഞ്ഞെന്ന് വരില്ല. കേസുകളിൽ പെട്ട തോട്ടങ്ങൾ ഒഴിപ്പിക്കാൻ സംസ്ഥാന സർക്കാർ പഞ്ചായത്തുകളെ അനുവദിക്കുകയും അന്യായക്കാരിൽ നിന്ന് പിരിച്ചെടുക്കുന്ന പ്രത്യേകഫണ്ട് ഇതിനായി നൽകുകയും വേണം.

22. വനംവകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ഞങ്ങളുടെ അഭിമുഖത്തിൽ, ജീവനക്കാരുടെ കുറവും ആയുധങ്ങളുടെയും സഹായ സാമഗ്രികളുടെയും, ഉപകരണങ്ങളുടെയും കടുത്ത അഭാവത്തെക്കുറിച്ചുമുള്ള ആശങ്കകളുമാണ് അവർ ആവർത്തിച്ച് പങ്കുവച്ചത്. ചുമതലകളുടെയും വിഭവങ്ങളുടെയും വിഹിതവിതരണവും, അത്തരം വിഹിതങ്ങളുടെ ന്യായീകരണവും വ്യക്തവും സുതാര്യവുമായി അവതരിപ്പിക്കുകയും വേണം.

23. കാടരികുകളിലെ വിഭവങ്ങൾ പുറമേ നിന്നുള്ളവർ ചൂഷണം ചെയ്യുന്നതും, അമിതമായ പാറഖനനവും ഇന്ന് കേരളം നേരിടുന്ന വലിയ പ്രശ്നമാണ്. തിരുവനന്തപുരത്തെ മൂക്കുന്നിമല പോലുള്ള സ്ഥലങ്ങളിൽ നടത്തിയ ഗവേഷണത്തിൽ, വിപത്കരമായ ക്വാറിയുടെ ദീർഘകാല പ്രത്യാഘാതങ്ങൾ പ്രാദേശിക സമൂഹങ്ങളിൽ വ്യക്തമാണെന്ന് തെളിയിക്കുന്നുണ്ട്. പതിനഞ്ച് വർഷത്തിലേറെയായി തുടരുന്ന ക്വാറി പ്രവർത്തനം കാടിനെ പൂർണമായും നശിപ്പിക്കുകയും ചെറുകിട കൃഷി പ്രയാസകരമാക്കുന്ന തരത്തിലേക്ക് വന്യമൃഗങ്ങളുടെ തീവ്രമായ കടന്നുകയറ്റമുണ്ടാകുകയും ഗണ്യമായ ജലക്ഷാമത്തിലേക്ക് നയിക്കുകയും ചെയ്തു. അതിനാൽ, മനുഷ്യ-വന്യജീവി ഇടസ്ഥലങ്ങൾ കൂടുതൽ ഇടുങ്ങിയ അവസ്ഥയിലേക്ക് നയിച്ചേക്കാവുന്ന ക്വാറി, റോഡ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ തദ്ദേശപരിശോധനയ്ക്ക് വിധേയമാക്കണം. വ്യാവസായികപ്രവർത്തനങ്ങളെ ഊർജിതപ്പെടുത്താൻ തദ്ദേശ സ്ഥാപനങ്ങളുടെ ചട്ടങ്ങളിലും മാനദണ്ഡങ്ങളിലും അടുത്തിടെ വരുത്തിയ ഇളവുകൾ ഗൗരവത്തോടെ പുനഃപരിശോധിക്കേണ്ടതുണ്ട്. അനിയന്ത്രിതമായ ക്വാറിയും റോഡ് നിർമാണവും

അനുവദിക്കുന്നത്, വന്യജീവികൾ ജനവാസ മേഖലകളിലേക്ക് കൂടുതൽ കടന്നു കയറാനും, അതിലൂടെ കൃഷി പൂർണമായും അസാധ്യമാകാനും ഇടയാക്കും.

**കാടരികുവാസികൾ പറയുന്നത് കേൾക്കൂ!**

'ഞങ്ങൾ കുട്ടികളായിരിക്കുമ്പോൾ (ഇതു പറഞ്ഞ വ്യക്തിക്ക് ഏകദേശം അമ്പത് വയസ്സ് പ്രായമുണ്ട് ഇപ്പോൾ) ഇവിടുത്തെ ചെട്ടി സമൂഹം പശുക്കളെ മേയ്ക്കുന്നവരായിരുന്നു. എല്ലാ ദിവസവും, കഴുത്തിൽ മരത്തിൽ തീർത്ത മണി കെട്ടിയ, വലിയ കന്നുകാലിക്കൂട്ടങ്ങളെ കാടരികിൽ അവർ മേയാൻ വിടും. മണിയുടെ ശബ്ദം വളരെ ഉച്ചത്തിലുള്ളതായിരുന്നു, എല്ലാ മണികളും ഒരുമിച്ച് ശബ്ദിക്കുമ്പോഴുള്ള ശബ്ദം അതിലും ഉച്ചത്തിലുള്ളതായിരുന്നു. ഈ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ഒരു പ്രത്യേക തരം ശബ്ദാനുഭവമായിരുന്നു ഇത്. മനുഷ്യസാന്നിധ്യത്തിന്റെ സൂചനയായാണ് വന്യമൃഗങ്ങൾ ഇതിനെ തിരിച്ചറിഞ്ഞത്; അവർ ഈ ബഹളത്തിൽ നിന്ന് അകന്നു. അതുകൊണ്ട് തന്നെ കന്നുകാലികൾ മേയുന്ന സ്ഥലങ്ങളിൽ വന്യമൃഗങ്ങളുടെ കടന്നുകയറ്റം അധികമായിട്ടേയില്ല.

ഇപ്പോൾ അതൊന്നുമില്ല. കന്നുകാലികളുടെ മേച്ചിൽ വനംവകുപ്പ് നിരോധിച്ചു. ആ ശബ്ദം ഇല്ലാതായത് മൃഗങ്ങളിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാക്കിയിരിക്കണം. മനുഷ്യ ഇടത്തെയും അവരുടെ ഇടത്തെയും വേർതിരിക്കുന്ന വേലിയായി പ്രവർത്തിച്ചിരുന്ന ആ ശബ്ദം ഇല്ലാതായതോടെ ക്രമേണ മനുഷ്യ ഇടങ്ങളിലേക്ക് അലഞ്ഞുതിരിയാൻ പ്രേരിപ്പിക്കുന്ന മനഃശാസ്ത്രപരമായ മാറ്റങ്ങൾ അവരിൽ ഉണ്ടായിക്കാണും.' (ജോസ് മാത്യൂ (വയസ് 53) കാടരികു വാസി, നടവയൽ, വയനാട്). കാടരികുകളിൽ പതിവായുള്ള മനുഷ്യ ഇടപെടൽ, പ്രത്യേകിച്ച് വിറകും കാലിത്തീറ്റയും ശേഖരിക്കാൻ പോകുന്ന സ്ത്രീകളുടെ സാന്നിധ്യം, മൃഗങ്ങൾ മനുഷ്യസാന്നിദ്ധ്യത്തിന്റെ അടയാളമായി തിരിച്ചറിഞ്ഞിരുന്നുവെന്ന് നടവയലിലെ നാട്ടുകാർ ഓർക്കുന്നു. ഈ രീതികളൊന്നും ഇപ്പോൾ നിലവിലില്ല. കാടുകളിലേക്കുള്ള മനുഷ്യപ്രവേശനം വളരെ പരിമിതമായതോട് കൂടി മൃഗങ്ങൾക്ക് മനുഷ്യസാന്നിധ്യം അടയാളപ്പെടുത്തുന്ന സ്ഥിരസിഗ്നലുകൾ ലഭിക്കാതായി. ഇത് പലപ്പോഴും കൂടുതൽ സാധാരണയായി കാട്ടിലേക്കു പോകുന്ന ആദിവാസികൾക്കാണ് അപകടമായി മാറുന്നത്.

**നഗരജീവിതസാഹചര്യത്തിൽ മനുഷ്യ-വന്യജീവി ഇടസ്ഥലത്തെ അഭിസംബോധന ചെയ്യേണ്ടത്**

നേരത്തെ സൂചിപ്പിച്ചതു പോലെ, മനുഷ്യ-വന്യജീവിസംഘർഷമെന്ന പ്രശ്നവും മനുഷ്യ-വന്യജീവി ഇടസ്ഥലം സങ്കുചിതമാകുന്നുവെന്ന വിശാലപ്രശ്നവും ഗ്രാമത്തെ മാത്രം ബാധിക്കുന്നവയല്ല. അതുകൊണ്ട് തന്നെ നാഗരിക തദ്ദേശഭരണത്തിന്റെ ആസൂത്രണപ്രക്രിയകളിലേക്ക് ഈ വിഷയങ്ങളെ കാര്യമായിത്തന്നെ ഉൾച്ചേർക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ ലോകമെമ്പാടുമുള്ള നഗരസർക്കാരുകൾ ഇപ്പോൾ ഇതിനായി ശ്രമിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ വെളിച്ചത്തിൽ നഗര ആസൂത്രണവും ദുരന്ത സാധ്യതാലഘൂകരണവും നിർബന്ധമായും മനസ്സിലാക്കേണ്ടുന്ന ഒരു കാര്യം, മനുഷ്യർ ഇവിടെ നിലവിലുള്ള പതിനായിരക്കണക്കിന് ജീവിവർഗങ്ങളിൽ ഒന്ന് മാത്രമാണ് എന്നുള്ളതാണ്. മനുഷ്യനുവേണ്ടി മാത്രം ആസൂത്രണം നടത്തുന്നത് അസന്തുലിതമായ ആവാസവ്യവസ്ഥയെ സൃഷ്ടിക്കാൻ സാധ്യതയുണ്ട്. ഒടുവിൽ, അത് പതിയെ നമ്മളെയും സംരക്ഷിക്കാതെ വരും. അതുകൊണ്ട്, നഗരജീവിതത്തിന്റെ അതിജീവനത്തെപ്പറ്റി വിശാലമായ, ദീർഘകാലത്തെ നിഡബന്ധമായും കണക്കിലെടുക്കുന്ന, കാഴ്ചപ്പാട് മനസ്സിൽ വെച്ചുകൊണ്ട് മാത്രമേ ദുരന്തലഘൂകരണതയ്യാറെടുപ്പ് പദ്ധതികൾ വികസിപ്പിക്കാവൂ. നാഗരിക താപദ്വീപ് പ്രഭാവം (urban heat island effect), വാഹനഗതാഗതം, നിർമ്മാണപദ്ധതികൾ, വ്യാവസായിക ഇടങ്ങൾ, കാലാവസ്ഥാവ്യതിയാനം എന്നിവ കാരണം വർദ്ധിച്ച് വരുന്ന നഗരങ്ങളിലെ താപനില നിരവധി പ്രാണികൾ, ഉരഗങ്ങൾ, ഉഭയജീവികൾ, മൃഗങ്ങൾ എന്നിവയ്ക്ക് ഭീഷണിയാണ്.

കേരളത്തിൽ നഗരജീവിതസംസ്കാരം നാഗരപ്രാന്തങ്ങളിലേക്ക് അതിവേഗം വ്യാപിക്കുന്നു. ഉദാഹരണത്തിന്, നഗരപ്രദേശങ്ങൾ ഇപ്പോൾ കാടും കാടരികുകളും ഉള്ള പ്രദേശങ്ങൾക്ക് സമീപമായതിനാൽ ഈ പ്രദേശങ്ങളിലേക്ക് വന്യജീവികളുടെ കടന്നുകയറ്റം വളരെ സാധാരണമാണ്. എന്നിരുന്നാലും, നഗരജീവിതത്തെക്കുറിച്ചുള്ള പൊതുവായ സാമാന്യബോധം അതേപടി തുടരുന്നു: ഈ ബോധം വന്യജീവികളിൽ നിന്ന് പൂർണ്ണമായും ബന്ധമറ്റതും, വളരെ കാലഹരണപ്പെട്ടതുമാണ്. അതുകൊണ്ട് ഇവിടെ സൂചിപ്പിച്ചിരിക്കുന്ന

വെല്ലുവിളികളെ നേരിടാൻ നിർമ്മിക്കുന്ന ഏതൊരു നയചട്ടക്കൂട്ടും, നഗരപ്രദേശങ്ങളിലും ഈ വെല്ലുവിളികൾ പ്രത്യക്ഷമാകുമെന്നുള്ള ബോധം ഉൾക്കൊള്ളുംവിധമാകണം[14].

തുടർന്നുള്ള നിർദ്ദേശങ്ങൾ ഈ ഉദ്ദേശ്യത്തോടെയാണ് നൽകിയിരിക്കുന്നത്.

1. കേരളത്തിലെ നഗരഭൂപ്രകൃതിയിലെ ജന്തുജാലങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വളരെ കുറവാണ്. നഗരവികസനം അതിവേഗം സമീപപ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നുവെന്നത് നിലനിൽക്കെ, 2011ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ ജനസംഖ്യയുടെ 48 ശതമാനത്തോളം നഗരപ്രദേശങ്ങളിലാണ് താമസിക്കുന്നത്. ഇത് ജന്തുജാലങ്ങളെക്കുറിച്ചുള്ള ഡാറ്റയുടെ അഭാവത്തെ അഭിസംബോധന ചെയ്യുന്നതിന്റെ പ്രാധാന്യം വലുതാക്കുന്നു. നഗരപ്രദേശങ്ങളുടെ പാരിസ്ഥിതിക ഭൂപടങ്ങൾ പൗരപങ്കാളിത്തത്തോടെ ഉടനടി സൃഷ്ടിക്കേണ്ടതുണ്ട്. നഗരപ്രദേശങ്ങളിലെ ഹരിത ഇടങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് വർദ്ധിച്ച വിഘടനത്തിന്റേതാണ്. അത് തടയാൻ മരംമുറിക്കൽ, നിർമ്മാണപ്രവർത്തനങ്ങൾ, അടിസ്ഥാനസൗകര്യനിർമാണപദ്ധതികൾ അല്ലെങ്കിൽ സസ്യലതാതികളുടെ വൃത്തിയാക്കൽ എന്നിവയ്ക്കായുള്ള അപേക്ഷകൾ പാരിസ്ഥിതികഭൂപടങ്ങൾ ഉപയോഗിച്ച് വിശകലനം ചെയ്യണം.

2. നഗരങ്ങളിലെ ആവാസവ്യവസ്ഥയിൽ ഈ മൃഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല എന്നു പറഞ്ഞാൽ, അവ അവിടെ വഹിക്കുന്ന പങ്കിനെക്കുറിച്ച് ഒരു വിവരവും ലഭ്യമല്ല എന്ന് കൂടിയാണ് അർത്ഥമാകുന്നത്. ഫലവൃക്ഷങ്ങളിൽ പരാഗണം നടത്തുന്ന തേനീച്ചകൾ, ഇഴജന്തുക്കളെ പിടിക്കുന്ന കീരികൾ, ചെള്ളുകളെ ഭക്ഷിക്കുന്ന അണ്ണാന്മാർ, ഉഭയജീവികൾ, പ്രാണികൾ, പുഴുക്കൾ, ആർത്രോപോഡുകൾ തുടങ്ങി, കേരളത്തിലെ

[14] നാല് പതിറ്റാണ്ടുകാലം കേരളത്തിലെ വനമേഖലയിൽ പ്രവർത്തിച്ചതിന്റെ അനുഭവസമ്പത്തിൽ നിന്ന് ജെയിംസ് സക്കറിയാസ് ചൂണ്ടിക്കാണിച്ചതുപോലെ, ആന, കടുവ, ഇടയ്ക്കിടെ കാണാറുള്ള തേൻകരടി എന്നിവയൊഴികെയുള്ള സംഘർഷസാധ്യത ഉയർത്തുന്ന മൃഗങ്ങൾക്ക് (കാട്ടുപന്നി ഉൾപ്പെടെയുള്ളവ) കാടരികുകളൊഴികെ, കാടുമായി പ്രത്യേകിച്ച് ബന്ധമൊന്നും ഉണ്ടാകണമെന്നില്ല.

നഗര ആവാസവ്യവസ്ഥയെക്കുറിച്ചും അവ ഇപ്പോൾ നേരിടുന്ന ഭീഷണികളെയും കുറിച്ചും സമഗ്രമായ പഠനം ആവശ്യമാണ്. കാരണം, നമ്മളും അഭിമുഖീകരിക്കുന്ന ഭീഷണികളാണ് ഇവയെല്ലാം. ചിത്രശലഭങ്ങളും പക്ഷികളും പോലുള്ള മൃഗങ്ങളിൽ പലതും ജൈവസൂചകങ്ങൾ കൂടിയായതിനാൽ, നമ്മൾ ജീവിക്കുന്ന പരിസ്ഥിതിയുടെ ആരോഗ്യം മനസ്സിലാക്കാനും പ്രകൃതിദത്ത+മനുഷ്യനിർമിതദുരന്തങ്ങൾ ഉണ്ടാകുന്നതിന് മുമ്പ് അവയ്ക്കെതിരെ എങ്ങനെ തയ്യാറെടുക്കണമെന്ന് മനസ്സിലാക്കാനും ഇത് നമ്മെ സഹായിക്കും.

3. ഈ വിവരങ്ങൾ നഗരങ്ങളിൽ (അതിനുമപ്പുറവും) സംഭവിക്കുന്ന ആവാസവ്യവസ്ഥയുടെ നാശത്തെയും വിഘടനത്തെയും ചെറുക്കുന്നതിനായിട്ടുള്ള നഗരവന്യജീവിപദ്ധതികൾ (urban wildlife plan) തയ്യാറാക്കാനായി ഉപയോഗിക്കാം. മനുഷ്യർക്ക് പ്രകൃതിയോട് ഇണങ്ങി ജീവിക്കാനുള്ള മികച്ച ഇടം നഗരങ്ങളിലുണ്ട്. ഇത്, ഒരു സമൂഹമെന്ന നിലയിൽ ഈ പ്രപഞ്ചത്തിലെ മനുഷ്യേതര ജീവന്റെ പങ്കിനെക്കുറിച്ച് നാം എങ്ങനെ ചിന്തിക്കുന്നുവെന്നതിനെ രൂപപ്പെടുത്താൻ സഹായകമാകും.

4. നഗരഇടങ്ങളിലെല്ലാം പക്ഷിമൃഗാദികളുടെ അതിജീവനവും സഞ്ചാരവും സാധ്യമാക്കുന്നതിന് ചെറിയ കാട്ടിടങ്ങളെ പുനസ്ഥാപിക്കുന്നത് (rewilding) ഒരു ഘടകമാകാം. ഇത് പ്രാവർത്തികമാക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്കും വീടുകൾക്കും സബ്സിഡികൾ അല്ലെങ്കിൽ നികുതി ഇളവുകൾ നൽകാം. ഉദാഹരണത്തിന്, പക്ഷികൾക്ക് താമസിക്കാനും മുട്ടയിടാനും, ഉരഗങ്ങൾ, ഉഭയജീവികൾ, പ്രാണികൾ മുതലായവയ്ക്ക് ശല്യമില്ലാതെ ജീവിക്കാനുമുള്ള ഇടം നൽകുന്ന, അപ്പാർട്ട്മെന്റുകൾ അല്ലെങ്കിൽ കെട്ടിട പരിസരങ്ങൾ. നിബിഡവനങ്ങളുടെ അരികുകളിലുള്ള കൃഷിയിടങ്ങൾക്കു സമീപത്തും മറ്റുമുള്ള ചെറിയ വന്യസ്ഥലങ്ങളിൽ വ്യത്യസ്തമായ ഭൂപ്രകൃതികൾക്കിടയിലൂടെ മൃഗങ്ങൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുന്ന വന്യജീവി ഇടനാഴികൾ (wildlife corridor) സൃഷ്ടിക്കാൻ കഴിയും.

5. ഗ്രീൻകവറിന്റെ അളവ് കുറയ്ക്കാനിടവരുത്തുന്ന കെട്ടിടങ്ങളോ മറ്റ് ഘടനകളോ നിർമ്മിക്കുന്നത് തടയാനായി മരങ്ങൾ, കുറ്റിക്കാടുകൾ, വള്ളികൾ മുതലായവ നിറഞ്ഞ സർക്കാർഭൂമികളിലും പാർക്കുകളിലും നടക്കുന്ന പരിഷ്ക്കരണങ്ങൾ, നവീകരണം, അല്ലെങ്കിൽ നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയെ സൂക്ഷ്മമായി നിരീക്ഷിക്കണം. (ഇത് സംഭവിക്കുന്നില്ല എന്നതിന്റെ ഉത്തമ ഉദാഹരണമാണ് തിരുവനന്തപുരം നഗരത്തിലെ കനകക്കുന്നിന് എതിർവശത്തുള്ള കുട്ടികളുടെ പഴയ പാർക്ക്. നഗരമധ്യത്തിലുള്ള ഈ പാർക്ക് ചെറു മൃഗങ്ങളുടെയും പക്ഷികളുടെയും വിഹാരകേന്ദ്രമായിരുന്നു. 'സൗന്ദര്യവൽക്കരണ'ത്തിന്റെ പേരിൽ നടത്തിയ സമീപകാല നവീകരണങ്ങൾ രാവും പകലും, എല്ലാ സമയത്തും പ്രകാശപൂരിതമായി കത്തി നിൽക്കുന്ന കൂറ്റൻ കോൺക്രീറ്റ് ഘടനകളെ കൊണ്ടുവന്ന് ഒട്ടുമിക്ക ജീവികൾക്കും ആ ഇടം ഉപയോഗശൂന്യമാക്കി. കൂടാതെ അവിടുത്തെ മരങ്ങൾ വെട്ടിമാറ്റുകയും സമൃദ്ധമായ മണ്ണ് കോൺക്രീറ്റ് ടൈലുകൾ കൊണ്ട് മൂടുകയും ചെയ്തു.

6. കാൽനട/വാഹന ഗതാഗതം കൂടുതലുള്ള പ്രദേശങ്ങളിൽ അഭിവൃദ്ധിപ്പെടാത്ത സംഘർഷസാദ്ധ്യതയില്ലാത്ത മൃഗങ്ങൾക്കായി സംരക്ഷിതമേഖലകൾ സംസ്ഥാനസർക്കാർ സൃഷ്ടിക്കണം. ഇക്കാര്യത്തിൽ പരിചയമുള്ള സന്നദ്ധസംഘടനകളുടെ സഹായം സ്വീകരിക്കാവുന്നതാണ്. ഉദാഹരണത്തിന്, വിനോദസഞ്ചാരത്തിന്റെ പേരിലോ പരിപാലനത്തിന്റെ പേരിലോ ചെത്തിപ്പറിക്കാത്ത നേച്ചർ പാർക്കുകൾ നഗരത്തിനുള്ളിൽ സൃഷ്ടിക്കുക. സന്ദർശകർക്ക് അതിന്റെ ഒരു ഭാഗത്തേക്ക് മാത്രം പ്രവേശനം അനുവദിക്കുക, ബാക്കി ഭാഗത്തെ വെറുതെ ഇടുക. സമഗ്ര ശിക്ഷ കേരളവും കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് സ്കൂളുകളിൽ ചിത്രശലഭ ഉദ്യാനങ്ങൾ സൃഷ്ടിക്കുന്നത് ഇത്തരമൊരു ശ്രമമാണ്. ഈ ഇടങ്ങൾ ക്രമേണ ഹരിത ഇടങ്ങളായി (green space) മാറും. ഈ ഹരിത ഇടങ്ങൾ ജലസംഭരണികളായും വായു ശുദ്ധീകരണ സ്ഥലങ്ങളായും നഗരങ്ങളുടെ നടുവിൽ പ്രവർത്തിക്കും.

**സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് കാമ്പസിലെ നഗര പുനഃവനവത്ക്കരണം**

1970-കളിൽ തിരുവനന്തപുരം നഗരത്തിന് അരികിൽ നെൽപ്പാടത്തോട് ചേർന്നുള്ള കുന്നിൻചരുവിലാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ പന്ത്രണ്ട് ഏക്കർ കാമ്പസ് ആദ്യം വികസിപ്പിച്ചത്. ഈ സ്ഥലം വളരെ ഉയരത്തിലും മഴനിഴൽ പ്രദേശത്തുമായിരുന്നതിനാൽ, നഗരത്തിന്റെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് ഇവിടുത്തെ ഭൂമി വരണ്ടതും ചൂടുള്ളതുമായിരുന്നു. ലോറി ബേക്കറുടെ തച്ചുശാസ്ത്രം അവിടെയുണ്ടായിരുന്ന മരങ്ങളെ ഏറെക്കുറെ പൂർണമായി സംരക്ഷിക്കപ്പെടണം എന്നും കെട്ടിടനിർമാണത്തിനായി ഭൂമി നിരപ്പാക്കരുതെന്നും തീരുമാനിച്ചു. കാലക്രമേണ, കാമ്പസിലെ ജനസംഖ്യ വർധിച്ചതോടെ, സാധാരണ സംഭവിക്കാറുള്ള മാലിന്യപ്രശ്നവും, താപനിലവർദ്ധനയും, ജലക്ഷാമവുമെല്ലാം ഇവിടെയും അനുഭവപ്പെടാൻ തുടങ്ങി. തെരുവ്നായ്ക്കളുടെ വർദ്ധനവ് പ്രത്യേകിച്ച് പറയേണ്ടതുമില്ല.

ഇതോടെ 2006ൽ ക്യാംപസ് പരിപാലനത്തിന്റെ മൂലതത്വം മാറ്റി, 'പാരിസ്ഥിതിക പരിപാലനം' ആക്കി. അതിൽ കെട്ടിടങ്ങളുടെയും റോഡുകളുടെയും അറ്റകുറ്റപ്പണികൾക്ക് പുറമേ, ശരിയായ മാലിന്യശേഖരണവും സംസ്കരണവും, മരങ്ങൾ നട്ടുപിടിപ്പിക്കലും സംരക്ഷണവും, കുഴികളിലൂടെ മഴവെള്ള സംഭരണം, മാലിന്യം നിറഞ്ഞ പ്രദേശങ്ങളിലെ പരിസ്ഥിതി പുന:സ്ഥാപിക്കൽ, ക്യാമ്പസിൽ പാരിസ്ഥിതിക അവബോധം പ്രോൽസാഹിപ്പിക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകി.

കുറച്ച് വർഷങ്ങൾക്ക് ശേഷം ഇവയുടെ ഫലം പ്രത്യക്ഷമാകാൻ തുടങ്ങി - കാമ്പസ് ഇപ്പോൾ കുടിവെള്ളത്തിൽ ഏതാണ്ട് സ്വയം പര്യാപ്തമാണ്, വേനൽക്കാലത്ത് ഇവിടെ പകൽ താപനില അടുത്തുള്ള നഗരഹൃദയമായ ഉള്ളൂർ ജംഗ്ഷനിൽ റിപ്പോർട്ട് ചെയ്യുന്നതിനേക്കാൾ ശരാശരി ആറ് ഡിഗ്രി കുറവാണ്, ജൈവവൈവിധ്യം വളരെയധികം വർദ്ധിച്ചു, കീരികൾ, വെരുകുകൾ, അണ്ണാൻ, തവളകൾ, വിവിധതരം

പക്ഷികൾ തുടങ്ങി നിരവധി ജീവികളുടെ അഭയകേന്ദ്രമായി ക്യാമ്പസ് മാറി. പാമ്പുകളായിരുന്നു വെല്ലുവിളി- പ്രത്യേകിച്ച് തിരുവനന്തപുരത്ത് സർവസാധാരണമായ മൂർഖൻ പാമ്പുകൾ. എന്നിരുന്നാലും, വാസസ്ഥലങ്ങൾക്ക് ചുറ്റുമുള്ള ഇടങ്ങൾ പതിവായി വൃത്തിയാക്കൽ, ഭക്ഷണാവശിഷ്ടങ്ങൾ അനുചിതമായി സംസ്കരിക്കാത്തതിനെതിരെ കർശനമായ നടപടി (ഭക്ഷണാവശിഷ്ടങ്ങൾ എലിയെ ആകർഷിക്കും, എലികൾക്കു പിന്നാലെ പാമ്പുകളെയും ആകർഷിക്കും), പാരിസ്ഥിതിക അവബോധം വളർത്തൽ എന്നിവയിലൂടെ വർഷങ്ങൾ കൊണ്ട് പാമ്പുകളെ കാണുന്നത് ക്രമാതീതമായി കുറഞ്ഞിട്ടുണ്ട്.

ക്യാമ്പസിന്റെ ഒരു കോണിൽ ഏഴ് സെന്റ് വലുപ്പമുള്ള സ്ഥലം പൂർണ്ണമായും കാട് വളർത്താൻ മാറ്റിവെച്ചിട്ടുണ്ട്.- ഇത് മഴവെള്ളം മണ്ണിൽ താണിറങ്ങുന്നതിനെ ഏറെ സഹായിക്കുന്നുവെന്നതു മാത്രമല്ല, പാമ്പുകളുടെ വരവിനെ ഗണ്യമായി കുറയ്ക്കുകയും ചെയ്തു. ക്യാമ്പസിൽ ചിത്രശലഭങ്ങളുടെയും മിന്നാമിന്നികളുടെയും എണ്ണത്തിലുള്ള വർദ്ധനവും വൈവിധ്യവും ഒരു അധിക നേട്ടമാണ്. ഓരോ പുതിയ ബാച്ച് വിദ്യാർത്ഥികളും കാംപസിൽ താമസം തുടങ്ങുന്ന വേളയിൽത്തന്നെ അവർക്കായി ഇക്കോളജിക്കൽ ഓറിയൻറേഷൻ നടത്തുന്നു. ഇതിലൂടെ മനുഷ്യേതര ജീവിവർഗങ്ങളുമായി സമാധാനപരമായ സഹവർത്തിത്വം പരിശീലിക്കാൻ ഞങ്ങളുടെ വിദ്യാർത്ഥികളെ പ്രോൽസാഹിപ്പിക്കുന്നു.

7. നഗരങ്ങളിലെ ദീപാലങ്കാരങ്ങൾ, പ്രകാശസംവിധാനങ്ങൾ എന്നിവയുടെ സ്ഥാനം, ആവർത്തനം, പ്രകാശം, അവ നിർത്തിവെക്കേണ്ട ഇടവേളകൾ എന്നിവ നഗരവന്യജീവിവിദഗ്ധരുമായി കൂടിയാലോചിച്ച് വേണം നടപ്പിലാക്കാൻ. ഉദാഹരണത്തിന്: ചില പ്രത്യേക ഇനം ജീവികളുടെ ഇണചേരലിന് ഇരുട്ട്

ആവശ്യമാണ്. അങ്ങനെ വിരിയുന്ന കുഞ്ഞുങ്ങൾ പ്രകൃതിദത്ത പ്രകാശത്താൽ ശരിയായ ദിശയിലേക്ക് നയിക്കപ്പെടുകയും, അന്ധത ബാധിക്കാതിരിക്കുകയും ചെയ്യുന്നു.

8. പരമ്പരാഗതമായി ജലാശയങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന സമൂഹങ്ങൾക്ക് ജലാശയങ്ങളിന്മേൽ അധികാരം നൽകുന്നതിനോടൊപ്പം തണ്ണീർത്തടങ്ങളും നദീതീരങ്ങളും സംരക്ഷിത പ്രദേശങ്ങളുടെ കീഴിൽ കൊണ്ടുവരികയും അവയെ അതിലോലപാരിസ്ഥിതികമേഖലകളായി നിയന്ത്രിക്കുകയും ചെയ്യണം.

9. തടാകങ്ങളെ നഗരനീന്തൽക്കുളങ്ങളാക്കി പരിവർത്തനം ചെയ്യുന്നത് പോലുള്ള പരിപാടികൾ ഒഴിവാക്കുക. കാരണം, അവയെ 'ശുചീകരണത്തിന്റെയും അണുവിമുക്തമാക്കുന്നതിന്റെയും' പേരിൽ വിഷാംശമുള്ള ക്ലോറിൻ ഉപയോഗിച്ച് മലിനമാക്കുന്ന രീതി, തടാകങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന നൂറുകണക്കിന് പക്ഷികളുടെയും മത്സ്യങ്ങളുടെയും മറ്റ് മൃഗങ്ങളുടേയും ആവാസവ്യവസ്ഥയെ ഇല്ലാതാക്കുന്നു. കൂടാതെ, നൂറ്റാണ്ടുകളായി കുടിവെള്ളം, ശുചീകരണം, വിനോദം എന്നിവയ്ക്കായി ഈ തടാകങ്ങളെ ഉപയോഗിച്ചിരുന്ന ദരിദ്രരും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുമായ ഒരു ജനസമൂഹത്തെ തടാകങ്ങളിൽ നിന്നും പൂർണമായും അകറ്റി നിർത്തപ്പെടുന്നു.

10. സമൂഹം ഒരു മാനസികാരോഗ്യപ്രതിസന്ധിയെ, പ്രത്യേകിച്ച് കുട്ടികളിൽ വഷളായിക്കൊണ്ടിരിക്കുന്ന മാനസികാരോഗ്യത്തിന്റെ പ്രശ്നത്തെ, നേരിടുന്ന ഇക്കാലത്ത്, ഹരിത ഇടങ്ങൾ സൃഷ്ടിക്കുന്നത് പ്രാധാന്യമുള്ളതാണ്. പ്രകൃതിയുമായുള്ള സമ്പർക്കം പിരിമുറുക്കത്തെ കുറയ്ക്കുന്നതിനും മാനസികവും ശാരീരികവുമായ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നതായി കാണപ്പെടുന്നു. ഇത്തരം ഇടങ്ങളിലേക്ക് ഒരു ചെറിയ വിഭാഗം ജനങ്ങൾക്ക് മാത്രം പ്രവേശനം നൽകുന്നതിന് പകരം, അവയെ പൊതു ഇടങ്ങളാക്കി മാറ്റുന്നത് നഗരത്തിലെ പ്രകൃതിയെക്കുറിച്ചുള്ള നമ്മുടെ ചിന്തയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരും. മരങ്ങളും ഹരിത ഇടങ്ങളും മുറിക്കുന്നതിനുള്ള അനുമതി സോഷ്യൽ ഫോറസ്ട്രി വിഭാഗവുമായി ചേർന്ന് തീരുമാനിക്കുന്ന ട്രീ കമ്മിറ്റി

പോലുള്ള നിലവിലുള്ള നടപടിക്രമങ്ങൾ അവലോകനം ചെയ്യാനും നവീകരിക്കാനുമുള്ള ശ്രമം അടിയന്തിരമായി ആവശ്യമാണ്. നഗരം വാസയോഗ്യമാക്കാൻ ഹരിത ഇടങ്ങൾ നിർണായകമായതിനാൽ, നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിലൂടെ ഹരിത ഇടങ്ങൾ സംരക്ഷിക്കാനാകും. അങ്ങനെ അവ നഗരത്തെയും, മനുഷ്യരെയും മനുഷ്യേതര ജീവജാലങ്ങളെയും നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമായി കാണപ്പെടുകയും ചെയ്യും. ഹരിത ഇടങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട മേഖലകളിൽ നിന്നുള്ള വിദഗ്ധരുമായി ഒരു പ്രത്യേക സംവിധാനം ഉടനടി രൂപീകരിക്കുകയും നിയമനിർമ്മാണ നടപടികളിലൂടെ അത്തരം പ്രദേശങ്ങളിലേക്ക് നിർബന്ധിത സംരക്ഷണം ഏർപ്പാടാക്കുകയും വേണം. മരം മുറിക്കുന്നതിനുള്ള അഭ്യർത്ഥനകളോ പദ്ധതികളോ ഇപ്പോൾ പരസ്യപ്പെടുത്താറില്ല, മരങ്ങൾ മുറിച്ചുമാറ്റിയതിനു ശേഷം മാത്രമേ വെളിപ്പെടുന്നുള്ളൂ. കൂടാതെ, ജനാധിപത്യ നടപടികൾ ശക്തിപ്പെടുത്തണം: മരങ്ങൾ അനിയന്ത്രിതമായി വെട്ടിമാറ്റുന്നതിനെക്കുറിച്ചോ ഹരിത ഇടങ്ങൾ വെട്ടിത്തെളിക്കുന്നതിനെക്കുറിച്ചോ അവ സംരക്ഷിക്കുന്ന വ്യവസ്ഥകളുടെ ലംഘനങ്ങളെക്കുറിച്ചോ പൗരന്മാർക്ക് നേരിട്ട് പരാതികൾ നൽകാനുള്ള വഴികൾ സജ്ജീകരിക്കണം. ഉദാഹരണത്തിന്, അത്തരം ലംഘനങ്ങൾ / മനഃപൂർവം നശിപ്പിക്കൽ, സംസ്കരിക്കുന്നതിലൂടെയും / അല്ലെങ്കിൽ മാലിന്യം കത്തിച്ചുകളയുന്നതിലൂടെയും മരങ്ങൾക്കും ഹരിത ഇടങ്ങൾക്കുമുള്ള നാശനഷ്ടങ്ങൾ എന്നിവയ്ക്കെതിരെ പരാതിപ്പെടാൻ സ്മാർട്ട് ട്രിവാൻഡ്രം ആപ്പിൽ ഒരു ഫീച്ചർ ഉൾപ്പെടുത്തണം. നഗരത്തിന്റെയും നഗരവാസികളുടെയും മൊത്തത്തിലുള്ള ആരോഗ്യത്തിലും ക്ഷേമത്തിലും ഹരിത ഇടങ്ങളുടെ മൂല്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും അതു വ്യാപകമായി പ്രോത്സാഹിപ്പിക്കുന്നതിനും സിവിൽസമൂഹസംഘടനകളുമായുള്ള ഇടപഴകലും സഹകരണവും ഇനി ഒഴിവാക്കാൻ പാടില്ല.

11. നിലവിലുള്ള ട്രീ കമ്മിറ്റികൾക്ക് അകത്തും പുറത്തുമുള്ള വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത് ഇവയൊന്നും ഒട്ടും പ്രയോജനമില്ലാത്തവയെന്നാണ്. തീരുമാനങ്ങൾ നടപ്പിലാക്കാനോ പിഴ ചുമത്താനോ അവർക്ക് അധികാരമില്ല. മാത്രമല്ല, നഷ്ടപരിഹാരാർത്ഥം മരങ്ങൾ

നടണമെന്ന് മാത്രമേ അവർക്ക് ആവശ്യപ്പെടാൻ കഴിയൂ. ഈ കമ്മിറ്റികളുടെ നിയമ സാധുതയെക്കുറിച്ചും (legal sanctity) ചോദ്യങ്ങൾ ഉയർന്നിട്ടുണ്ട്. ഇത് ഈ ലോക്കൽ കമ്മിറ്റികൾ വിവക്ഷിക്കുന്ന ഉദ്ദേശലക്ഷ്യത്തെ തന്നെ പരാജയപ്പെടുത്തുന്നു. യഥാർത്ഥത്തിൽ, നിലവിലെ നിയമങ്ങൾ അനുസരിച്ച് മരം മുറിക്കുന്നതിനുള്ള അപേക്ഷകളെ നിഷേധിക്കുന്നത് മിക്കവാറും അസാധ്യമായതിനാൽ, ഇത് ഉയർന്ന തോതിലുള്ള വനനശീകരണം തന്നെ സാധ്യമാക്കുന്നു. ഈ കമ്മറ്റികളെ ചുറ്റിപ്പറ്റിയുള്ള മാനദണ്ഡങ്ങൾ പുനർരൂപകൽപ്പന ചെയ്യേണ്ടതുണ്ട്. അതിനാൽ, പരിസ്ഥിതിശാസ്ത്രജ്ഞർ, ഹോർട്ടികൾച്ചറിസ്റ്റുകൾ, സാമൂഹ്യശാസ്ത്രജ്ഞർ എന്നിവരുടെ വിപുലമായ ശാസ്ത്രീയ വിലയിരുത്തലുകൾക്ക് ശേഷം മാത്രമേ ഏതെങ്കിലും മരം മുറിക്കൽ, പ്രത്യേകിച്ച് പൂർണമായി വളർന്ന മരങ്ങൾ, ഹരിത ഇടങ്ങൾ എന്നിവയ്ക്ക് അനുമതി നൽകാവൂ.

12. റോഡുകളുടെയും ജലപാതകളുടെയും അറ്റകുറ്റപ്പണികളും നീളം കൂട്ടലും നടത്തുന്ന പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് മുതലായവ വകുപ്പുകളുടെ പദ്ധതികളും പ്രകൃതിയെ ഉൾക്കൊള്ളിച്ചുള്ളതാകണം. ദക്ഷിണേഷ്യയിലെ ഐപിസിസി പാനലിന്റെ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പ്രവചനങ്ങളെയും അവർ അഭിസംബോധന ചെയ്യണം.

13. നമ്മിൽ നിന്ന് വളരെ ദൂരെ സ്ഥിതി ചെയ്യുന്ന മഴക്കാടുകളെ പ്രകൃതിയായി സങ്കൽപ്പിക്കുന്നതിനു പകരം നമുക്ക് ചുറ്റുമുള്ള സസ്യജന്തുജാലങ്ങളുമായി ബന്ധമുണ്ടാക്കിയെടുക്കുന്നത് പ്രകൃതിയെ ബഹുമാനിക്കാനും ഈ ജീവവർഗങ്ങളെ സംരക്ഷിക്കാനും സഹായിക്കും. രാസവസ്തുക്കൾ ഉപയോഗിച്ച് മൃഗങ്ങളെ ഉന്മൂലനം ചെയ്യുകയും, അല്ലെങ്കിൽ മൃഗങ്ങളോട് ഭയത്തോടും വെറുപ്പോടും കൂടി പെരുമാറുകയും ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന ഒരു സമൂഹത്തിൽ വളരുന്നതിന് വിപരീതമായി, മൃഗങ്ങളുമായി ഇടപഴകാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നത് ദീർഘകാലാടിസ്ഥാനത്തിൽ പ്രകൃതിസൗഹൃദമനോഭാവങ്ങളെ വളർത്തും. മനുഷ്യേതരജീവലോകത്തെക്കുറിച്ചും മനുഷ്യരെയും മനുഷ്യേതരജീവലോകങ്ങളെയും

നിലനിർത്തുന്ന പരസ്പരാശ്രയത്വത്തെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന മൊഡ്യൂളുകൾ സ്കൂൾതലത്തിൽ നിർബന്ധമായും നടപ്പിലാക്കണം; കോളേജ്തലത്തിൽ, നഗരപരിസ്ഥിതി ആരോഗ്യം മുതലായ വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സുകളും ഇൻറേൺഷിപ്പുകളും ഡിഗ്രിതലവിദ്യാർത്ഥികൾക്ക് നിർബന്ധിതമാക്കണം.

14. നഗരപ്രദേശങ്ങളിൽ കീടനാശിനികൾ, കൃമിനാശിനികൾ, കളനാശിനികൾ, വളങ്ങൾ തുടങ്ങിയ രാസവസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുക. സംസ്ഥാനത്തെ ദശലക്ഷക്കണക്കിന് വീടുകളിൽ ഉപയോഗിക്കുന്ന എലിവിഷം മുതൽ കളനാശിനികൾ വരെയുള്ള എല്ലാത്തിനും പകരം പരിസ്ഥിതിസുരക്ഷിതങ്ങളായ ബദലുകൾ ക്രമേണ കണ്ടെത്താൻ കഴിയും.

15. അതാത് പ്രദേശത്തെ ജന്തുജാലങ്ങളുടെ എണ്ണം നിരീക്ഷിക്കുന്ന പ്രാദേശികപാരിസ്ഥിതികസമിതികൾ ഉണ്ടാക്കുക. അതുവഴി അവയുടെ എണ്ണവർദ്ധനവിലും ആരോഗ്യത്തിലും ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ച് നമുക്ക് ബോധവാന്മാരാകാൻ കഴിയും. ഇത് സംസ്ഥാനത്ത്, ജന്തുജന്യ രോഗങ്ങളുടെ വർദ്ധനവിനെ തടയുന്നതിനും ചികിത്സിക്കുന്നതിനും സഹായകമാകും.

**ട്രീ വാക്ക് (Tree Walk)**

റോഡുവീതികൂട്ടലുകളുടെയും നിർമാണപദ്ധതികളുടെയും പേരിൽ ആവർത്തിച്ചാവർത്തിച്ച് മരങ്ങൾ വെട്ടിമാറ്റുകയും ജൈവവൈവിധ്യമുള്ള ഹരിത ഇടങ്ങൾ വെട്ടിത്തെളിക്കുകയും ചെയ്യുന്ന സംഭവങ്ങളോടുള്ള പ്രതികരണമായി തിരുവനന്തപുരത്തെ പൗരസമൂഹം രൂപീകരിച്ച കൂട്ടായ്മയാണ് ട്രീ വാക്ക്. 2012-ൽ സ്ഥാപിതമായ ട്രീ വാക്ക് നഗരത്തിലെ ഹരിത ഇടങ്ങളുടെ ആവശ്യകതയെയും സംരക്ഷണത്തെയും കുറിച്ച് അവബോധം സൃഷ്ടിക്കുക മാത്രമല്ല, ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗങ്ങൾ വികസിപ്പിക്കുന്നതിനും വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും പ്രാദേശിക ഭരണകൂടം, വിദ്യാഭ്യാസ വകുപ്പ്, വനം വകുപ്പ് എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.

പേര് സൂചിപ്പിക്കുന്നത് പോലെ, തിരുവനന്തപുരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മരങ്ങളെ മനസ്സിലാക്കാനും നിരീക്ഷിക്കാനുമായി ആളുകളെ നടക്കാൻ കൊണ്ടുപോകുന്നത് അവരുടെ പ്രധാന പ്രവർത്തനരീതികളിൽ ഒന്നാണ്. കാമ്പസുകളിലെ ജൈവവൈവിധ്യം രേഖപ്പെടുത്തുന്നതിനായി നിരവധി സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികളുമായി അവർ പ്രവർത്തിച്ചിട്ടുണ്ട്.

നഗരവൃക്ഷങ്ങളെ അനിയന്ത്രിതമായി മുറിച്ചുമാറ്റുന്നതിനെതിരെ ഇടപെടലുകൾ സംഘടിപ്പിക്കുന്നതിന് പുറമേ, അസുഖ ബാധിതമായ മരങ്ങൾ, അല്ലെങ്കിൽ മാലിന്യം കത്തിക്കുന്നതുകൊണ്ടോ മരത്തൊലിയിൽ ബോർഡുകൾ സ്ഥാപിക്കാനായി കുറ്റിയടിക്കുന്നതുകൊണ്ടോ, വേരുകൾ സിമന്റ് ചെയ്യുതുകൊണ്ടോ നശിച്ചുതുടങ്ങുന്ന മരങ്ങൾ, ഇവയെ തിരികെ ആരോഗ്യത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങളും ഇവർ നടത്തുന്നുണ്ട്. ഈ മരങ്ങൾക്ക് കൂടുതൽ കേടുപാടുകൾ സംഭവിക്കില്ലെന്ന് ഉറപ്പുവരുത്താൻ കോർപ്പറേഷനുമായി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.
ചരിത്രപ്രസിദ്ധമായ അട്ടക്കുളങ്ങര സ്കൂളും, അവിടെയുള്ള നൂറുകണക്കിന് വർഷങ്ങൾ

പഴക്കമുള്ള അപൂർവമായ മരങ്ങളും സസ്യജാലങ്ങളും ഉള്ള സ്ഥലത്തെ ഒരു ഷോപ്പിംഗ് മാളും ബസ് ടെർമിനലും ആക്കി മാറ്റാനുള്ള ട്രിവാൻഡ്രം ഡെവലപ്മെന്റ് അതോറിറ്റിയുടെ (ട്രിഡ) ആഭിമുഖ്യത്തിലുള്ള നീക്കത്തിനെതിരെ, ട്രീ വാക്ക് മറ്റ് പരിസ്ഥിതി പ്രവർത്തകർക്കൊപ്പം ആ സ്ഥലം സംരക്ഷിക്കാൻ നിയമപരമായി നീങ്ങുകയും പ്രചാരണം നടത്തുകയും ചെയ്തു. ഇവരുടെ പ്രചാരണങ്ങളും പ്രതിഷേധങ്ങളും കാരണം 2013ൽ ഈ പദ്ധതി ഉപേക്ഷിച്ചു. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ, ഹരിത നഗര ഇടങ്ങളുടെ വൈവിധ്യവും പാരിസ്ഥിതികസേവനങ്ങളും രേഖപ്പെടുത്തുന്നത് അവരുടെ സമീപകാല പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

[അനിത എസ്, ട്രീ വാക്കിൽ നിന്നുള്ള വിവരങ്ങൾ ]

16. മനുഷ്യരുടെയും മറ്റ് മൃഗങ്ങളുടെയും ആരോഗ്യവും ക്ഷേമവും, ജന്തുജന്യ രോഗങ്ങളുടെ പ്രതിരോധവും അഭിസംബോധന ചെയ്യണമെങ്കിൽ നഗര കേന്ദ്രങ്ങളിലെ ഖരമാലിന്യ സംസ്കരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. നിരവധി മൃഗങ്ങളും പക്ഷികളും ഇപ്പോൾ നഗര തെരുവുകളിൽ കത്തുന്ന മാലിന്യക്കൂമ്പാരങ്ങളെ ഭക്ഷണസ്രോതസ്സായി ആശ്രയിക്കുന്നത് രോഗവും അണുബാധയും പടരാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

17. നഗരകേന്ദ്രങ്ങളിൽ 'സൗന്ദര്യവത്കരണ'ത്തിനായി ഒരേ വർഗത്തിലുള്ള വിദേശ-ഇറക്കുമതി മരങ്ങൾ നട്ടുപിടിപ്പിക്കുന്നതും പുൽത്തകിടികളും മറ്റും വെച്ചു പിടിപ്പിക്കുന്നതുമായ രീതിയെ പുനരാലോചിക്കേണ്ടതുണ്ട്. അവ പ്രാദേശിക ജീവിവർഗങ്ങൾക്ക് ഭക്ഷണമൊന്നും പ്രദാനം ചെയ്യുന്നില്ല, കൂടാതെ പാരിസ്ഥിതികമായി പൂർണമായും ഉപയോഗശൂന്യവുമാണ്. ഏറ്റവും മോശമായ അവസ്ഥയിൽ ഇവ പക്ഷികൾക്കും മൃഗങ്ങൾക്കും വിഷമായി മാറുകയോ അല്ലെങ്കിൽ പടർന്നു കയറി പ്രാദേശിക സസ്യജാലങ്ങൾക്ക് ഭീഷണിയാവുകയോ ചെയ്യുന്നു. വളരുന്നതിന്

രാസവസ്തുക്കളോ വെള്ളമോ അധികമായി ഉപയോഗിക്കേണ്ടതില്ലാത്ത, ഇവിടുത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ പ്രാദേശികവും പരമ്പരാഗതവുമായ ചെടികൾ, പൂച്ചെടികൾ, ഔഷധസസ്യങ്ങൾ തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. ട്രാഫിക് ഐലൻഡുകൾ, ഹൈവേ ഡിവൈഡറുകൾ, ചെറിയ പാർക്കുകൾ തുടങ്ങിയ ഇടങ്ങളിൽ ഇത് ചെയ്യാവുന്നതാണ്. നഗര കേന്ദ്രങ്ങളിൽ മിയാവാക്കി കാടുകൾ നട്ടുപിടിപ്പിക്കാനുള്ള ഇപ്പോഴത്തെ നീക്കം പക്ഷികളെയും പ്രാണികളെയും ചിത്രശലഭങ്ങളെയും ആകർഷിക്കാൻ കഴിയും, എന്നാൽ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി മിയാവാക്കി കാടുകൾ നട്ടുപിടിപ്പിക്കുന്നതോ അല്ലെങ്കിൽ പൂർണ്ണമായും വളർന്ന മരങ്ങളോ വന ഇടങ്ങളോ വെട്ടിമാറ്റിയതിന് നഷ്ടപരിഹാരമായി ഇവ നിർമിക്കുന്നതോ ദോഷകരമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മിയാവാക്കി വനങ്ങൾക്ക് നഗരങ്ങളിൽ നിലവിലുള്ള പച്ചപ്പിന്റെ കുറവ് നികത്താനോ പരിപൂർണത വരുത്താനോ കഴിയും, പക്ഷെ നിലവിലുള്ള പച്ചപ്പിന് പകരമാകാൻ കഴിയില്ല. കൂടാതെ, മിയാവാക്കി വനങ്ങൾ അധികം അളവിൽ വിഭവങ്ങൾ ആവശ്യമായവയാണ്. അതുകൊണ്ട്, നിലവിലുള്ള ഹരിത ഇടങ്ങളെ പരിപാലിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നതിനേക്കാൾ മുൻഗണന അവയ്ക്ക് നൽകരുത്.

18. നഗരപ്രദേശങ്ങളിൽ നാം കാണുന്ന പച്ചപ്പുകളിൽ ഭൂരിഭാഗവും അധിനിവേശ വർഗങ്ങളാണെന്നും നമ്മുടെ ശ്രദ്ധയില്ലായ്മ കാരണം അന്യസ്ഥലങ്ങളിൽ നിന്ന് ഇവിടെയെത്തിയതാണെന്നും അല്ലെങ്കിൽ ചില പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ഈ ഇനം ഇവിടെ അതിജീവിച്ചതാണെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. അധിനിവേശ കളനിർമ്മാർജ്ജനം നഗരപരിസ്ഥിതി പരിപാലനത്തിന്റെ സുപ്രധാനഭാഗമാകണം.

19. നഗരങ്ങളിലെ വൃക്ഷം-നടൽ പരിപാടികൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്യുകയും പരിപാലിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നുവെന്നും അവ പക്ഷികൾക്കും മറ്റ് ജീവികൾക്കും ഭക്ഷണ ലഭ്യത, താമസിക്കാനുള്ള സ്ഥലങ്ങൾ, കൂടുണ്ടാക്കാനുള്ള സ്ഥലങ്ങൾ മുതലായവ വർദ്ധിപ്പിക്കുന്നുവെന്നും ഉറപ്പാക്കുക. നിലവിലുള്ള മരങ്ങളെയും

ഹരിത ഇടങ്ങളെയും സമന്വയിപ്പിക്കുന്ന ഘടനകൾ രൂപകൽപ്പന ചെയ്യേണ്ടതിന്റെ ആവശ്യകത കെട്ടിടനിർമാണ ചട്ടങ്ങളിൽ അനുശാസിക്കണം.

20. കൂടാതെ, കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരളത്തിൽ മൃഗങ്ങളോടുള്ള അതിക്രമങ്ങളുടെയും ക്രൂരതകളുടെയും എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് തെരുവ്നായ്ക്കളുടെ കാര്യത്തിൽ. പ്രായപൂർത്തിയാകാത്തവർ പോലും ഇത്തരം സംഭവങ്ങളിൽ ഏർപ്പെടുന്നത് ഈ ഉപദ്രവമനോഭാവത്തിന്റെ തീവ്രതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. മൃഗങ്ങൾ 'നഗരങ്ങളിൽ ഉൾപ്പെടുന്നില്ല' എന്നും അവയെല്ലാം മനുഷ്യർക്ക് ഒരുപോലെ 'അപകടകരം' ആണെന്നുമുള്ള ഒരു ആഖ്യാനം നിരന്തരം കൊട്ടിഘോഷിക്കുന്ന കോർപ്പറേറ്റ് ലോബി പോലുമുണ്ട്. ഇത് രണ്ടും ഒരുമിച്ചാണ് സംഭവിക്കുന്നതെന്നത് യാദൃശ്ചികമല്ല. മൃഗസ്വഭാവത്തെപ്പറ്റിയും പെരുമാറ്റത്തെപ്പറ്റിയും ശാസ്ത്രീയമായ അറിവ് നൽകിക്കൊണ്ടാണ് ഇതിനെ പ്രതിരോധിക്കേണ്ടത്. കേരള വനംവകുപ്പ് എല്ലാ ജില്ലകളിലും പരിശീലനം ലഭിച്ച പാമ്പുപിടുത്തക്കാരെ നിയമിച്ചത് ഈ ദിശയിലുള്ള ഒരു നീക്കമാണ്. എന്നാൽ ഇനിയും ഇത്തരത്തിൽ നിരവധി വിദ്യാഭ്യാസ വിദഗ്ദരും അനുഭവജ്ഞരും മുന്നോട്ട് വരേണ്ടതിന്റെ ആവശ്യമുണ്ട്. അത്തരം പൊതുവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മുൻകൈയെടുക്കാൻ കഴിയും- എലികളുടെ എണ്ണം കുറയ്ക്കുന്നതിലും അതിലൂടെ പൊതുജനാരോഗ്യം സുരക്ഷിതമാക്കുന്നതിലും തെരുവ് നായ്ക്കൾ, പാമ്പുകൾ തുടങ്ങിയ മൃഗങ്ങൾ വഹിക്കുന്ന പങ്ക് പ്രസിദ്ധമാണ്. അതേ സമയം, തെരുവ് നായ്ക്കളുടേയും പൂച്ചകളുടെയും ജനസംഖ്യ പരിധിയിൽ കവിയാതെ നിലനിർത്തുന്നത് നഗരപ്രദേശങ്ങളിലെ ജൈവവൈവിധ്യം നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ് - അതിനാൽ തെരുവ് മൃഗങ്ങളെ സുരക്ഷിതമായി വന്ധ്യംകരണം ചെയ്യുന്നത് ഒരു മുൻഗണനയായിരിക്കണം.

21. തെരുവ് മൃഗങ്ങളോട്, പ്രത്യേകിച്ച് നായ്ക്കളോട് ജനങ്ങൾക്ക് പൊതുവായുള്ള വെറുപ്പും മോശമായ പെരുമാറ്റവും ഇല്ലാതാക്കുന്നതിലും, ഈ മൃഗങ്ങളുടെ സാന്നിധ്യം മനുഷ്യന്റെ ആരോഗ്യത്തിന് എന്തുമാത്രം പ്രാധാന്യം ചെലുത്തുന്നുവെന്ന് പൊതുജനങ്ങളെ

ബോധവത്കരിക്കുന്നതിലും തദ്ദേശസർക്കാരുകൾ പ്രധാന പങ്ക് വഹിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ പ്രവർത്തിക്കുന്ന ഒരു സിവിൽസമൂഹം ഇപ്പോൾ നഗരപ്രദേശങ്ങളിൽ സജീവമാണ്. പീപ്പിൾ ഫോർ ആനിമൽസ് എന്ന സംഘടന അടുത്തിടെ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച ഒരു നിവേദനത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ: ആരോഗ്യകരവും സൗഹൃദപരവുമായ നായകളുടെ എണ്ണം നിലനിർത്താൻ കമ്മ്യൂണിറ്റി ഫീഡിങ് വളരെ പ്രധാനമാണ്. ആളുകൾ തെരുവ് മൃഗങ്ങൾക്ക് ഭക്ഷണം നൽകുന്ന പ്രദേശങ്ങളിൽ തെരുവ് നായ്ക്കളുടെ കടി കുറയുന്നതായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന എൻജിഒകൾ അവകാശപ്പെടുന്നു. ഈ മൃഗങ്ങൾക്ക് ഭക്ഷണം കൊടുക്കുന്നത് ഇവരുടെ എണ്ണത്തിന്റെ കണക്കെടുപ്പ് നടത്താനും വീടില്ലാത്ത മൃഗങ്ങളുടെ ആരോഗ്യം നിരീക്ഷിക്കാനും ആളുകളെ പ്രാപ്തരാക്കും. മൃഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിൽ മുൻനിരയിൽ നിൽക്കുന്നവർക്ക് അവർ സ്ഥിരമായി ഭക്ഷണം നൽകുന്ന മൃഗങ്ങളുടെ കണക്ക് സൂക്ഷിക്കാനും അവയുടെ പ്രതിരോധകുത്തിവയ്പ്പും വന്ധ്യംകരണവും നടത്താനും സഹായിക്കാൻ കഴിയും. റെസ്റ്റോറന്റുകളിലും മറ്റ് ഭക്ഷണശാലകളിലും അവശേഷിക്കുന്ന ഭക്ഷണം തെരുവ് മൃഗങ്ങൾക്ക് നൽകുന്നതിന് ഉപയോഗിക്കാം. തദ്ദേശവാസികളെ ഉപയോഗിച്ച് കമ്മ്യൂണിറ്റി ഫീഡിംഗ് സെന്ററുകൾ ആരംഭിക്കുകയും അലഞ്ഞുതിരിയുന്ന മൃഗങ്ങൾക്ക് ഭക്ഷണം നൽകാൻ തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയും അവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക പിന്തുണയും സർക്കാർ നൽകുകയും വേണം. അവരവരുടെ പ്രദേശങ്ങളിലെ മൃഗങ്ങൾക്ക് ഭക്ഷണം നൽകാനും അവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനും റസിഡന്റ്സ് അസോസിയേഷനുകളെ പ്രോത്സാഹിപ്പിക്കണം. (p.3) എല്ലാറ്റിനുമുപരിയായി, ഗവൺമെന്റിന്റെ പ്രത്യേക പ്രോത്സാഹനങ്ങളോടെ, പ്രാദേശിക നാടൻ നായ്ക്കളെ ദത്തെടുക്കാൻ കുടുംബങ്ങളെയും വ്യക്തികളെയും പ്രോത്സാഹിപ്പിക്കണം.

## References


Barua, M, S A Bhagwat, S Jadhav. 2013. 'The Hidden Dimensions of Human-Wildlife Conflict: Health Impacts, Opportunity and Transaction Costs', *Biological Conservation* 157, 309-16.

Chattopadhyay, S, Krishna Kumar P, and K Rajalekshmi. (1999), 'Panchayat Resource Mapping to Panchayat-Level Planning in Kerala: An Analytical Study', Discussion Paper No. 14, Kerala Research Programme on Local-level Development, Thiruvananthapuram: Centre for Development Studies.

Devika J and S Mohanakumar, forthcoming, *Cronyism, Natural Resource Extraction, and Local Resistance: A Study of the Pallichal Panchayat*, Thiruvananthapuram, Thiruvananthapuram: Research Unit on Local Self-Government, Centre for Development Studies.

Dutta P K. 2018. 'Nipah Outbreak: How Hunger, Stress Among Flying Foxes Started Killing Humans', https://www.indiatoday.in/india/story/nipah-outbreak-how-hunger-stress-among-flying-foxes-started-killing-humans-1238773-2018-05-22, accessed 15 September 2020.

Easa PS, S Sankar. 2001. *Study on Man-Wildlife Interaction in Wayanad Wildlife Sanctuary*, Kerala, Peechi: KFRI.

Govind, S. K., & Jayson, E. A., 2018. 'Damage to Paddy (Oryza Sativa) by Indian Peafowl (Pavo Cristatus) near Chulannur Peafowl Sanctuary, Kerala, India', *Indian Birds* 14 (5): 149-50.

Govind, S. K., & Jayson, E. A., 2018a. 'Attack of Otter on Humans in Thrissur, Kerala, India' *IUCN Otter Spec. Group Bull*etin, 35(1) : 57-61.

Greger, Michael (2007) 'The Human/Animal Interface: Emergence and Resurgence of Zoonotic Infectious Diseases', *Critical Reviews in Microbiology*, 33:4, 243-299, DOI: 10.1080/10408410701647594

John, Haritha. 2019. https://india.mongabay.com/2019/10/preparedness-remains-inadequate-even-as-floods-become-an-annual-affair-in-kerala/ (accessed 11 August 2020).

Jojan, Alphonsa, Jasun Chelat, Neha Kurien, and Shyama Kuriakose. 2018. 'Re-building Kerala Post-Floods: Law and Policy Perspective', Live Law https://www.livelaw.in/rebuilding-kerala-post-floods-law-policy-perspective/ , accessed 11 August 2020.

Kalaivanan, N., Venkataramanan, R., Sreekumar, C. *et al.* 2011 'Secondary Phorate Poisoning of Large Carnivores in India'. *European Journal of Wildlife Research* 57**,** 191–194 . https://doi.org/10.1007/s10344-010-0433-6

Kelkar-Khambete, Aarti. 2015. https://www.indiawaterportal.org/articles/scarcity-amidst-plenty-keralas-drinking-water-paradox , accessed 11 August 2020.

Kerala State Action Plan on Climate Change (2014). http://envt.kerala.gov.in/wp-content/uploads/2019/10/Kerala-State-Action-Plan-on-Climate-Change-KSAPCC-2014-August.pdf (accessed 11 August 2020).'

Korakandy, Ramakrishnan. 2000. 'State of the Environment in Kerala: What Price the Development Model?' , *Economic and Political Weekly 35* (21), May, pp.1801-4.

Kumar, B.M., 2005. Land use in Kerala: changing scenarios and shifting paradigms? *Journal of Tropical Agriculture* 42 (1–2), 1–12.

Kumar, Ajith A K, A S Anoop Kumar. 2018. 'Deadly Nipah Outbreak in Kerala: Lessons Learned for the Future', *Indian Journal of Critical Care Medicine* 22(7):475, 11-12 DOI: 10.4103/ijccm.IJCCM_282_18

Kuriakose M, Regi Paul, M R Joseph, Sheela Sugathan, T N Sudha (2008) 'Leptospirosis in a midland rural area of Kerala State', *Indian Journal of Medical Research* 128(3):307-12.

Narayan V.A. 2019. 'Nipah virus outbreak in India: is it a bat-man conflict?' *International Journal of Community Medicine and Public Health* 6:1826-30

Narayanan, N C. 2003. *Against the Grain: Political Ecology of Land Use in a Kerala region, India*. Maastricht: Shaker Publishers.

Munivenkatappa, A., Sahay, R. R., Yadav, P. D., Viswanathan, R., & Mourya, D. T. (2018). Clinical & epidemiological significance of Kyasanur forest disease. *The Indian journal of medical research*, *148*(2), 145–150. https://doi.org/10.4103/ijmr.IJMR_688_17

onmanorama, 11 June 2020. https://www.onmanorama.com/news/kerala/2020/06/11/construction-sector-boost-quarrying-permit-not-needed-foundation.html (accessed 11 August 2020)

Oommen, M.A. 2019. 'The elephant in the room: histories of place, memory and conflict with wildlife along a southern Indian forest fringe'. *Environment and History* 25: 269-300.

Parayil, G. 1996. The 'Kerala model' of development: Development and sustainability in the Third World. *Third World Quarterly*, 17 (5), 941-957.

People for Animals. 2021. Submission to the Amicus Curae, Kerala High Court, not dated.

Pillai G M. 2018. https://www.thehindubusinessline.com/opinion/coming-to-terms-with-keralas-ecological-imbalance/article25478397.ece# (accessed 11 August 2020).

Purse, B. et al. 2020. Predicting disease risk areas through co-production of spatial models: the example of Kyasanur Forest Disease in India's forest landscapes. *PLoS Neglected Tropical Diseases* 17(4): e0008179.

Radhakrishnan, Sreejith. 2018. 'A Note on Wildlife Poisoning Cases from Kerala, South India', *European Journal of Wildlife Research* 64,58, pp.1-5.

Raman, K Ravi, 2010. '*Transverse Solidarity*: Water, Power, and Resistance', *Review of Radical Political Economics*, 42, no. 2 : 251-268.

Rohini CK, Aravindan T Das KSA, Ninayan PA. 2016. 'Patterns of Human-Wildlife Conflict and People's Perception Towards Compensation Program in Nilambur, Southern Western Ghats', India, *Conservation Science* 4, 1-10.

Sajeev T V and Alex C J. (2017) 'Mapping of Granite Quarries in Kerala, India: A critical mapping initiative', Paper presented during the Erudite Lecture Series of Prof. Madhav Gaadgil at School of Legal Studies, Cochin University of Science and Technology.

Shaji KA. 2020. https://india.mongabay.com/2020/07/as-assembly-election-nears-kerala-government-announces-environmentally-controversial-projects/ (accessed 11 August 2020)

Sheela AM, Ghermandi A, Vineetha P, Sheeja RV, Justus J, Ajayakrishna K (2017) Assessment of relation of land use characteristics with vector-borne diseases in tropical areas. Land Use Policy 63:369–380. https://doi.org/10.1016/j.landusepol.2017.01.047

Subair K. 2018. 'Citizen Participation in Risk Governance: Public Deliberations on Municipal Solid Waste Management in Kerala', Unpublished PhD thesis submitted to the Central University of Gujarat, Gandhinagar. http://hdl.handle.net/10603/247903 , accessed 14 September 2020.

Suresh, Lavanya., & Suchitra, M. (2021). *Suicidal resistance: Understanding the opposition against the Western Ghats conservation in Karunapuram, Idukki, Kerala*. Thiruvananthapuram: Centre for Development Studies

Srinivsan, Jeena T. 2010. 'Understanding the Kole Lands in Kerala as a Multiple Use Wetland Ecosystem', RUNLR Working Paper No. 5, Hyderabad: Centre for Economic and Social Studies. http://admin.indiaenvironmentportal.org.in/files/Understanding%20the%20Kole%20Lands%20in%20Kerala.pdf , accessed 15 September 2020.

The Hindu 2019. 13 August 2019. Radhakrishnan Kuttoor, https://www.thehindu.com/news/national/kerala/indiscriminate-quarrying-led-to-flood-peril-experts/article29087084.ece (accessed 11 August 2020)

--- 2019a. 21 August 2019. https://www.thehindu.com/news/national/kerala/as-rain-eases-govt-lifts-quarrying-ban/article29214996.ece (accessed 11 August 2020).

Unsigned, Undated. 'An Overview of Human-Wildlife Conflict in Kerala through Media Content Analysis'

Véron, R. (2000) Sustainability and the 'new' Kerala model. In *Kerala: The Development Experience: Reflections on Sustainability and Replicability,* ed. G. Parayil, pp. 212-229. Zed Books.

--- 2001. '"The "*New*" *Kerala Model*: Lessons for Sustainable Development,' *World Development* vol. 29(4), pages 601-617.

Veeramani A, Jayson EA, Easa PS. 1996. 'Man-Wildlife Conflict: Cattle-Lifting and Human Casualties in Kerala', *Indian Forester* Oct. pp. 897-903.

Vijayakumar K, Anish TS, Sreekala KN, Ramachandran R, Philip RR (2010) 'Environmental factors of households in five districts of Kerala affected by the epidemic of chikungunya fever in 2007'. *National Medical Journal of India*. 23(2):82-84.

Wallace, Robert.G and Rodrick Wallace. (2016) *Neoliberal Ebola: Modeling Disease Emergence from Finance to Forest and Farm*, NY: Springer.